വാർഷിക കണക്കുകളുടെ പരിശോധനയ്ക്ക് താഴെ ചേർത്തിരിക്കുന്ന രേഖകൾ /രജിസ്റ്ററുകൾ/പത്രികകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1. എല്ലാ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെയും പാസ്സ് ബുക്ക് /ബാങ്ക് സ്റ്റേറ്റ്മെന്റ് .

2. എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ബാങ്ക് ബുക്കുകൾ പ്രിന്റ് എടുത്തു സൂക്ഷിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് )ചട്ടങ്ങൾ 2011, ചട്ടം 6(5))

3. ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുന്നതിന് എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും 31/3/2017ലെ ബാങ്ക് നീക്കിയിരിപ്പ് സംബന്ധിച്ച് ബാങ്ക് അധികൃതരിൽ നിന്നുള്ള സാക്ഷ്യപ്പെടുത്തിയ കൺഫർമേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

4. എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും സാക്ഷ്യപ്പെടുത്തിയ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക - പ്രതിമാസം ബാങ്ക്/ട്രഷറി റീകൺസീലിയേഷൻ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 57)

5. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് )ചട്ടങ്ങൾ 2011, ചട്ടം 80)

6. 'ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-5 Secured Loans' പ്രകാരം 31/3/2017 ൽ തിരിച്ചടക്കാനുള്ള വായ്പയിനത്തിൽ 1,91,530 രൂപ ഉണ്ടെങ്കിലും വായ്പ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

7.'ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-7 Deposits received 'പ്രകാരം 31/3/2017 ൽ 44,84,123 രൂപ നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ ഇ.എം.ഡി /ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് )ചട്ടങ്ങൾ 2011, ചട്ടം 33(3))

8. 'ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-18 loans, advances and deposits' പ്രകാരം 31/3/2017ൽ 30,49,446 രൂപ തീർപ്പാക്കാൻ അവശേഷിക്കുന്ന മുൻകൂർ ആയി നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി 4 തീ. 17/11/2017 )

## 2-7 വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ച ശേഷം വ്യത്യാസപ്പെടുത്തി

വാർഷിക കണക്കുകൾ ജില്ലാ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച ശേഷം കണക്കിൽ തിരുത്തൽ വരുത്തിയതായി കാണുന്നു. ഓഡിറ്റ് സമയത്തുള്ള ലെഡ്ജർ അക്കൗണ്ട് പരിശോധനയിൽ, ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്കുകൾ പ്രകാരം 31/3/2017-ലെ നീക്കിയിരിപ്പുകളും, ലെഡ്ജർ നീക്കിയിരിപ്പുകളും തമ്മിൽ വ്യത്യാസം കാണുകയുണ്ടായി. എന്നാൽ തിരുത്തൽ വരുത്തിയ ശേഷമുള്ള പുതുക്കിയ വാർഷിക കണക്കുകൾ ജില്ലാ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. വ്യത്യാസമുള്ള ലെഡ്ജർ അക്കൗണ്ട് നീക്കിയിരിപ്പുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മാറ്റം വരുത്തിയ ശീർഷകം | ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്ക് പ്രകാരം 31/03/2017ൽ ലെഡ്ജർ നീക്കിയിരിപ്പ് വരേണ്ടത് | ഓഡിറ്റ് സമയത്ത് 'സാംഖ്യ 'സോഫ്റ്റ്വെയറിൽ പരിശോധന നടത്തിയപ്പോൾ 31/03/2017ൽ ലെഡ്ജർ നീക്കിയിരിപ്പ് |
|---|---|---|---|

| | | Dr | Cr | Dr | Cr |
|---|---|---|---|---|---|
| 1. | 130100101 - Rent from Building | | 2,67,070 | | 2,24,040 |
| 2. | 280200101 - Prior period rent from building | - | - | | 3,94,586 |
| 3. | 280200401 – Prior period incomes (other incomes) | 1,25,349 | | 2,60,358 | |
| 4. | 340100301- Contractors retention | | 3,90,356 | | 5,25,365 |
| 5. | 350410401- Advance collection of revenue - rent from building | | | | 500 |
| 6. | 430400101 – Rent receivable from building (Current) | 67,692 | | 1,67,738 | |
| 7. | 430400102 -Rent receivable from building (Arrear) | | | 2,52,010 | |

വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ച ശേഷം വ്യത്യാസം വരുത്താനുണ്ടായ കാരണം പരിശോധിച്ച് അറിയിക്കേണ്ടതും ആവശ്യമെങ്കിൽ പുതുക്കിയ വാർഷിക കണക്കുകൾ ജില്ലാ പഞ്ചായത്ത് അംഗീകരിച്ച് സെക്രട്ടറിയുടെ മേൽ പ്രകാരമുള്ള കുറിപ്പ് സഹിതം ഓഡിറ്റിന് സമർപ്പിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി -53 തീ 29/11/2017-മറുപടി ലഭ്യമാക്കിയിട്ടില്ല.)

## **2-8** സോഫ്റ്റ്വെയറിൽ തയ്യാറാക്കിയ കണക്കുകളിൽ ട്രയൽ ബാലൻസിന്റെ ആകെ തുക കണക്കാക്കിയതിൽ തെറ്റ്-അന്വേഷണം നടത്തുകയും സോഫ്റ്റ്വെയറിന്റെ സുരക്ഷിതത്വം ഉറപ്പ് വരുത്തുകയും ചെയ്യണം

ഓഡിറ്റിന് സമർപ്പിച്ച വാർഷികകണക്കുകളിൽ ട്രയൽ ബാലൻസിൽ 31/3/2017-ലെ ലെഡ്ജർ നീക്കിയിരിപ്പ്, ഡെബിറ്റ്-ക്രെഡിറ്റ് ബാലൻസുകളുടെ ആകെ തുക കണക്കാക്കിയതിൽ തെറ്റ് സംഭവിച്ചതായി കാണുന്നു.

| ക്രമ | വിവരങ്ങൾ | Closing balance (ട്രയൽ ബാലൻസ് |
|---|---|---|

| നം. | | കോളം 5ന്റെ തുക) | |
|---|---|---|---|
| | | Debit | Credit |
| 1 | ഓഡിറ്റിന് സമർപ്പിച്ച ട്രയൽ ബാലൻസ് പ്രകാരം | 216,53,65,193 | 216,53,65,193 |
| 2 | യഥാർത്ഥത്തിൽ വരുന്ന തുക | 86,17,51,198 | 86,17,51,198 |
| 3 | വ്യത്യാസം (1-2) | 130,36,13,995 | 130,36,13,995 |

സോഫ്റ്റ്‌വെയറിൽ ഫോർമുലകൾ ഉപയോഗിച്ച് യാന്ത്രികമായി തുക കണക്കാക്കുന്നതിൽ അരിത്തമെറ്റിക് തെറ്റ് സംഭവിച്ചിട്ടുള്ളത് ഗൗരവമായി കാണേണ്ടിയിരിക്കുന്നു. ഇത് 'സാംഖ്യ' സോഫ്റ്റ്‌വെയറിന്റെ കൃത്യതയിലോ, സുരക്ഷിതത്ത്വത്തിലോ ഉള്ള പാളിച്ചകളുടെ സൂചനയാകാം. ഇപ്രകാരം തെറ്റ് സംഭവിക്കുന്നതിന് കാരണം എന്താണെന്നും പ്രോഗ്രാമിലോ ഡാറ്റാബേസിലോ മാറ്റം വരുത്തപ്പെട്ടിട്ടുണ്ടോയെന്നും ഇത് സോഫ്റ്റ്‌വെയറിന്റെ ഏതെല്ലാം മേഖലകളെ ബാധിച്ചുവെന്നും തന്മൂലം കണക്കുകളുടെ കൃത്യതയേയും ഏതളവുവരെ സ്വാധീനിച്ചുവെന്നും സാങ്കേതിക തലത്തിൽ അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 2016-17 സാമ്പത്തികവർഷം ജില്ലാപഞ്ചായത്ത് 29.92 കോടി രൂപ ലാപ്സാക്കി

| ഫണ്ടിനം | തൻവർഷ അലോട്ടമെന്റ് | ചെലവ് | വർഷാവസാനം ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|
| പ്ലാൻ ഫണ്ട് ജനറൽ | 37,14,87,073/- | 29,04,36,646/- | 81050427 | 78.18 |
| എസ്.സി.പി | 19,55,26,185/- | 13,38,77,973/- | 61648212/- | 68.47 |
| ടി .എസ്.പി | 40,31,772/- | 1269150/- | 27,62,622/- | 31.48 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 12,35,55,393/- | 2,30,41,798/- | 100513595 | 18.65 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 8,38,82,952/- | 30657776 | 53225176 | 36.55 |
| ആകെ ലാപ്സായ തുക | | | 29,92,00,032/- | |

വികസന പ്രവർത്തനങ്ങൾക്കുതകുമായിരുന്ന 30 കോടി രൂപയോളമാണ് തൻവർഷം ലാപ്സാക്കി കളഞ്ഞത്. നിബന്ധനകൾക്ക് വിധേയമായി മാത്രമേ സ്പിൽ ഓവർ പ്രവൃത്തികൾക്ക് സർക്കാർ 2017-18 വർഷത്തിൽ വിഹിതം അനുവദിക്കുകയുമുള്ളൂ. മാത്രമല്ല വികസന പ്രവർത്തനങ്ങൾക്ക് കാലതാമസവും സംഭവിക്കുന്നു. സമയബന്ധിതമായി ഫണ്ട് ചെലവഴിക്കുന്നതിന് പഞ്ചായത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് ഇക്കാര്യം വ്യക്തമാക്കുന്നു.

## 3-2 തൻവർഷം ആസൂത്രണം ചെയ്ത മരാമത്ത് പ്രവൃത്തികളുടെ കാൽ ഭാഗം പോലും നടപ്പാക്കിയില്ല

എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം ആകെ ആസൂത്രണം ചെയ്ത 493 മരാമത്തു പ്രവൃത്തികളിൽ 128 എണ്ണം മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. അതായത് വാർഷിക പദ്ധതിയുടെ 26% ത്തോളം മാത്രം.
ചെലവു പത്രിക പ്രകാരം ആസൂത്രണം ചെയ്ത 174 റോഡുപണികളിൽ 51 എണ്ണത്തിലും 138 കെട്ടിട / അറ്റകുറ്റ മരാമത്തുപണികളിൽ 44 എണ്ണത്തിലും മാത്രമാണ് തൻവർഷം ചെലവു കാണുന്നത്.
ചെലവു പത്രിക പ്രകാരമുള്ള വിശദ വിവരം ചുവടെ പത്രികയായി ചേർക്കുന്നു.

| | റോഡ് | കെട്ടിടം | അറ്റകുറ്റം | കുടിവെള്ളം | കോളനി വികസനം | പാലം/ ബണ്ട് | എൽ.ഐ | ചുറ്റുമതിൽ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|---|---|---|
| പ്ലാൻ ചെയ്തത് | 174 | 61 | 77 | 42 | 63 | 18 | 16 | 6 | 36 | 493 |
| നടപ്പാക്കിയവ | 51 | 39 | 5 | 14 | 11 | 2 | 2 | 1 | 3 | 128 |
| ശതമാനം | 29 | 64 | 6.5 | 33 | 17.5 | 11 | 12.5 | 16.7 | 8.3 | 26 |

ഗ്രാന്റുകളും വിഹിതങ്ങളുമായി തൻവർഷം ആകെ വകയിരുത്തിയ 628783092/- രൂപയിൽ 125657521/- രൂപയാണ് ചെലവ്. അതായത് വകയിരുത്തിയതിന്റെ 20% മാത്രം. വികസന ഫണ്ട് വിഹിതത്തിന്റെ 25% വും തനതു ഫണ്ടിന്റെ 15.5% വും റോഡിതര മെയിന്റനൻസ് ഗ്രാന്റിന്റെ 3.3% വും റോഡ് മെയിന്റനൻസ് ഗ്രാന്റിന്റെ 15% വുമാണ് ചെലവ്.
മരാമത്തു പണികൾ തൻ വർഷം ഇത്രയേറെ മന്ദീഭവിച്ചതിന് നിർവ്വഹണ ഉദ്യോഗസ്ഥയും ജില്ലാപഞ്ചായത്ത് അധികൃതരും വിശദീകരണം നൽകേണ്ടതാണ്.

## 3-3 മരാമത്ത് പ്രവൃത്തികൾ അനന്തമായി നീളുന്നു.

2017-18 സാമ്പത്തിക വർഷത്തിൽ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച പദ്ധതികളിൽ 41,31,69,907/- രൂപയുടെ പദ്ധതികൾ സ്പിൽ ഓവർ പദ്ധതികളാണ്. ഇവയിൽ 2012-13 ലെ 2 പദ്ധതികൾ, 2013-14 വർഷത്തെ 69 പദ്ധതികൾ, 2014-15 വർഷത്തെ ഒരു പദ്ധതി, 2015-16 വർഷത്തെ 19 പദ്ധതികൾ, 2016-17 വർഷത്തെ 263 പദ്ധതികൾ എന്നിവ ഉൾപ്പെടുന്നു. ഇവയിൽ പലതും ഏകവർഷ പദ്ധതികളായി വിഭാവനം ചെയ്തവയാണ്. കോടിക്കണക്കിന് രൂപ ചെലവഴിച്ച പല നിർമ്മാണ പ്രവൃത്തികളും പാതി വഴിയിൽ മുടങ്ങിക്കിടക്കുന്നു. സിവിൽ വർക്കുകൾ പൂർത്തിയായ പല പ്രവൃത്തികളും കുടിവെള്ള സൗകര്യം, കറന്റ് കണക്ഷൻ തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്താത്തതിനാൽ ഉപയോഗിക്കാനാകുന്നില്ല. ആയതുകൊണ്ടുതന്നെ കെട്ടിടങ്ങൾ ഉപയോഗിക്കാൻ തുടങ്ങുമ്പോഴേക്കും അറ്റകുറ്റപ്പണികൾ നടത്തേണ്ട അവസ്ഥയാണ്. 2013-14 വർഷത്തിലെ പല പദ്ധതികളും ഇനിയും ആരംഭിക്കാൻ പോലും സാധിച്ചിട്ടില്ല.

വേണ്ടത്ര സൈറ്റ് പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുക, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു മുൻപ് ബന്ധപ്പെട്ടവരുമായി കൂടിയാലോചന നടത്താതിരിക്കുക, അനുയോജ്യമല്ലാത്ത സൈറ്റുകൾ തെരഞ്ഞെടുക്കുക, പദ്ധതികൾ തയ്യാറാക്കുന്നതിലും അംഗീകാരം നേടുന്നതിലും തുടങ്ങി ആസൂത്രണത്തിൽ വരുന്ന കാലതാമസം, കുടിവെള്ള സൗകര്യം, കറന്റ് കണക്ഷൻ തുടങ്ങി ഒരു കെട്ടിടം ഉപയോഗയോഗ്യമാക്കുന്നതിനുള്ള മുഴുവൻ ഇനങ്ങളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതിരിക്കൽ, ഫണ്ടുകൾ വിവിധ ഡിവിഷനുകൾക്ക് വിഭജിച്ച് നല്കുമ്പോൾ പദ്ധതികൾക്ക് ആവശ്യമായത്രയും ഫണ്ട് വകയിരുത്താൻ പറ്റാതെ വരുക, ചെറിയ പ്രൊജക്ടുകൾ പോലും ഏറ്റെടുക്കുന്നതുമൂലം സംഭവിക്കുന്ന പ്രൊജക്ടുകളുടെ ബാഹുല്യം, എസ്റ്റിമേറ്റ് തയ്യാറാക്കുക, സൂപ്പർവിഷൻ, ചെക്ക് മെഷർമെന്റ്, ബില്ലുകൾ തയ്യാറാക്കുക തുടങ്ങിയ പ്രവൃത്തികൾക്കാവശ്യമായ ഉദ്യോഗസ്ഥരുടെ അപര്യാപ്തത തുടങ്ങിയവയെല്ലാം ഇത്തരത്തിലുള്ള കാലതാമസത്തിനുള്ള കാരണങ്ങളാണ്.

15/2/17, 25/3/17 തുടങ്ങിയ തീയ്യതികളിലെ ജില്ലാ പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനങ്ങൾ പ്രകാരം മേൽ പ്രകാരമുള്ള പല കാരണങ്ങളാൽ 56 പദ്ധതികളാണ് റദ്ദ് ചെയ്യേണ്ടിവന്നത്. പദ്ധതികൾ തെരഞ്ഞെടുക്കുന്നതിലും, ആസൂത്രണം ചെയ്യുന്നതിലും, നടപ്പാക്കുന്നതിലും ജനപ്രധിനിധികളും ഉദ്യോഗസ്ഥരും കൂടുതൽ ജാഗരൂകരാകേണ്ടതും, പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ഉപയോഗയോഗ്യമാക്കുന്നതിനും, പദ്ധതിപ്പണം മുടങ്ങിക്കിടക്കുന്നത് ഒഴിവാക്കാനും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-4 2016-17 വർഷത്തെ പൂർത്തിയാകാത്ത പ്രവൃത്തികൾ 2017-18 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല

2013-14 വർഷത്തിൽ ആരംഭിച്ച്, 2016-17-ലും തുക ചെലവഴിച്ച് പൂർത്തിയാകാത്ത ചില പദ്ധതികൾ 2017-18-ലെ പദ്ധതിയിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | അടങ്കൽ | 16-17-ലെ ചെലവ് | ചെലവ് വിവരം |
|---|---|---|---|---|
| 1 | 127/17-അന്തിക്കാട് വനിതാ പരിശീലന കേന്ദ്രം | 5000000/- | 103070 | ട്രഷറിബിൽ നം. 23/2/17 |
| 2 | 54/17-കോടശ്ശേരി മാരാംകോട് സാംസ്കാരിക നിലയവും പകൽവീടും | 288853/- | 73830 | നം.19/24-12-16 Rs.70990 നം.20/24-12-16 Rs.2840 |
| 3 | 106/17- മലക്കപ്പാറ പെരുമ്പറ ST കോളനി കുടിവെള്ള പദ്ധതി | 2400000/- | 874397 | നം.40/6-3-17 |
| 4 | 56/17-കൊരട്ടി പഞ്ചായത്തിലെ ആറ്റപ്പാടം അന്നനാട് റോഡ് | 2068926 | 1523004 | നം.86/31-3-17 |
| 5 | 153/17-പുത്തൻചിറ ഗ്രാമ പഞ്ചായത്ത് SC ശ്മശാനം | 645000 | 20033 | നം.72/31-3-17 |
| 6 | 250/17- ഊരകം സബ് സെന്റർ കെട്ടിടം മുല്ലശ്ശേരി ഗ്രാ. പ. | 267734 | 100701 | നം.48/16-3-17 Rs.96886 നം.49/16-3-17 Rs.3815 |
| 7 | 251/17- മാന്ദ്ര PHCയിൽ OP ബ്ളോക്ക് നിർമ്മാണം | 266268 | 131800 | നം.50/16-3-17 Rs.126360 നം.51/16-3-17 Rs.5440 |

മേൽ പദ്ധതികൾ ഉപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതും, അല്ലാത്തപക്ഷം മേൽ പദ്ധതികൾ സ്പിൽ ഓവറായി 17-18ൽ ഉൾപ്പെടുത്താതിരുന്നതിന് കാരണം വ്യക്തമാക്കേണ്ടതുമാണ്. ബന്ധപ്പെട്ട ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-5 ടെന്ററിന്മേലുള്ള നിരതദ്രവ്യ നിക്ഷേപം, ഫീസ് എന്നിവയുടെ കേന്ദ്രിത അക്കൗണ്ട്- നിരീക്ഷണങ്ങൾ

ജില്ലാ പഞ്ചായത്തിലേക്കും ജില്ലാ പഞ്ചായത്ത് പരിധിയിലെ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും

ഇ-ടെന്റർ മുഖേന ലഭിക്കുന്ന നിരതദ്രവ്യനിക്ഷേപം, ടെന്റർഫീ എന്നിവ താൽക്കാലികമായി നിക്ഷേപിക്കപ്പെടുന്നത്, എൽ. എസ്. ജി.ഡി. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള കറൻറ് അക്കൗണ്ടിലാണ് (അക്കൗണ്ട് നം - 67250416573- എസ്.ബി.ഐ സിവിൽ സ്റ്റേഷൻ ശാഖ). ഈ അക്കൗണ്ടിൽ തൻവർഷം 11998464.50 രൂപ നീക്കിയിരിപ്പുണ്ട്. ഇതിലെ മുൻ വർഷ നീക്കിയിരിപ്പ് 14189820/- രൂപയായിരുന്നു. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിലെ [നം.കെ.എസ്.എ. ടി.എസ്.ആർ (ഡി.പി) 755/17 തി. 17.7. 17] ഖണ്ഡിക നം 3.53ൽ ടി അക്കൗണ്ടിലെ ഒന്നരക്കോടിയോളം വരുന്ന നീക്കിയിരിപ്പ്, അർഹതപ്പെട്ട പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലേക്ക് സമയബന്ധിതമായി കൈമാറണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ തൻവർഷ നീക്കിയിരിപ്പിൽ 2191356/- രൂപയുടെ കുറവുണ്ടായി എന്നതൊഴിച്ചാൽ ഒന്നേകാൽക്കോടിയോളം രൂപ 31.3.2017 ലും ടി അക്കൗണ്ടിൽ അവശേഷിക്കുകയാണ്.

ഗ്രാമ-ബ്ലോക്കു പഞ്ചായത്തുകൾക്കുള്ള കുടിശ്ശിക തുകകൾ ചെക്കു മുഖേനയോ ഇ-ട്രാൻസ്ഫർ വഴിയോ തൻവർഷം കൈമാറ്റം ചെയ്യാൻ തുടങ്ങിയെങ്കിലും ഇതു സംബന്ധിച്ച ചിട്ടയായ കണക്കുകളോ രജിസ്റ്ററുകളോ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയത്തിൽ സൂക്ഷിക്കപ്പെടുന്നില്ല. കറന്റ് അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ്, വിവിധ പഞ്ചായത്തുകളിൽ നിന്ന് ടെൻററഫീ ഡിമാന്റ് ചെയ്തു കൊണ്ടുള്ള ഏതാനും സ്റ്റേറ്റ്മെന്റുകൾ എന്നിവ മാത്രമാണ് ലഭ്യമായ രേഖകൾ. ചുരുക്കത്തിൽ ഈയിനത്തിലെ ഏക ആധികാരിക രേഖ ബാങ്ക് സ്റ്റേറ്റ്മെന്റ് മാത്രമാണ്. ആയതിന്റെ ബാങ്ക് കൺഫർമേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യവുമല്ല. നിരതദ്രവ്യനിക്ഷേപത്തിന്റെ കാര്യത്തിൽ ജില്ലാ പഞ്ചായത്തിലെ മരാമത്തു പ്രവൃത്തികൾ സംബന്ധിച്ച ടെന്റർ രജിസ്റ്റർ മാത്രമാണ് നിലവിലുള്ളത്. അക്കൗണ്ട് ട്രാൻസാക്ഷനുകൾ നിരീക്ഷിക്കുന്നതിനായി ചെക്ക് ഇഷ്യു രജിസ്റ്റർ/ ബാങ്ക് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണെന്ന് മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ (ഖ.3-53 iii) നിർദ്ദേശിച്ചിരുന്നെങ്കിലും ആയത് തൻവർഷവും പാലിക്കപ്പെട്ടിട്ടില്ല.

ഏതാനും തുടർ നിരീക്ഷണങ്ങൾ ചുവടെ ഉപഖണ്ഡികകളായി ചേർക്കുന്നു -

1) കറന്റ് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പിൽ വ്യത്യാസം

അക്കൗണ്ട് നം. 67250416573 പ്രകാരമുള്ള 2016-17 വർഷത്തിലെ ആകെ വരവ് 10405905/- രൂപയാണ്. ടി. തുകയിൽ ജില്ലയിലെ എല്ലാ ത്രിതല പഞ്ചായത്തുകളിലെയും നിരതദ്രവ്യം, ടെന്റർഫീസ് എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഇനം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല.

ബാങ്ക് സ്റ്റേറ്റ്മെന്റ്, ലഭ്യമായ സ്റ്റേറ്റുമെന്റുകൾ എന്നിവ പ്രകാരം തൻവർഷം ടി അക്കൗണ്ടിൽ നിന്നുള്ള ആകെ ചെലവിന്റെ/ ട്രാൻസ്ഫറിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു -

* മടക്കി നൽകിയ നിരതദ്രവ്യനിക്ഷേപം - 9795752
* ജില്ലാ പഞ്ചായത്തിന് കൈമാറിയ 2015-16 ലെ ടെന്റർ ഫീസ് - 1084500
* ബ്ലോക്ക് - ഗ്രാമ പഞ്ചായത്തുകളിലേക്ക് കൈമാറിയ ടെൻറർ ഫീസ് - 1046275
* വാറ്റ്, മറ്റിനങ്ങൾ, ഇനം വ്യക്തമല്ലാത്തവ - 1126797
ആകെ - 13053324

മേൽ വിവരങ്ങൾ പ്രകാരം തൻവഷം ടി. അക്കൗണ്ടിൽ വരേണ്ട നീക്കിയിരിപ്പ് 11542401/- രൂപയാണ് [14189820 +10405905 - 13053324]. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.3.2017-ലെ നീക്കിയിരിപ്പ് 11998464.50 രൂപയാണ്. 456063.50 രൂപയുടെ വ്യത്യാസത്തിന് വിശദീകരണം നൽകേണ്ടതാണ്.

2) ടെന്റർ രജിസ്റ്റർ പ്രകാരമുള്ള ജില്ലാ പഞ്ചായത്തിലെ വരവു ചെലവു വിവരങ്ങൾ സമഗ്രമല്ല

എഞ്ചിനിയറിങ്ങ് വിഭാഗത്തിലെ ടെന്റർ രജിസ്റ്റർ പ്രകാരം തൃശ്ശൂർ ജില്ലാ പഞ്ചായത്തിലെ 2016-17 വർഷത്തെ മരാമത്തു പ്രവൃത്തികളുടെ നിരതദ്രവ്യനിക്ഷേപം, ടെന്റർഫീ എന്നീ ഇനങ്ങളിലായി യഥാക്രമം 4863550/- രൂപയും 1006870/- രൂപയും വരവു വന്നിട്ടുണ്ട്. 2015-16 വർഷത്തെ ടെന്റർ ഫീസ് ഇനത്തിൽ 1084500/- രൂപ തനതു ഫണ്ടിലേക്ക് 3.8.16ന് ചെക്ക് ട്രാൻസ്ഫർ മുഖേന കൈമാറിയിട്ടുണ്ട് (ചെക്ക് നം. 397396/1. 8.16). ജില്ലാ പഞ്ചായത്ത് മരാമത്തുപ്രവൃത്തികളിന്മേൽ മടക്കി നൽകിയ നിരതദ്രവ്യത്തിന്റെ പ്രത്യേകമായ കണക്കുകൾ ലഭ്യമല്ല. ജില്ലാപഞ്ചായത്തിന്റെ ടെന്റർഫീ വിഹിതം, ആയതിലെ കിഴിക്കലുകൾ, നിരതദ്രവ്യ നിക്ഷേപത്തിന്റെ വരവുചെലവുകൾ എന്നിവ വർഷം തിരിച്ച് വ്യക്തമായി രേഖപ്പെടുത്തും വിധം ടെന്റർ രജിസ്റ്റർ പരിഷ്ക്കരിക്കുകയോ അനുബന്ധ രജിസ്റ്റർ സൂക്ഷിക്കുകയോ തത്തുല്യമായ സോഫ്റ്റ് വെയർ സംവിധാനത്തിന് രൂപം കൊടുക്കുകയോ

ചെയ്യേണ്ടതാണ്.

3) മറ്റ് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ വിഹിതം ആധികാരികമായി അക്കൗണ്ട് ചെയ്യപ്പെടുന്നില്ല

വിവിധ ബ്ലോക്ക് പഞ്ചായത്തുകളുടെയും ഗ്രാമ പഞ്ചായത്തുകളുടെയും ടെൻറർ ഫീസ് വിഹിതം, നിരതദ്രവ്യത്തിന്റെ വരവുചെലവു വിവരങ്ങൾ എന്നിവ സംബന്ധിച്ച യാതൊരു ആധികാരിക രജിസ്റ്ററും എക്സി. എഞ്ചിനിയറുടെ കാര്യാലയത്തിൽ നിലവിലില്ല. ടി. സ്ഥാപനങ്ങളിൽ നിന്ന് ടെന്റർഫീ ഡിമാന്റ് ചെയ്തു കൊണ്ടുള്ള കത്തുകൾ ലഭിക്കുന്ന മുറയ്ക്ക് ആയതിലെ വിവരങ്ങൾ കമ്പ്യൂട്ടറിലെ എക്സൽഷീറ്റിൽ രേഖപ്പെടുത്തുക മാത്രം ചെയ്ത് തുക ട്രാൻസ്ഫർ ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്. എക്സി.എഞ്ചിനിയറുടെ പേരിലെ ഒരേയൊരു കേന്ദ്രീകൃത അക്കൗണ്ട് മാത്രമേ നിലവിലുള്ളൂ എന്നതിനാൽ, വിവിധ സ്ഥാപനങ്ങളുടെ ടെന്റർ ഐഡി പ്രകാരം അതാതു സ്ഥാപനങ്ങളുടെ ഫീസ് വിഹിതം, നിക്ഷേപം എന്നിവ രേഖപ്പെടുത്തുന്ന രജിസ്റ്ററോ സോഫ്റ്റ് വെയർ സംവിധാനമോ ആവിഷ്കരിച്ച് നടപ്പാക്കാൻ വകുപ്പുതല നടപടികൾ കൈക്കൊള്ളേണ്ടതാണ്.

4) പണം പിൻവലിക്കലുകൾ, കൈമാറലുകൾ എന്നിവ ആധികാരികമല്ല

മേൽ അക്കൗണ്ടിൽ നിന്നുള്ള വിവിധയിനം പണമിടപാടുകൾ സംബന്ധിച്ച ആധികാരിക രേഖകൾ ലഭ്യമല്ല.

(i) കാഷ് ചെക്ക് നം. 397398/1. 8.16 പ്രകാരം 2690/- രൂപ പണമായി പിൻവലിച്ചിട്ടുണ്ട്. ചെക്ക് കൗണ്ടർഫോയിലിൽ VAT എന്ന് രേഖപ്പെടുത്തിയും കാണുന്നു. ടി. ചെലവിന്റെ നിജസ്ഥിതി വിശദീകരിക്കപ്പെടേണ്ടതാണ്.

(ii) ചെക്ക് ട്രാൻസ്ഫർ മുഖേന തൻവർഷം നടത്തിയ ചെലവുകളുടെ ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നമ്പർ | തീയ്യതി | ബാങ്ക് ഡെബിറ്റ് തീയ്യതി | തുക | സ്ക്രോൾ പ്രകാരമുള്ള നരേഷൻ | ചെക്ക് ലീഫ് കൗണ്ടർ പ്രകാരമുള്ള നരേഷൻ |
|---|---|---|---|---|---|---|
| 1 | 397395 | 12/07/2016 | 14/07/2016 | 58,735 | CHQ-TRFR | KCWWF-Tender |
| 2 | 397399 | 18/08/2016 | 19/08/2016 | 3,69,181 | CHQ-TRFR | Tender vat & Tender fee to pts |
| 3 | 397400 | 11/11/2016 | 15/11/2016 | 3,99,417 | TR TO ZERO AC | -do- |
| 4 | 397417 | 07/01/2017 | 09/01/2017 | 24,784 | DD TO CTO&KBOCWWF | DD to Vat & KCWWF |
| 5 | 397416 | 27/12/2016 | 11/01/2017 | 15,075 | CHQ-WDL-TR BY CHQ | CTO, Thrissur |
| 6 | 397406 | 15/12/2016 | 31/01/2017 | 11,905 | CHQ-WDL | -do- |
| 7 | 397431 | 31/01/2017 | 04/03/2017 | 23,760 | CHQ-WDL EXENGINEER-TRS | Vat for tender fee |

മേൽ ചെലവുകളുടെ നിജസ്ഥിതി രേഖാമൂലം ബോധ്യപ്പെടുത്തേണ്ടതാണ്. ഇത്തരമൊരു ഡെപ്പോസിറ്റ് അക്കൗണ്ടിൽ നിന്ന് കെട്ടിടനിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിലേക്ക് പണം അടവാക്കിയതായി

രേഖപ്പെടുത്തിയിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(iii) BULK NEFT LSGD എന്ന നരേഷനിൽ 1. 8.16 ന് 241600/- രൂപയും BULK NEFT ICDS എന്ന നരേഷനിൽ 17.8. 16ന് 108050 /- രൂപയും ഒരേ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 98556701641) ട്രാൻസ്ഫർ ചെയ്തിരിക്കുന്നു. ഇത് ഏത് അക്കൗണ്ടാണെന്നും മേൽ ട്രാൻസാക്ഷനുകൾ ഏതിനത്തിൽ നടത്തിയതാണെന്നും രേഖാമൂലം വ്യക്തമാക്കേണ്ടതാണ്.

5) സാലറി അക്കൗണ്ട് എന്ന നരേഷനിൽ തുക ട്രാൻസ്ഫർ ചെയ്തിരിക്കുന്നു.

2.12.16ന് DEBIT SALARY TRFR എന്ന നരേഷനു നേർക്ക് 113200/- രൂപ ട്രാൻസ്ഫർ ചെയ്തതായി ബാങ്ക് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതു സംബന്ധിച്ച മറ്റൊരു വിവരവും ലഭ്യമല്ല. ടി. ചെലവു സംബന്ധിച്ച രേഖാമൂലമുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി തുക നഷ്ടോത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 ആളൂർ ഗ്രാമ പഞ്ചായത്ത് - ഷാരടിക്കുളം ഉറുമ്പൻകുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി - 390687/- രൂപ കരാറുകാരന് അധികം നല്കി

പ്രോ.നം. 218/17, അടങ്കൽ - 1500000/-

M.B.No.451/13-14, ട്രഷറി ബിൽ ക്രമ നം.150/31-3-17, Rs.801821/-

കരാറുകാരൻ - T.A.Davis

പ്രസ്തുത പ്രവൃത്തിയുടെ ഫയൽ, എം ബുക്ക് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. യഥാർത്ഥത്തിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയായിരുന്ന പ്രസ്തുത പദ്ധതിക്ക് ആദ്യം പേര് നല്കിയത് "ഉറുമ്പൻകുന്ന് കുടിവെള്ള പദ്ധതി" എന്നായിരുന്നു. പിന്നീട് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 2/3/16-ലെ തീരുമാനപ്രകാരം ഇതിന് ഷാരടിക്കുളം- ഉറുമ്പൻകുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി എന്ന് പുനർനാമകരണം ചെയ്യുകയായിരുന്നു. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇതിന് സാങ്കേതികാനുമതി നല്കിയിരിക്കുന്നത്. എന്നാൽ എസ്റ്റിമേറ്റിൽ ഇറിഗേഷൻ പദ്ധതികളിൽ നിർബന്ധമായും വകയിരുത്തേണ്ട 10% ഗുണഭോക്തൃവിഹിതം വകയിരുത്തിയിരുന്നില്ല. (2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നം. 3-44 കാണുക)

2. ആളൂർ ഗ്രാമ പഞ്ചായത്ത് അസി. എഞ്ചിനീയർ 2013 DSR നിരക്കുകൾ പ്രകാരം തയ്യാറാക്കിയ 1500000/- രൂപയുടെ എസ്റ്റിമേറ്റിൽ മൂന്നാമത്തെ ഇനം 50mm (6kg/cm2) പൈപ്പ് 1200 മീറ്റർ നീളത്തിൽ സ്ഥാപിക്കുന്നതിനായിരുന്നു (Supplying and Fixng). ഇതിന് ഒരു മീറ്ററിന് 500/- രൂപ എന്ന നിരക്കായിരുന്നു നല്കിയിരുന്നത്. ആയത് ബ്ലോക്ക് അസി. എക്സി. എഞ്ചിനീയർ പരിശോധിച്ച് ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനീയർക്ക് സമർപ്പിക്കുകയും, ആയതിന് T.S.No.87/EE/LSGD/15-16 dt.18-2-15 പ്രകാരം സാങ്കേതികാനുമതി നല്കുകയുമായിരുന്നു.

3. 30/11/15 ൽ സമർപ്പിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം പൈപ്പ് ലൈൻ ഇടുന്ന പ്രവൃത്തി അധികരിച്ചതിനാൽ ചിലയിനങ്ങൾ ഒഴിവാക്കി, അതേസമയം അടങ്കലിൽ മാറ്റം വരുത്തിയിരുന്നുമില്ല. റിവൈസ്ഡ് എസ്റ്റിമേറ്റിനോടൊപ്പം 1102159/- രൂപയുടെ ആദ്യ പാർട്ട് ബില്ലും സമർപ്പിച്ചിരുന്നു. ഇതിൻമേൽ താഴെ പറയുംപ്രകാരം തുക അനുവദിച്ചു.

ആകെ പ്രവൃത്തി മൂല്യം - Rs.1102159.00

3% ടെണ്ടർ കുറവ് - Rs. 33065.00 Rs.1069094.00

limted to 75% - Rs. 801821.00

- vat 4% - Rs. 32073.00

- IT 1% - Rs.8018.00

- KCF - Rs.8018.00

to the contractor - Rs.753712/-

4. എന്നാൽ പിന്നീട് റിവൈസ്ഡ് എസ്റ്റിമേറ്റ് സൂക്ഷ്മ പരിശോധന നടത്തിയപ്പോൾ ഇനം മൂന്നിന് നല്കിയിരുന്ന നിരക്ക് 2013 DSR നിരക്കിനേക്കാൾ വളരെ ഉയർന്ന നിരക്കാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ ഇനത്തിന് മീറ്ററിന് Rs. 83.46 രൂപ എന്ന നിരക്ക് അംഗീകരിച്ച് റിവൈസ്ഡ് T.S. നല്കുകയുമായിരുന്നു. (T.S.No.87/EE/LSGD/13-14/dt.19-6-17). ആയതിനാൽ ആദ്യ പാർട്ട് ബില്ലിന് യഥാർത്ഥത്തിൽ തുക അനുവദിക്കേണ്ടിയിരുന്നത് താഴെ പറയും പ്രകാരമായിരുന്നു.

ആകെ പ്രവൃത്തി മൂല്യം - Rs.445539.00

- 3% ടെണ്ടർ കുറവ് - Rs.13366.00 = Rs.432173.00

- 10% ഗുണഭോക്തൃവിഹിതം - Rs.43217.00

- Vat 4% - Rs.17287.00

- IT 1% - Rs.4322.00

- KCF - Rs.4322.00

to the contractor - Rs.363025.00

കരാറുകാരന് അധികം നല്കിയത് - 390687/-

മേൽ തുക തെറ്റായ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ ആളൂർ പഞ്ചായത്ത് അസി. എഞ്ചിനീയർ, ആയത് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അംഗീകരിച്ച ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽനിന്നും തുല്യമായി ഈടാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. (എൻക്വയറി നമ്പർ 68/04-12-17).

## 3-7 <u>പെയിന്റിംഗിന് അധിക നിരക്ക് നൽകി **-387258/-** രൂപ നിരാകരിക്കുന്നു</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത്
നിർവ്വഹണ ഏജൻസി - എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിർമ്മിതി കേന്ദ്ര, തൃശ്ശൂർ

2016-17 വർഷം പൂർത്തീകരിച്ച ആശ്രയഭവനങ്ങളുടെ നിർമ്മാണം എന്ന പ്രവൃത്തിക്കായി നാളിതുവരെ 58996047/- രൂപ ചെലവഴിച്ചിട്ടുണ്ട്. ജിലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രസ്തുത പ്രവൃത്തികൾ തൃശ്ശൂർ നിർമ്മിതി കേന്ദ്രത്തെയാണ് ഏല്പിച്ചത്. എസ്റ്റിമേറ്റ് തയ്യാറാക്കിയതും, സാങ്കേതികാനുമതി നൽകിയതും നിർമ്മിതി കേന്ദ്ര തന്നെയാണ്. എസ്റ്റിമേറ്റുകൾ 2012ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം കരാറുകാരന്റെ ലാഭം ഒഴിവാക്കിയാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് എസ്റ്റിമേറ്റിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ Painting two coats with emulsion paint (SDB ഇനം 615) എന്ന പ്രവൃത്തിക്ക് ഡാറ്റ തയ്യാറാക്കിയതിൽ വന്ന അപാകതമൂലം അധിക നിരക്ക് അനുവദിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

SDB ഇനം 615ന് 2012ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം അനുവദിക്കാവുന്നത് താഴെ ചേർക്കുന്നു.

Painting two coats with ready mixed plastic emulsion paint including priming coat after rubbing with sand paper and cleaning the surface.

$10M^2$

Emulsion paint 1.15 litre - 234/litre – 269.10

L.S. sundries including brushes,

sand paper 0.62 litre –5.80/litre – 3.60

Painter 1.15 No. - 396/E – 455.40

728.01

Say - 728/10m$^2$

എന്നാൽ നിർമ്മിതി കേന്ദ്ര കണക്കാക്കിയ Data താഴെ പറയും പ്രകാരമാണ്.

Sub data (for priming coat)

Wall primer 1 litre 78.00/litre - 69.00

For brushes, etc., L.S. – 7.59

Labour 0.4 No. 396/E - 158.40

234.99

Main Data

Emulsion 1.15 litre 234/litre - 269.10

For brushes, etc., L.S. - 5.00

Painter 1.15 No. 396/E - 455.40

964.49

Say - 965/10m$^2$

SDB ഇനം 615ൽ priming coat കൂടി ഉൾപ്പെടുന്നതിനാൽ ഇതിന് വീണ്ടും പ്രത്യേകം ഡാറ്റ നൽകിയത് ക്രമപ്രകാരമല്ല. Priming Coat ഉൾപ്പെടാത്ത emulsion paintingന് 2 കോട്ട അടിക്കുന്നതിന് SDB ഇനം 615A പ്രകാരം 0.8 litre paint-ഉം, 0.8 Nos പെയിന്റർ കൂലിയും മാത്രമേ ആവശ്യമുള്ളൂ. Priming Coat കൂടി ഡാറ്റയിൽ ഉൾപ്പെടുത്തിയതുകൊണ്ടാണ് ഇനം 615ന് 1.15 litre പെയിന്റും 1.15 പെയിന്റർ കൂലിയും ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ഈ ഇനത്തിൽ താഴെ പറയും പ്രകാരം അധികം നൽകിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | MB No. | ഇനം | അളവ് m$^2$ GF+FF+SF | അനുവദിച്ചത് @965/ 10m$^2$ | അനുവദി ക്കാവുന്നത് @728/ 10m$^2$ | അധികം നൽകിയത് | ചെലവ് വിവരം |
|---|---|---|---|---|---|---|---|---|
| 1 | 89/17- മുള്ളൂർക്കര | 264A/ 14-15 | E3 | 3223.67 | 311084 | 234683 | 76401 | ട്.ബി.നം. 70/31-3-17 Rs.1113315/- |
| 2 | 53/17- കാട്ടകാമ്പാൽ | 91/ 15-16 | “ | 2509.06 | 242124 | 182660 | 59464 | ട്.ബി.നം. 82/31-3-17 Rs.1659885/- |
| 3 | 86/17- വരന്തരപ്പിള്ളി | 68/ 16-17 | “ | 2715.19 | 262016 | 197666 | 64350 | ട്.ബി.നം. 116/31-3-17 Rs.757738/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | 52/17- ചൂണ്ടൽ | 339/ 12D | " | 2952.81 | 284946 | 214965 | 69981 | ട്ര.ബി.നം. 78/31-3-17 Rs.1943004/- |
| 5 | 91/17- എടത്തിരുത്തി | 253/ 14-15 & 13/ 16-17 | " | 1777.2 | 171500 | 129380 | 42120 | ട്ര.ബി നം.107/31-3-17 Rs.516739/- |
| 6 | 211/17- മുണ്ടത്തിക്കോട് | 270/ 14-15 | " | 3162.08 | 305141 | 230199 | 74942 | ട്ര.ബിൽ നം.69/31-3-17 Rs.1166168/- |
| | ആകെ | | | | | | 387258/- | |

മേൽപ്രകാരം അധികം നല്കിയ തുക നിർവ്വഹണ ഏജൻസിയായ നിർമ്മിതി കേന്ദ്രയിൽനിന്നോ പദ്ധതി നടപ്പാക്കിയ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-8 കാട്ടൂർ പഞ്ചായത്തിലെ കാരാഞ്ചിറ മിനി എസ്റ്റേറ്റ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി- 1142630/- രൂപ ചെലവഴിച്ചു - പ്രവൃത്തികളൊന്നും നടന്നിട്ടില്ല

നിർവ്വഹണം - എക്സിക്യൂട്ടീവ് എഞ്ചിനീയർ

അടങ്കൽ - 3300000/-

ട്രഷറി ബിൽ നം. 83/31-3-17 – Rs.500000/-

" 85/ " Rs.642630/-

മേൽ പദ്ധതിയുടെ ഫയൽ (B3-3193/17) പരിശോധനക്ക് ലഭ്യമാക്കിയെങ്കിലും ഇതിൽ എസ്റ്റിമേറ്റ്, ടെണ്ടർ വിവരങ്ങൾ, ചെലവ് വിവരങ്ങൾ തുടങ്ങിയവയൊന്നും തന്നെയില്ല. പിൻവലിച്ച തുകയിൽ 500000/- രൂപ KSEB കാട്ടൂർ സെക്ഷനിൽ ഡെപ്പോസിറ്റ് ചെയ്യാനും, 642630/- രൂപ റോഡ് റെസ്റ്റൊറേഷൻ ചാർജ്ജിനത്തിലുമാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങളൊന്നുംതന്നെ ഫയലിൽ ലഭ്യമല്ല. എസ്റ്റിമേറ്റ്, ടെണ്ടർ വിവരങ്ങൾ, ചെലവ് വിവരങ്ങൾ, പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്നീ വിവരങ്ങൾ ലഭ്യമാക്കുന്നതുവരെ ചെലവു തുക 1142630/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 മറ്റത്തൂർ പഞ്ചായത്ത് കടമ്പോട് പകൽവീടും സാംസ്കാരിക നിലയവും- ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്റ്റ് നമ്പർ - 92/17

നിർവ്വഹണം - എക്സിക്യൂട്ടീവ് എഞ്ചിനീയർ

കരാറുകാരൻ - കെ.ടി.ജോണി

MB No. -714/15-16

ട്രഷറി ബിൽ നമ്പർ - 25/30-1-17 Rs.1470057/-

മറ്റത്തൂർ ഗ്രാമ പഞ്ചായത്തിൽ കടമ്പോട് എന്ന സ്ഥലത്ത് 2016-17 വർഷത്തിൽ 1470057/- രൂപ ചെലവഴിച്ച് താഴേയും മുകളിലുമായി ഒരു സാംസ്കാരിക നിലയവും പകൽവീടും പണിതിട്ടുണ്ട്. എന്നാൽ ഇലക്ട്രിഫിക്കേഷനും, പ്ലംബിംഗ് പ്രവൃത്തികളും, കുടിവെള്ള സൗകര്യവും ഇനിയും ഏർപ്പെടുത്താത്തതിനാൽ മേൽ കെട്ടിടങ്ങൾ ഉപയോഗപ്പെടുത്താനായിട്ടില്ല. മേൽ ഇനങ്ങൾ എസ്റ്റിമേറ്റിൽ ലംപ്സം തുകയായി ഉൾപ്പെടുത്തിയിരുന്നെങ്കിലും എം. ബുക്ക് പ്രകാരം ചെയ്തതായി കാണുന്നില്ല. ആയതിനാൽ പ്രസ്തുത കെട്ടിടം എത്രയും വേഗം അപാകതകൾ തീർത്ത് ഉപയോഗയോഗ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-10 പരിയാരം ഗ്രാമപഞ്ചായത്ത്-തുപ്പാപ്പിള്ളി പട്ടികജാതി വനിതാ ഉത്പാദന വിപണന കേന്ദ്രം -അപാകതകൾ.

നിർവ്വഹണം - എക്സിക്യൂട്ടീവ് എഞ്ചിനീയർ
പ്രോജക്ട് നമ്പർ 159/16-17
അടങ്കൽ -2500000
കരാർനമ്പർ- 208/EE/LSGD/dtd26.4.13
കരാറുകാരൻ -ജോജി വർഗ്ഗീസ്
പ്രവൃത്തി ആരംഭിച്ച തീയതി 7.1.14
കരാർ പ്രകാരം പൂർത്തീകരിക്കേണ്ടത്-31.3.14
യഥാർത്ഥത്തിൽ പൂർത്തിയായത്--10.6.14
ചെലവുവിവരം –
.DDNo164754 dtd.4.3.15 തുക - RS.699428

DDNo.947138 dtd.27.12.16 തുക-RS,399690

എം.ബി. നമ്പർ-160/12-13, 164/12-13

സിവിൽ പ്രവൃത്തികൾക്ക് 2000000/- രൂപയും, ഇലക്ട്രിക് പ്രവൃത്തികൾക്ക് 100000/- രൂപയും, ഫർണീച്ചർ വാങ്ങുന്നതിന് 400000/- രൂപയും ഉൾപ്പെടെ 2500000/- രൂപയുടെ എസ്റ്റിമേറ്റിനാണ് ഭരണാനുമതി നൽകിയിരിക്കുന്നത്. ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1) പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയതിന് സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.

2) 4%വാറ്റ് കോംപൗണ്ടിംഗ് സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല.

3) സിഡ്കോയിൽ നിന്നും 399690 രൂപയുടെ ഫർണീച്ചർ വാങ്ങിയിട്ടുണ്ട്. എന്നാൽ ഫർണീച്ചർ സ്റ്റോക്കിലെടുത്തതിന്റേയോ,വിതരണം ചെയ്തതിന്റേയോ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4) ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിക്കുള്ള തുക കൂടി പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി ചെയ്തതായി കാണുന്നില്ല. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി നടത്താതെ കെട്ടിടം ഉപയോഗിക്കാൻ കഴിയില്ല. അങ്ങനെ വരുമ്പോൾ നിഷ്ഫലമായ ചെലവായേ ഇതിനെ കാണാനാവൂ.

(ഓഡിറ്റ് എൻക്വയറി നമ്പർ 57 dtd.30.11.17). മുകളിൽ പറഞ്ഞ കാരണങ്ങളാൽ 16-17 വർഷത്തിൽ ചെലവഴിച്ച തുകയായ 399690/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 എസ്.സി. ആശ്രയ ഫ്ലാറ്റ് നിർമ്മാണം - ലക്ഷ്യം കൈവരിച്ചില്ല

ജില്ലാ പഞ്ചായത്തിനു കീഴിലെ 8 ഗ്രാമ പഞ്ചായത്തുകളിലായി നടപ്പാക്കിയ മേൽ പദ്ധതി ആശ്രയ വിഭാഗത്തിലുള്ള എസ്.സി.ഗുണഭോക്താക്കളെ ഉദ്ദേശിച്ചായിരുന്നു. ഈ പദ്ധതിയിൻകീഴിൽ 2016-17 ൽ താഴെ പറയും പ്രകാരം ഫ്ലാറ്റുകൾ നിർമ്മാണം പൂർത്തിയാക്കി നിർവ്വഹണ ഏജൻസിയായ നിർമ്മിതി കേന്ദ്ര ജില്ലാ പഞ്ചായത്തിന് താക്കോൽ കൈമാറിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നമ്പർ/ പഞ്ചായത്ത് | ആകെ ചെലവ് (നികുതികളടക്കം) | ഫ്ലാറ്റുകളുടെ എണ്ണം |
|---|---|---|---|
| 1 | 52/17-ചൂണ്ടൽ | 8506780 | 12 |
| 2 | 53/17-കാട്ടകാമ്പാൽ | 6981186 | 7 |
| 3 | 86/17-വരന്തരപ്പിള്ളി | 6448403 | 8 |

| | | | |
|---|---|---|---|
| 4 | 88/17-കൊരട്ടി | 7754566 | 12 |
| 5 | 89/17-മുള്ളൂർക്കര | 7519591 | 11 |
| 6 | 90/17-എരുമപ്പെട്ടി | 7619232 | 11 |
| 7 | 91/17-എടത്തിരുത്തി | 6563074 | 6 |
| 8 | 211/17-മുണ്ടത്തിക്കോട് | 7603215 | 11 |
| | ആകെ | 58996047 | 78 |

മേൽ പ്രകാരം നിർമ്മിച്ച 78 ഫ്ലാറ്റുകളിൽ കേവലം 22 എണ്ണത്തിലേക്ക് മാത്രമാണ് ആശ്രയ എസ്.സി. ഗുണഭോക്താക്കളെ കണ്ടെത്താനായിട്ടുള്ളത്. കൊരട്ടി ഗ്രാമ പഞ്ചായത്തിലെ 12 ഫ്ലാറ്റുകളിൽ 10 എണ്ണത്തിലും, എരുമപ്പെട്ടി ഗ്രാമ പഞ്ചായത്തിലെ 11 ഫ്ലാറ്റുകളിൽ 10 എണ്ണത്തിലും, എടത്തിരുത്തി ഗ്രാമ പഞ്ചായത്തിലെ 6 ഫ്ലാറ്റുകളിൽ 2 എണ്ണത്തിലും മാത്രമാണ് നാളിതുവരെയായി ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുള്ളത്. ഇവർ തന്നെ ആശ്രയ എസ്.സി. ഗുണഭോക്താക്കളാണോ എന്ന് ഉറപ്പ് വരുത്താനായിട്ടില്ല.

മാത്രമല്ല, മുണ്ടത്തിക്കോട് ഫ്ലാറ്റിൽ വെള്ളമോ, ശരിയായ വഴിയോ ഇല്ല. ചൂണ്ടൽ പഞ്ചായത്തിലെ ഫ്ലാറ്റിലും വെള്ളമില്ലാത്ത അവസ്ഥയാണ്. എടത്തിരുത്തി ഗ്രാമ പഞ്ചായത്തിലെ 4 ഫ്ലാറ്റുകൾ ആശ്രയ എസ്.സി ഗുണഭോക്താക്കൾക്കല്ല അനുവദിച്ചിട്ടുള്ളത്.
അരിമ്പൂർ ഗ്രാമപഞ്ചായത്തിൽ ആശ്രയ എസ്.സി. ഫ്ലാറ്റ് നിർമ്മാണത്തിനായി നിർവ്വഹണ ഏജൻസിയായ നിർമ്മിതി കേന്ദ്രയ്ക്ക് 17.04.13ന് ഡി.ഡി. നം. 815984 പ്രകാരം 14,40,000/- രൂപ നൽകിയെങ്കിലും പ്രസ്തുത പദ്ധതിക്ക് സ്ഥലം കണ്ടെത്താൻ സാധിക്കാത്തതിനാൽ പദ്ധതി ഇനിയും നടപ്പാക്കാനായിട്ടില്ല. പദ്ധതി നടപ്പാക്കാൻ സാധിക്കുന്നില്ലെങ്കിൽ മേൽ തുക നിർമ്മിതി കേന്ദ്രയിൽ നിന്നും തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

അർഹരായ ഗുണഭോക്താക്കളെപ്പോലും കണ്ടെത്താതെ, അടിസ്ഥാന സൗകര്യങ്ങൾ പോലും ഉറപ്പ് വരുത്താതെ ഇത്തരത്തിൽ തുക ചെലവഴിച്ചത് ഫണ്ടിന്റെ ദുരുപയോഗമായി മാത്രമേ കണക്കാക്കാനാകൂ.

## 3-12 അവിയൂർ പനന്തറ കോളനി കുടിവെള്ള പദ്ധതി -അപാകതകൾ

പ്രോജക്റ്റ് നമ്പർ – 69/17

കരാർ നമ്പരും തിയ്യതിയും – 148/EE/LSGD/dtd 12.12.2014

കരാറുകാരൻ -- സന്തോഷ് ജാക്ക്

അടങ്കൽ – 2090000

ചെലവ് – Rs.739155 (treasury bill no. 14/17dtd. 24.12.16),
Rs. 606042 (Treasurybill no. 127/16, dtd. 31.3.17)

സൈറ്റ് കൈമാറിയ തിയ്യതി – 19.12.14

കരാർ പ്രകാരം പൂർത്തീകരണ തിയ്യതി – 18.3.16

യഥാർത്ഥത്തിൽ പൂർത്തിയായ തിയ്യതി – 10.3.17

എം.ബി നമ്പർ – 334/14-15

മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) ഇനം നമ്പർ 3 പ്രകാരം 17.34m3 'earth work excavation in ordinary soil and depositing with...etc complete" നടത്തിയിട്ടുണ്ട്. കുഴിച്ചെടുത്ത മണ്ണിന്റെ വില ബില്ലിൽ കുറവുചെയ്തതായി കാണുന്നില്ല. (മണ്ണ് എന്തുചെയ്തുവെന്ന് എം.ബിയിൽ രേഖപ്പെടുത്തിയിട്ടില്ല. മണ്ണിന്റെ വില കരാറുകാരനിൽ നിന്നും

ഈടാക്കേണ്ടതാണ്).

2) ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് പ്രകാരം 7.5 H.Pമോട്ടോർ പമ്പ്സെറ്റ്,പാനൽ ബോർഡ്, പവർ അലോക്കേഷൻ ചാർജ് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തികൾ ചെയ്തുകാണുന്നില്ല.

3) പദ്ധതി നടത്തിപ്പ് ആരംഭിക്കാത്തതിനാൽ ടി പദ്ധതി റദ്ദ് ചെയ്യുവാൻ 15.2.17ലെ ജില്ലാപഞ്ചായത്ത് കമ്മിറ്റി ഒന്നാം നമ്പരായി തീരുമാനം എടുത്തിട്ടുണ്ട്. എന്നാൽ ഇതിനുശേഷം 31.3.17 ലെ 127/16 നമ്പർ ട്രഷറി ബിൽ പ്രകാരം 606042 രൂപ ടി പ്രവൃത്തിക്ക് വേണ്ടി അനുവദിച്ചിട്ടുണ്ട്. ഇങ്ങനെ തുക അനുവദിക്കുന്നതിന് പഞ്ചായത്തു കമ്മിറ്റി തീരുമാനം എടുത്തിട്ടില്ല. റദ്ദ് ചെയ്യാൻ തീരുമാനമെടുത്തതിനു ശേഷം തുക ചെലവഴിക്കാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-13 എസ്.സി.പി. ഫണ്ടുപയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള കെട്ടിടങ്ങൾ - പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടില്ല

പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി വിഭാവനം ചെയ്യുന്ന പല പദ്ധതികളും ലക്ഷ്യം കൈവരിക്കുന്നില്ല. വിവിധ വർഷങ്ങളിലായി പണി പൂർത്തീകരിച്ചിട്ടുള്ള താഴെപറയുന്ന കെട്ടിടങ്ങൾ ഇപ്പോഴും പ്രവർത്തന സജ്ജമാകാതെ അടഞ്ഞു കിടക്കുകയാണ്. ആസൂത്രണത്തിലെ പിഴവു കൊണ്ടോ, ലക്ഷ്യങ്ങൾ നിർണ്ണയിക്കുന്നതിലെ അപാകതകൾ കൊണ്ടോ ഒക്കെയാണ് ഇത്തരത്തിൽ ആസ്തികൾ നിഷ് ഫലമായി കിടക്കുന്നത്.

പട്ടികജാതിയിൽപ്പെട്ട സ്ത്രീകളേയും, അഭ്യസ്തവിദ്യരായ യുവാക്കളേയും സഹായിക്കുന്നതിനായി (തൊഴിൽ സംരഭങ്ങൾ തുടങ്ങുന്നതിനും, തൊഴിൽ പരിശീലനം നൽകുന്നതിനും) നിർമ്മിച്ച കെട്ടിടങ്ങൾ പലതും പണി പൂർത്തീകരിച്ച് വർഷങ്ങളായിട്ടും ഉപയോഗത്തിനായി തുറന്നു കൊടുത്തിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിടത്തിന്റെ പേര് | അടങ്കൽ | ചെലവ് | പൂർത്തീകരിച്ച വർഷം |
|---|---|---|---|---|
| 1 | വനിതാ വിപണന കേന്ദ്രം, മുല്ലശ്ശേരി ഗ്രാമ പഞ്ചായത്ത് | 5000000 | 4701966 | 3/15 |
| 2 | സ്നേഹ നഗർ കരിയർ ഗൈഡൻസ് സെന്റർ, കൊരട്ടി ഗ്രാമപഞ്ചായത്ത് | 2450000 | 2239000 | 6/15 |
| 3 | കുന്നപ്പിള്ളി അഗ്രോ സെന്റർ | 1500000 | 1281782 | 7/16 |
| 4 | തൃപ്പാപിള്ളി പട്ടികജാതി വനിതാ ഉത്പാദന വിപണന കേന്ദ്രം, പരിയാരം ഗ്രാമപഞ്ചായത്ത് | 2500000 | 1605479 | 6/14 |
| 5 | പട്ടികജാതി വനിതകൾക്കുള്ള വ്യവസായ സമുച്ചയം, പാണഞ്ചേരി ഗ്രാമപഞ്ചായത്ത് | 5000000 | 4776000 | 3/14 |
| ആകെ | | | 14604227 | |

പണി പൂർത്തിയാക്കിയിട്ടും കെട്ടിടങ്ങൾ ഉപയോഗിക്കാത്തതുമൂലം 14604227/- രൂപയുടെ ചെലവ് നിഷ് ഫലമായ ചെലവായി കണക്കാക്കുന്നു. കെട്ടിടങ്ങൾ ഉപയോഗപ്രദമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-14** വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല - ചെലവുതുക **1600000/-** രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ - 870/17

അടങ്കൽ - 1600000

നിർവ്വഹണോദ്യോഗസ്ഥൻ - എക്സിക്യൂട്ടീവ് എഞ്ചിനീയർ

പെരിഞ്ഞനം ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ എസ്.സി. കുടുംബങ്ങളിലേക്കുള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷനു വേണ്ടിയാണ് മേൽ പ്രോജക്ട് പ്രകാരം തുക വകയിരുത്തിയിരിക്കുന്നത്. 1600000/- രൂപ ട്രഷറി ബിൽ നമ്പർ 51/16-17 dtd. 22.3.17 പ്രകാരം വാട്ടർ അതോറിറ്റി പി.എച്ച്. ഡിവിഷൻ ഇരിങ്ങാലക്കുടക്കു കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ വിവരം എന്നിവ പരിശോധനക്കു ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവഴിച്ച 1600000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-15** ജാഗ്രതാസമിതിക്കായി പ്രത്യേകം മുറി അനുവദിക്കാതെ കമ്പ്യൂട്ടറും ഫർണീച്ചറും വാങ്ങി

പ്രൊജക്റ്റ് നമ്പർ - SO804/17

അടങ്കൽ - 2,00,000

ചെലവ് - ട്രഷറി ബിൽ നം.-1/16-17/31.3.2017, ₹ 1,26,162/-

സ്ത്രീകളുടെ ക്ഷേമത്തിനായുള്ള ജാഗ്രതാസമിതികളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് ഓഫീസ് മുറിയിലേക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങി ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനായി ഓഡിറ്റ് വർഷം ജില്ലാ സാമൂഹ്യനീതി ഓഫീസർ നടപ്പാക്കിയ പ്രൊജക്റ്റിൽ താഴെ പറയുന്നവ വാങ്ങിയിട്ടുണ്ട്.

| സ്ഥാപനം | ഇനങ്ങൾ | ആകെ വില |
|---|---|---|
| സിഡ്കോ | സ്റ്റീൽ കംപ്യൂട്ടർ ടേബിൾ, റിവോൾവിംഗ് ചെയർ (കൈയ്യുള്ളത്), തേക്കുകൊണ്ടുള്ള അലമാര, സ്റ്റീൽ ഫയലിംഗ് ക്യാബിനറ്റ് | 63162/- |
| പെർഫെക്റ്റ് ഐ.ടി. സൊല്യൂഷൻസ് | Acer Veriton IC 6418 Ksystem, കാനൻ സ്കാനർ, കാനൻ പ്രിന്റർ, വിന്റോസ് 10., യു.പി.എസ്. | 63,000 |

ജില്ലാ സാമൂഹ്യനീതി ഓഫീസർ 4.1.2017ൽ ജാഗ്രതാസമിതിക്കായി ജില്ലാ പഞ്ചായത്തിൽ ഒരു മുറി അനുവദിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബി 3/2017 നമ്പറിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് കത്തയച്ചിട്ടുണ്ടെങ്കിലും നാളിതുവരെ മുറി അനുവദിക്കപ്പെട്ടിട്ടില്ല. ആയതിനാൽ ജാഗ്രതാ സമിതി ഓഫീസ് പ്രവർത്തനങ്ങൾക്കായി വാങ്ങിയ മേൽ പറഞ്ഞ ഇനങ്ങൾ പ്രസ്തുത ആവശ്യത്തിന് ഉപകരിക്കപ്പെട്ടിട്ടില്ലെന്നാണ് നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും അറിയാനായത്. (ഓഡിറ്റ് എൻക്വയറി21/ 22.11.17ന് മറുപടി ലഭിച്ചിട്ടില്ല).
ഈ വിഷയത്തിൽ ജില്ലാ പഞ്ചായത്ത് ഭരണവിഭാഗം അടിയന്തിര നടപടി സ്വീകരിച്ച് എത്രയും വേഗം ജാഗ്രതാ

സമിതിക്കായി പ്രത്യേകം മുറി സജ്ജീകരിക്കേണ്ടതാണ്.

## 3-16 കുടുംബശ്രീ വനിതകൾക്ക് സ്ഥിരസംഭരണ വിപണന കേന്ദ്രം - ആദ്യ രണ്ടുഗഡുക്കൾ കോസ്റ്റ്ഫോർഡിനു കൈമാറി-പ്രൊജക്റ്റ് നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണം - കുടുംബശ്രീ ജില്ലാമിഷൻ കോ.ഓർഡിനേറ്റർ

അടങ്കൽ – വികസനഫണ്ട് (ജനറൽ) - 1,50,00,000/-

ചെലവ് – ട്രഷറി ബിൽ നം 1/16-17/31.3.2017, ₹ 30,00,000/-

നിർവ്വഹണ ഏജൻസി - കോസ്റ്റ് ഫോർഡ്

നിർവ്വഹണ ഏജൻസിയായ കോസ്റ്റ് ഫോർഡുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ കരാർ ഒപ്പുവച്ചിട്ടുണ്ട്.(കരാർ നം 1269/2016-17/29.3.17.)

ആദ്യഗഡു, കരാർ തുകയുടെ 20%, അതായത് 30 ലക്ഷം രൂപ 2016-17ൽ കോസ്റ്റ് ഫോർഡിന് കൈമാറിയിട്ടുണ്ട്. രണ്ടാംഗഡു 30 ലക്ഷം രൂപ 2017-18ൽ അതായത് 10/2017ലും അനുവദിച്ചിട്ടുണ്ട്.

പരിശോധനക്ക് ലഭ്യമാക്കിയ ഫയലിൽ കാണുന്ന, നിർവ്വഹണോദ്യോഗസ്ഥന്റെ സൈറ്റ് ഇൻസ്പെക്ഷൻ റിപ്പോർട്ട് പ്രകാരമുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പഞ്ചായത്ത് | വിസ്തീർണ്ണം Sq.ft | ഏകദേശ ചെലവ് (ലക്ഷത്തിൽ) | സൈറ്റ് | പൂർത്തീകരിച്ച സ്റ്റേജ്/ചെലവ് * |
|---|---|---|---|---|---|
| 1 | പരിയാരം | 800 | 12 ലക്ഷം | പഞ്ചായത്ത് കോമ്പൗണ്ട് | ഫൗണ്ടേഷൻ/50,000 |
| 2 | കാട്ടുകുറ്റി | 400 | 12 | PHC കോമ്പൗണ്ട് | ആരംഭിച്ചിട്ടില്ല |
| 3 | വേലൂർ | 800 | 12 | പഞ്ചായത്ത് കോമ്പൗണ്ട് | ആരംഭിച്ചിട്ടില്ല |
| 4 | ആളൂർ | 600 | 12 | പഞ്ചായത്ത് സ്ഥലം | ഫൗണ്ടേഷൻ/50,000 |
| 5 | മാള | 800 | 13 | ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | ഫൗണ്ടേഷൻ, ബീം, സൂപ്പർസ്ട്രക്ചർ മെറ്റീരിയൽസ്/ 2,50,000 |
| 6 | വല്ലച്ചിറ | 600 | 12 | പഞ്ചായത്ത് സ്ഥലം | ഫൗണ്ടേഷൻ, ബേയ്സ്മെന്റ്, മെറ്റീരിയൽസ്/ 2,75,000 |
| 7 | തിരുവില്വാമല | 500 | 10 | പഞ്ചായത്ത് സ്ഥലം | ആരംഭിച്ചിട്ടില്ല |
| 8 | ചേലക്കര | 600-700 | 10 | പഞ്ചായത്ത് സ്ഥലം | ആരംഭിച്ചു/ 25,000 |
| 9 | ദേശമംഗലം | 600 | 12 | പഞ്ചായത്ത് സ്ഥലം, | ആരംഭിച്ചിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | | | | PHC കോമ്പൗണ്ട് | |
| 10 | ചാഴൂർ | 1400 | 27 | പ്രൈവറ്റ് ലാന്റ് | ഗ്രൗണ്ട്ഫ്ലോർ പൂർത്തീകരിച്ചു/ 20,00,000 |
| 11 | പുന്നയൂർ | 1200 | 18 | പഞ്ചായത്ത് സ്ഥലം, ഹോസ്പിറ്റൽ കോമ്പൗണ്ട് | ഫൗണ്ടേഷൻ |

(*COSTFORD ൽ നിന്നും 14.9.17 ന് ലഭിച്ച stage & expenditure statement ൽ നിന്നുള്ള വിവരം)

പ്രൊജക്റ്റ് നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) പ്രൊജക്റ്റ് രൂപീകരണ ഫോറം ഖണ്ഡിക 42 പ്രകാരം 20 സ്ഥിരസംഭരണ വിപണന കേന്ദ്രങ്ങൾക്കാണ് (ഒന്നിന് 7.5 ലക്ഷം വീതം ) ആകെ 1.5 കോടി രൂപ വകയിരുത്തിയത്. കോസ്റ്റ് ഫോർഡുമായുള്ള കരാറിൽ 11 യൂണിറ്റുകൾക്കാണ് 1.5 കോടിരൂപ നൽകാമെന്ന് വ്യവസ്ഥ വച്ചിരിക്കുന്നത്. അംഗീകാരം ലഭിച്ച പ്രൊജക്റ്റിൽ നിന്നും ഇപ്രകാരം വ്യതിചലിച്ച് പ്രവൃത്തി ചെയ്യുന്നതിന് കമ്മിറ്റി, ഡിപിസി അംഗീകാരങ്ങൾ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല.

2) ഈ പ്രവൃത്തികൾക്കായി കോസ്റ്റ്ഫോർഡ് തയ്യാറാക്കിയ വിശദമായ എസ്റ്റിമേറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

3) കോസ്റ്റ്ഫോർഡിന്റെ രശീതി നം 43199/31.3.2017 പ്രകാരം 31.3.2017നാണ് ആദ്യഗഡു കൈപ്പറ്റിയത്. കരാർ വ്യവസ്ഥ 11 അനുസരിച്ച് 6 മാസത്തിനകം അതായത്, 30.9.2017നകം പണി പൂർത്തീകരിക്കേണ്ടതായിരുന്നു. അപ്രകാരം ചെയ്യാത്തതിനാൽ കരാർ കാലാവധി നീട്ടി നൽകാൻ കമ്മറ്റി തീരുമാനമെടുത്ത് കോസ്റ്റ്ഫോർഡുമായി സപ്ലിമെന്ററി കരാർ വച്ചതായി ഫയലിൽ കാണുന്നില്ല.

4) ചാഴൂർപഞ്ചായത്തിൽ "പ്രൈവറ്റ് ലാന്റ്"-ലാണ് കെട്ടിടം പണിയുന്നത്. ഈ സ്ഥലം പഞ്ചായത്തിന് വിട്ടുകിട്ടിയതിന് രേഖകൾ പരിശോധനക്ക് ലഭിച്ചിട്ടില്ല.

5) ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), 22.6.2017ന് അയച്ച സി1-7959/17/ജി.മെ.ആ നമ്പർ കത്തിൽ, പുന്നയൂർ പി.എച്ച്.സി. കോമ്പൗണ്ടിൽ ആരോഗ്യ വകുപ്പിന്റെ അനുമതി കൂടാതെയാണ് വിപണന കേന്ദ്രത്തിന്റെ തറക്കല്ലിടൽ നടത്തിയതെന്നും ആയതിനാൽ നിർമ്മാണ പ്രവൃത്തി നിർത്തിവക്കണമെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ COSTFORD നൽകിയ stage & expenditure statement പ്രകാരം (മുകളിലെ പട്ടിക) ഇവിടെ പണി ആരംഭിച്ച് 2 ലക്ഷം രൂപ ചെലവഴിച്ചു കഴിഞ്ഞു. കാട്ടുകുറ്റി, ദേശമംഗലം പഞ്ചായത്തുകളിലും ആരോഗ്യവകുപ്പിന്റെ സ്ഥലത്താണ് കെട്ടിടം പണിയാനുദ്ദേശിച്ചിട്ടുള്ളതെന്നു കാണുന്നു. ഇവക്കെല്ലാം ആരോഗ്യവകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോയെന്നു വ്യക്തമല്ല. മേൽ പറഞ്ഞ വിവരങ്ങൾക്ക് ഓഡിറ്റ് എൻക്വയറി നം.27/27.11.17 നൽകിയിരുന്നു, മറുപടി ലഭിച്ചിട്ടില്ല
അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു. ആയത് പരിഹരിച്ച് പദ്ധതി പൂർത്തീകരിക്കേണ്ടതാണ്.

## **3-17** ജില്ലാ പഞ്ചായത്ത് ഹാച്ചറി നവീകരണം-തുടർപ്രവർത്തനം, ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭിച്ചിട്ടില്ല

പ്രൊജക്റ്റ് നമ്പർ - S 798/17

നിർവ്വഹണം - ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം
അടങ്കൽ - വികസന ഫണ്ട്-20,00,000/-

ചെലവ്-ട്രഷറി ബിൽ നം.12/16-17/31.3.17, ₹ 20,00,000/-

ടെന്റർ നടപടികളിലൂടെ തൃശ്ശൂർ ഡിസ്ട്രിക്റ്റ് അനിമൽ ഹസ്ബൻഡറി എംപ്ലോയീസ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തിൽ നിന്നും ഹാച്ചറിയിലേക്ക വേണ്ട ഓട്ടോമാറ്റിക് സെറ്റർ, ഓട്ടോമാറ്റിക് ഹാച്ചർ, വാക്സിനേഷൻ മെഷീൻ തുടങ്ങിയ 20,00,000/- രൂപ വിലവരുന്ന ഉപകരണങ്ങൾ ഓഡിറ്റ് വർഷം വാങ്ങിയിട്ടുണ്ട്. ഹാച്ചറിയുടെ തുടർ പ്രവർത്തനങ്ങളും ഇതേ സൊസൈറ്റിയെ ഏല്പിച്ചതായാണ് അറിയാൻ കഴിഞ്ഞത്. എന്നാൽ ഇതു സംബന്ധിച്ച കരാർ, മറ്റു അനുബന്ധരേഖകളും, ഹാച്ചറി ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലാണെന്നതിന്റെ രേഖകളും ജില്ലാ പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെടുത്തിയതിന്റെ വിവരവും ഓഡിറ്റ് എൻക്വയറി 37/28.11.17ൽ ആവശ്യപ്പെട്ടെങ്കിലും പരിശോധനക്ക് ലഭിച്ചിട്ടില്ല. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു. രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-18 അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം-എ.ബി.സി.പ്രോഗ്രാം-അവലോകനം

ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം നിർവ്വഹണോദ്യോഗസ്ഥനായി തെരുവുനായ്ക്കളുടെ ശല്യം പരിഹരിക്കാനുദ്ദേശിച്ച് ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും സഹകരണത്തോടെ നടപ്പാക്കുന്ന സംയുക്ത പ്രൊജക്ടാണ് അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം അഥവാ എ.ബി.സി പ്രോഗ്രാം. ഈ പദ്ധതിയിൽ നായകളെ പിടിച്ച് പ്രത്യേക കൂട്ടിലാക്കി ഷെൽട്ടറുകളിലെത്തിച്ച് ആരോഗ്യപരിശോധന നടത്തി, വന്ധ്യംകരണം നടത്തി, മുറിവുണക്കി, റാബീസ് പ്രതിരോധ കുത്തിവയ്പിനുശേഷം തിരിച്ചറിയൽ അടയാളമിട്ട് പിടിച്ച സ്ഥലത്തുതന്നെ തുറന്നുവിടുന്നു.

ധനകാര്യ വിശകലനം

സ്ഥിരം ചെലവ് = 52,00,000

നടത്തിപ്പ് ചെലവ് :-

86 ഗ്രാമപഞ്ചായത്ത് = 1,76,30,000

7 മുനിസിപ്പാലിറ്റി = 28,70,000,

ആകെ = 2,57,00,000/-

ധനാഗമ മാർഗ്ഗങ്ങൾ

ഗ്രാമപഞ്ചായത്ത് = 86 x 100 നായകൾക്ക് x ₹ 2500 = ₹ 2,15,00,000

മുനിസിപ്പാലിറ്റി = 7x200 നായകൾക്ക് x ₹ 2500 = ₹ 35,00,000

ജില്ലാ പഞ്ചായത്ത് = ₹7,00,000

ആകെ =₹ 2,57,00,000/-

പദ്ധതിയുടെ ചെലവിന്റെ വിവരം

ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ നിന്നും ലഭിച്ച തുകയിൽ നിന്നും 75,36,000/- രൂപ ഡെപ്യൂട്ടി ഡയറക്ടർ (മൃഗസംരക്ഷണം)ന്റെ പേരിലുള്ള ടി.എസ്.ബി. അക്കൗണ്ടിൽ (A/c no.1897) നിക്ഷേപിച്ചിട്ടുണ്ട്. (30.3.17ൽ 69,61,000/-, 31.3.2017ൽ 5,75,000/-)

ആയതിൽ 17,02,000/- രൂപ 2016-17ൽ ചെലവു ചെയ്തു. ഈ അക്കൗണ്ടിൽ 54,83,593/- രൂപ നീക്കിയിരിപ്പുണ്ട്. (18.9.2017ലെ നീക്കിയിരിപ്പ്)

ജില്ലാ പഞ്ചായത്ത് വിഹിതം 7,00,000/- രൂപ ട്രഷറി ബിൽ നം.10/2016-17/31.3.2017 പ്രകാരം പിൻവലിച്ച് ചെലവഴിച്ചു. ഇപ്രകാരം 2016-17-ലെ ആകെ ചെലവ് = 24,02,000/- രൂപയാണ്. ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ചെലവിനം | സ്ഥാപനം | ചെക്ക് നമ്പർ/ തിയതി | തുക |
|---|---|---|---|
| വാഹന വാടക | ഇന്റക്സ് ഓട്ടോ ഏജൻസീസ് | 1787342/ 31.3.17 | 2,40,000 |
| നായകളെ പിടിച്ചതിന്റെ ചെലവ് | - | 1787345/ 31.3.17 | 6,45,000 |
| നായകളുടെ കൂടും നെറ്റും | പ്രവിത എഞ്ചിനീയറിംഗ് വർക്സ് | 1787341/ 31.3.17 | 1,50,000 |
| സർജിക്കൽ ഉപകരണങ്ങൾ, കൺസ്യൂമബിൾസ് | സർജ്കം | 1787347/ 31.3.17 | 3,22,200 |
| മരുന്ന് | കാടാസ് മെഡിസിൻസ് | 1787344/ 31.3.17 | 99800 |
| അൾട്രാസൗണ്ട് സ്കാനർ | കെമിക് കെമിക്കൽസ് | 1787343/ 31.3.17 | 2,45,000 |
| | | ട്രഷറി ബിൽ നം.10/2016-17/ 31.3.2017 | 7,00,000 |
| | | ആകെ | 24,02,000 |

ജില്ലാ പഞ്ചായത്തിന്റെ വാർഷികകണക്കുകൾ പ്രകാരം 75,36,000/- രൂപയാണ് മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞു കിട്ടിയത്. എന്നാൽ ഡി.ഡി. (എ.എച്ച്) പരിശോധനക്ക് ലഭ്യമാക്കിയ വിവരമനുസരിച്ച് 83 പഞ്ചായത്തുകളിൽ നിന്നും 5 മുനിസിപ്പാലിറ്റികളിൽ നിന്നുമായി 78,16,000/- രൂപയാണ് ജില്ലാ പഞ്ചായത്തിന് ലഭിച്ചിട്ടുള്ളത്. മേൽപറഞ്ഞ പ്രകാരം വരവു തുകയിൽ വ്യത്യാസം കാണുന്നത് പരിശോധിച്ച് കൃത്യമായ കണക്ക് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

ഈ പദ്ധതിയ്ക്കായി വാഹനസൗകര്യം എർപ്പെടുത്തുന്നതിന് ഇന്റക്സ് ഓട്ടോ ഏജൻസീസ്, തൃശ്ശൂർ എന്ന സ്ഥാപനവുമായി കരാറിലേർപ്പെടുകയും ഡി.ഡി. (എ.എച്ച്.)ന്റെ പേരിലുള്ള ടി.എസ്.ബി. അക്കൗണ്ടിൽ നിന്നും ചെക്ക് നം. 1787342/31.3.17 പ്രകാരം 2,40,000/- രൂപ അനുവദിക്കുകയും ചെയ്തു. ആദായ നികുതി സെക്ഷൻ 194 സി പ്രകാരമുള്ള ആദായ നികുതി ഈ സ്ഥാപനത്തിൽ നിന്നും ഈടാക്കിയിട്ടില്ല. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

തൃശ്ശൂർ ജില്ലാ അതിർത്തിയിലെ പതിനായിരം നായ്ക്കളിൽ പ്രജനന നിയന്ത്രണ ഓപ്പറേഷൻ നടത്തുക എന്നതാണ് പദ്ധതി ഉദ്ദേശിക്കുന്നത്. നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ലഭിച്ച വിവരമനുസരിച്ച നാളിതുവരെ 700ഓളം നായ്ക്കളിൽ ഓപ്പറേഷൻ നടത്തിക്കഴിഞ്ഞു. പദ്ധതി പുരോഗതിയുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **3-19** ഗ്രാമപഞ്ചായത്തുമായി യോജിച്ചുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതി -വിനിയോഗ വിവരമില്ല

പ്രൊജക്റ്റ് നമ്പർ - S 850/17

നിർവ്വഹണം - ജില്ലാ കോ-ഓർഡിനേറ്റർ, ജില്ലാ ശുചിത്വമിഷൻ

പദ്ധതി ചെലവ്-

| ട്രഷറി ബിൽ നമ്പർ/ | തുക |
|---|---|

| തിയതി | |
|---|---|
| 1/ 28.3.17 | 9,00,000 |
| 2/ 28.3.17 | 11,00,000 |
| 3/ 29.3.17 | 13,00,000 |
| ആകെ | 33,90,000 |

ഗ്രാമപഞ്ചായത്തുകൾ നടപ്പിൽ വരുത്തുന്ന വിവിധ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്ക് വിഹിതം അനുവദിക്കുന്നതിനും ശുചിത്വമിഷൻ നേരിട്ട് നടപ്പാക്കുന്ന മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്കു തുക വിനിയോഗിക്കുന്നതിനും ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്. പദ്ധതി രൂപീകരണ ഫോറം പരിശോധനക്കു ലഭ്യമാക്കാത്തതിനാൽ ഈ പദ്ധതിയുടെ അടങ്കൽ തുക എത്രയെന്ന് അറിയാനായിട്ടില്ല. മുകളിൽ പറഞ്ഞ പ്രകാരം പിൻവലിച്ച 33,90,000/- രൂപ താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്.

| ഗ്രാമപഞ്ചായത്ത് | ഗ്രാമപഞ്ചായത്ത് പ്രൊജക്റ്റിന്റെ പേര്, നമ്പർ | തുക |
|---|---|---|
| പാണഞ്ചേരി | മണലിപ്പുഴ മാലിന്യ നിർമ്മാർജ്ജനം, S 350/17 | 7,00,000 |
| പുത്തൂർ | മണലിപ്പുഴ വൃത്തിയാക്കൽ – S238/17 | 4,00,000 |
| നെൻമണിക്കര | ഹരിതകേരളം-മണലിപ്പുഴ ശുചീകരണം, SO138/17 | 5,00,000 |
| തൃക്കൂർ | മണലിപ്പുഴശുചീകരണം, SO131/17 | 3,50,000 |
| കൊരട്ടി | മല്ലഞ്ചിറ കുളം നവീകരണം, വാർഡ് 1 SO189/17 | 4,70,000 |
| മേലൂർ | വിവിധ കുളങ്ങളുടെ ശുചീകരണം, 8 എണ്ണം SO177/17 | 5,70,000 |
| നടത്തറ | മണലിപ്പുഴ വൃത്തിയാക്കൽ - SO234/17 | 4,00,000 |
| ആകെ | | 33,90,000 |

ഗ്രാമപഞ്ചായത്തുകൾ തുക കൈപ്പറ്റിയതിന്റെ വിവരം, വിനിയോഗവിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖ, ജി.ഒ(എം.എസ്.)4/2016/ത.സ്വ.ഭ.വ., തിയതി.11.1.2016 ഖണ്ഡിക 6.15.vii(ഡി)യിലെ നിർദ്ദേശമനുസരിച്ച്, സംയുക്ത പ്രൊജക്ററിൽ പങ്കാളികളാകുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്. ആയതിനാൽ തുക കൈമാറുമ്പോൾ ഗ്രാമപഞ്ചായത്തുകളുമായുള്ള കരാറിലേർപ്പെടേണ്ടതായിരുന്നു. എന്നാൽ അപ്രകാരം ചെയ്തതായി കാണുന്നില്ല. മേൽ കാരണങ്ങളാൽ ചെലവുതുക 33,90,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-20 ജില്ലാ ആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ–മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല

പ്രൊജക്ട് നമ്പർ - 776/17

നിർവ്വഹണം - ജില്ലാ മെഡിക്കൽ ഓഫീസർ, ആയുർവേദം

ട്രഷറി ബിൽ നമ്പർ - 73/16-17 തിയതി.14.12.16 തുക-1928299/-

വൗച്ചർ നമ്പർ - 51600674/18.11.16 തുക-871701/-

ആകെ - 2800000/-

ജില്ലാ ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന വാങ്ങലിനായി 2800000/- രൂപ ഔഷധി കുട്ടനെല്ലൂരിന് നൽകിയിട്ടുണ്ട്. എന്നാൽ മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ ഇതുവരെയും ലഭിച്ചിട്ടില്ല. നാളിതുവരെ ലഭിച്ച മരുന്നുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ഇൻവോയ്സ് നമ്പർ/ തിയതി | തുക |
|---|---|
| 2685/23.12.16 | 609348 |
| 3025/31.12.16 | 258629 |
| 3244/16.1.17 | 243481 |
| 3537/29.1.17 | 274803 |
| 4531/13.3.17 | 566324 |
| 4826/22.3.17 | 4423 |
| 4913/28.3.17 | 156534 |
| 19880/30.5.17 | 36344 |
| 20319/.6.6.17 | 101739 |
| 23689/30.6.17 | 108384 |
| 26642/20.7.17 | 26548 |
| 32628/7.9.17 | 60837 |
| 34978/26.9.17 | 15187 |
| 37169/16.10.17 | 19518 |
| ആകെ | 2482099 |

ബാക്കി ലഭിക്കാനുള്ള 317901/- രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-21 വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നടപ്പാക്കിയ പ്രൊജക്റ്റുകൾ - അപാകതകൾ

എ) കലാകായിക സമുച്ചയം-2016,

സ്പിൽ ഓവർ പ്രൊജക്റ്റ്-S34/17

അടങ്കൽ – വികസനഫണ്ട് – 806600/-, (സുലേഖ ചെലവുപത്രിക പ്രകാരമുള്ള കണക്കുകളാണ് ചേർത്തിരിക്കുന്നത്. പ്രൊജക്റ്റ് രൂപീകരണ ഫോറം ലഭിച്ചിട്ടില്ല)

ചെലവ് = 95,000

| ട്രഷറി ബിൽ നമ്പർ/ തിയതി | തുക |
|---|---|
| 1/16-17/21.2.17 | 45,000 |
| 4/16-17/28.2.17 | 20,000 |
| 17/16-17/27.3.17 | 30,000 |

തൻവർഷ പ്രൊജക്റ്റ്-S600/17

അടങ്കൽ - വികസനഫണ്ട് - 9,00,000/- (സുലേഖ ചെലവു പത്രിക പ്രകാരമുള്ള കണക്കുകളാണ് ചേർത്തിരിക്കുന്നത്. പ്രൊജക്റ്റ് രൂപീകരണ ഫോറം ലഭിച്ചിട്ടില്ല)

ചെലവ് - ₹6,95,000/-

| ട്രഷറി ബിൽ നമ്പർ/ തിയതി | തുക |
|---|---|
| 28/16-17/31.3.17 | 6,95,000 |

ഈ പ്രൊജക്റ്റിൽ വിവിധ സംഘടനകൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഈ സംഘടനകളിൽ ഭൂരിഭാഗവും അംഗീകാരം ലഭിച്ചവയാണെന്ന് തെളിയിക്കുന്ന രേഖകളില്ല, തുകയുടെ കൈപ്പറ്റ് രശീതി, ചെലവു സാധൂകരിക്കുന്ന അനുബന്ധ വൗച്ചറുകൾ എന്നിവ പരിശോധനക്ക് ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ട്രഷറി ബിൽ നമ്പർ | അനുവദിച്ച തുക | പരിശോധനക്ക് ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | അഭിനയ നാടകസമിതി, കുറ്റൂർ (ഗ്രാമീണ നാടകോത്സവം) | 1/16-17/ 21.2.17 | 45,000 | ചാരിറ്റബിൾ എന്റോവ്മെന്റ് & സൊസൈറ്റീസ് ആക്റ്റിന്റെ കീഴിൽ രജിസ്റ്റർ ചെയ്തതാണെന്നു തെളിയിക്കുന്ന രേഖ |
| 2 | ആട്ടോർ അയ്യപ്പൻ നാടൻ കലാസമിതി കാവ്യട്ട് നാട്ടുത്സവം | 4/16-17/ 28.2.17 | 20,000 | ,, |
| 3 | ഹസ്രത് മൊഹാനി സാംസ്കാരിക വേദി | 28/16-17 /31.3.17 | 75000 | രജിസ്ട്രേഷൻ, കൈപ്പറ്റ് രശീതി, ചെലവു സാധൂകരിക്കുന്ന |

| | | | |
|---|---|---|---|
| | | | അനുബന്ധ വൗച്ചറുകൾ |
| 4 | ഫ്രണ്ട്സ് ആർട്സ് സൊസൈറ്റി, കോന്നൂർ | 75000 | രജിസ്റ്റ്രേഷൻ, കൈപ്പറ്റ് രശീതി, ചെലവു സാധൂകരിക്കുന്ന അനുബന്ധ വൗച്ചറുകൾ |
| 5 | ദേശാഭിമാനി കലാകായികസാംസ്കാരിക വേദി, എടക്കളത്തൂർ | 50000 | കൈപ്പറ്റ് രശീതി, ചെലവു സാധൂകരിക്കുന്ന അനുബന്ധ വൗച്ചറുകൾ |
| 6 | അഭിനയ നാടകസമിതി, കുറ്റൂർ | 25000 | രജിസ്റ്റ്രേഷൻ, കൈപ്പറ്റ് രശീതി, ചെലവു സാധൂകരിക്കുന്ന അനുബന്ധ വൗച്ചറുകൾ |
| 7 | കാരുണ്യ ചാരിറ്റബിൾ സൊസൈറ്റി | 75000 | രജിസ്റ്റ്രേഷൻ, കൈപ്പറ്റ് രശീതി, ചെലവു സാധൂകരിക്കുന്ന അനുബന്ധ വൗച്ചറുകൾ |
| 8 | ഗ്രാമിക കുഴിക്കാട്ടുശ്ശേരി | 75000 | കൈപ്പറ്റ് രശീതി, ചെലവു സാധൂകരിക്കുന്ന അനുബന്ധ വൗച്ചറുകൾ |
| 9 | തൃപ്രയാർ നാടകോത്സവം | 75000 | രജിസ്റ്റ്രേഷൻ, കൈപ്പറ്റ് രശീതി, ചെലവു സാധൂകരിക്കുന്ന അനുബന്ധ വൗച്ചറുകൾ |
| 10 | പുഴയോരഫെസ്റ്റ്, വാളൂർ | 20000 | രജിസ്റ്റ്രേഷൻ, കൈപ്പറ്റ് രശീതി, ചെലവു സാധൂകരിക്കുന്ന അനുബന്ധ വൗച്ചറുകൾ |
| 11 | തൃശ്ശൂർ ആർട്സ് സൊസൈറ്റി | 150000 | കൈപ്പറ്റ് രശീതി,ചെലവു സാധൂകരിക്കുന്ന |

| | | | |
|---|---|---|---|
| | | | അനുബന്ധ വൗച്ചറുകൾ |
| 12 | ഐ.എഫ്. ക്രിയേഷൻസ്, വേലൂർ | 75000 | രജിസ്ട്രേഷൻ, കൈപ്പറ്റ് രശീതി, ചെലവു സാധൂകരിക്കുന്ന അനുബന്ധ വൗച്ചറുകൾ |
| ആകെ | | 760000 | |

രേഖകൾ ഹാജരാക്കുന്നതുവരെ 7,60,000/- രൂപ തടസ്സപ്പെടുത്തുന്നു.

ബി) <u>ചൂണ്ടൽ -മുല്ലശ്ശേരി ഡിവിഷനുകളിലെ കലാകായിക സാംസ്കാരിക പരിപാടി-വാങ്ങിയ ഫർണ്ണീച്ചറുകൾ മുഴുവൻ വിതരണം ചെയ്തിട്ടില്ല</u>

<u>പ്രൊജക്റ്റ് നം - S38/17</u>

അടങ്കൽ-707903,16-17 ലെ ചെലവ് = 673260/-

ചൂണ്ടൽ ഡിവിഷനിലെ വായനശാലകൾക്കും ക്ലബ്ബുകൾക്കും ഫർണീച്ചർ വാങ്ങി നൽകുന്ന പ്രൊജക്റ്റാണ് ഇത്. പ്രൊജക്റ്റിൽ വാങ്ങിയ ഫർണീച്ചറുകളിൽ പരിശോധനക്ക് ലഭിച്ച ഫയലിലെ കൈപ്പറ്റു രശീതികൾ പ്രകാരം താഴെ പറയുന്നവ വിതരണം ചെയ്യാൻ ബാക്കിയുള്ളതായി കാണുന്നു. സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കാത്തതിനാൽ ഓരോ ഇനവും എത്ര എണ്ണം വീതം ലഭ്യമായി എന്നതു ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

| ഇനം | സ്ഥാപനത്തിന്റെ പേര് | ഇൻവോയ്സ് നമ്പർ | ട്രഷറി ബിൽ നമ്പർ/ തിയതി/ തുക | വാങ്ങിയ എണ്ണം, വില | വിതരണം നടത്തിയത് | ബാക്കിയുള്ളത്/ വില |
|---|---|---|---|---|---|---|
| സ്റ്റീൽ ബുക്ക് ഷെൽഫ് | കേരള ആർട്ടിസാൻസ് ഡെവ. കോർപ്പറേഷൻ | 137/ 3.12.16 | 13/16-17/ 18.3.17/ 126394/- | 3, @ ₹3591/ | 2 | 1 1x3591 =3591 |
| സ്റ്റീൽ കമ്പ്യൂട്ടർ ടേബിൾ | | | | 7, @₹5427/- | 3 | 4 4x5427 =21708 |
| നീൽകമൽ കസേര | സ്റ്റീൽവിൻ ഇൻഡസ്ട്രീസ് | 226/ 1.3.17 | 16/16-17/ 27.3.17/ ₹70200/- | 150, @₹468/- | 125 | 25 25x468 =11700 |

ആകെ 36,999/- (3591+21708+11700) രൂപയുടെ ഫർണ്ണീച്ചറുകൾ ലഭ്യമായതായോ വിതരണം ചെയ്തതായോ ഉള്ള രേഖകൾ ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു.

<u>സി)സാക്ഷരത-2016, S 786/17</u>

അടങ്കൽ - വികസനഫണ്ട്-15,00,000/-

ചെലവ് -ട്രഷറി ബിൽ നം 22/16-17/31.3.2017,₹11,33,102/-

സാക്ഷരത പദ്ധതിക്കായി കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിൽ നിന്നും 166800/-രൂപക്ക് 1668 എണ്ണം ഏഴാംതരം പാഠപുസ്തകം വാങ്ങിയിട്ടുണ്ട്. (രശീതി നം E8-2065/17/KSLMA/2.11.17). പുസ്തകങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരമില്ല.

സാക്ഷരതാ കേന്ദ്രങ്ങളിലേക്ക് രജിസ്റ്റർ വാങ്ങുന്നതിന് 2,64,750/- രൂപ ചെലവഴിച്ചു കാണുന്നുണ്ട്. ആയതിന്

ക്വട്ടേഷൻ, ബില്ല്, കൈപ്പറ്റ് രശീതി, സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം എന്നിവ ഇല്ല.

ആയതിനാൽ 166800/-+ 2,64,750/- =4,31,550/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഡി) ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഫർണീച്ചർ അറ്റകുറ്റപ്പണി-2014, SOO40/17

അടങ്കൽ - മെയിന്റനൻസ് (നോൺറോഡ്) - 480016

ചെലവ്-

| ട്രഷറി ബിൽ നമ്പർ/ തിയതി | തുക |
|---|---|
| 21/16-17/ 31.3.17 | 30,000 |
| 9/16-17/ 30.3.17 | 2,20,000 |

ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള സ്കൂളുകൾക്ക് ഫർണീച്ചർ ഗ്രാന്റ് അനുവദിക്കുന്ന പ്രൊജക്റ്റാണിത്. 2016-17ൽ 25 സ്കൂളുകൾക്ക് 10,000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. സ്കൂളുകൾക്ക് തുക ലഭിച്ചതിന് കൈപ്പറ്റ് രശീതിയില്ല. താഴെ പറയുന്ന 12 സ്കൂളുകൾ ചെലവു രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

(1) GHSകാനാട്ടുപാടം, (2) GNBHS കൊടകര, (3) GHSS കൊടകര, (4) GHSS എളവള്ളി, (5) GHS വെറ്റിലപ്പാറ, (6)GHSS കരുപ്പടന്ന, (7) GSMTHSS ചേലക്കര, (8) GHSS കടിക്കാട്, (9) GHS മരത്തൻകോട്, (10) GHS മണലൂർ, (11) GRSRVHSS വേലൂർ, (12) GHSS ചെറുതുരുത്തി

മേൽ പറഞ്ഞ സ്കൂളുകളുടെ ചെലവുരേഖകൾ ഹാജരാക്കുന്നതുവരെ 1,20,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-22 സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി - കൃത്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ കൂടാതെ തുക ചെലവഴിക്കുന്നു

പ്രൊജക്റ്റ് നമ്പർ - S 765/17

അടങ്കൽ - വികസനഫണ്ട് - 18,00,000/-

ചെലവ്-ട്രഷറി ബിൽ നം. 25/16-17/ 28.2.2017, ₹15,00,000/-

ട്രഷറി ബിൽ നം. 25/16-17/ 31.3.2017, ₹1,50,000/-

ഡെപ്യൂട്ടിഡയറക്ടർ, വിദ്യാഭ്യാസം നടപ്പാക്കിയ പ്രൊജക്റ്റാണിത്. ഈ പ്രൊജക്റ്റിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടത്തിപ്പിനായി 15 സ്കൂളുകൾക്ക് 1 ലക്ഷം രൂപ വീതവും ബാന്റ് ടീം തുടങ്ങുന്നതിനായി CMGHS, കുറ്റൂരിന് 1.5 ലക്ഷം രൂപയും ഓഡിറ്റ് വർഷം വികസനഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട താഴെ പറയുന്നകാര്യങ്ങളിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

i)സ.ഉ.(സാധാരണ)നം. 03/2012/ത.സ്വ.ഭ.വ./2.1.2012 പ്രകാരം എസ്.പി.സി രൂപീകരിച്ച സ്കൂളുകൾക്ക് തനതുഫണ്ടിൽ നിന്നും 50,000/- രൂപ അനുവദിക്കുന്നതിന് ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/നഗരസഭകൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. ജില്ലാ പഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും ഈ പദ്ധതിയ്ക്കായി തുക ചെലവഴിക്കുന്നതിന് സർക്കാർ അനുവാദമുണ്ടെങ്കിൽ ആയതും ഇപ്രകാരം എസ്.പി.സി.ക്ക് കൈമാറുന്ന തുക ഏതെല്ലാം പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാമെന്നത് സംബന്ധിച്ച് സർക്കാർ നിർദ്ദേശമുണ്ടെങ്കിൽ ആയതും ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി 17/22.11.17 നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. പല സ്കൂളുകളും, ഉദാഹരണത്തിന് GVHSS പഴഞ്ഞി, GHSSഎരുമപ്പെട്ടി - ലഘുഭക്ഷണത്തിനു വേണ്ടി മാത്രമാണ് ഒരു ലക്ഷം രൂപ ചെലവഴിച്ചത്. ഇപ്രകാരം ലഘുഭക്ഷണം നൽകിയ ദിവസങ്ങൾ വിശേഷദിവസങ്ങളായിരുന്നോ ഈ ദിവസങ്ങളിൽ എസ്.പി.സി, ക്രിയാത്മകമായി പ്രവർത്തിച്ചിരുന്നോ എന്നു വ്യക്തമല്ല.

കൂടാതെ, എസ്.പി.സി ക്ക് അനുവദിച്ച തുക കൊണ്ട് GVHSS തളിക്കുളം, GHSS പീച്ചി, GMHSS ചാമക്കാല, GVHSS കടപ്പുറം എന്നീ സ്കൂളുകൾ ലാപ് ടോപ്പ്, പ്രൊജക്റ്റർ, കസേരകൾ, ഫാൻ തുടങ്ങിയവ വാങ്ങിക്കാണുന്നുണ്ട്.

എസ്.പി.സി. പ്രവർത്തനങ്ങൾക്കായി കൈമാറിയ തുക എപ്രകാരം വിനിയോഗിക്കണമെന്നതു സംബന്ധിച്ച് വ്യക്തമായ ധാരണ സ്കൂളുകൾക്കില്ല എന്നാണ് ചെലവുരേഖകളിൽ നിന്നും വ്യക്തമാകുന്നത്.

ജില്ലാ പഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും എസ്.പി.സി.ക്ക് തുക അനുവദിക്കുന്നതിനും ഈ തുക എപ്രകാരം വിനിയോഗിക്കണമെന്നതു സംബന്ധിച്ചും സർക്കാർ നിർദ്ദേശം ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ആയതു വരെ 16,50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-23 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി)- നിർവ്വഹിച്ച പദ്ധതികളിലെ അപാകതകൾ

2016-17 ൽ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹിച്ച പദ്ധതികൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 37 പദ്ധതികളിൽ വെറും 6 പദ്ധതികൾ മാത്രം നടപ്പാക്കി

കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷത്തിൽ ആവിഷ്കരിച്ച 37 പദ്ധതികളിൽ കേവലം 6 പദ്ധതികൾ മാത്രമാണ് നടപ്പാക്കാനായത്. 37 പദ്ധതികൾക്കായി ആകെ 27812180/- രൂപ വകയിരുത്തിയതിൽ 3693100/- രൂപ മാത്രമാണ് ചെലവഴിച്ചത് (13% മാത്രം). മറ്റ് പദ്ധതികൾ നടപ്പാക്കാതിരുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

2) നടപ്പാക്കിയ 6 പദ്ധതികൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

a) ദൈനംദിന ചെലവുകൾ - വൗച്ചറുകൾ ലഭ്യമാക്കിയില്ല - ചെലവുതുക 197202/- തടസ്സപ്പെടുത്തുന്നു.

2016-17 വർഷത്തെ ചെലവ് പത്രിക പ്രകാരം പ്രോജക്റ്റ് നമ്പർ 699/17- ദൈനംദിന ചെലവുകൾ എന്ന പദ്ധതിക്കായി 197202/- രൂപ തനതുഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ചെലവു രേഖകളൊന്നും തന്നെ ഓഡിറ്റിന് ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവുതുക തടസ്സപ്പെടുത്തുന്നു.

b) പ്രോജക്റ്റ് നം. 1/17- ശ്രീരാമൻചിറ പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസനം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

കരാറുകാരൻ - പ്രസിഡണ്ട്, ഒല്ലൂക്കര ഏരിയ ലേബർ സൊസൈറ്റി, മണ്ണുത്തി.

MBNo.269/15-16, അടങ്കൽ - 1900000/-, എഗ്രിമെന്റ് തീയ്യതി- 6/3/15,

ട്രഷറി ബിൽ നം. 4/31-3-17, Rs.1244272/-

പ്രസ്തുത പദ്ധതിയുടെ അടങ്കൽ 1900000/- രൂപയായിരുന്നു.(പ്ലാൻ ഫണ്ട്-17,10,000+ഗുണഭോക്തൃ വിഹിതം- 1,90,000). എന്നാൽ സാങ്കേതികാനുമതി ലഭിച്ചത് 1500000/- രൂപയ്ക്കായിരുന്നു. പിന്നീട് പുതുക്കിയ സാങ്കേതികാനുമതി ലഭിച്ചപ്പോൾ 1256840/- രൂപയായി. എന്നാൽ അടങ്കലിൽ മാറ്റം വരുത്തി പദ്ധതി പുതുക്കിയതായി കാണുന്നില്ല. ആയതിനാൽ 643160/- രൂപയുടെ ഫണ്ട് ചെലവഴിക്കാനോ, മറ്റ് പദ്ധതികൾക്കായി വിനിയോഗിക്കാനോ സാധിച്ചിട്ടില്ല. ഫണ്ട് ഇത്തരത്തിൽ നഷ്ടപ്പെടുവാനിടയാക്കിയ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

പ്രസ്തുത പദ്ധതിക്കായി ഗുണഭോക്തൃവിഹിതം 155000/- രൂപ പാടശേഖരസമിതി 30/12/16ൽ അടവാക്കിയിരുന്നു. എന്നാൽ ഫൈനൽ ബില്ലിൽനിന്നും 10% ഗുണഭോക്തൃവിഹിതം കുറവ് ചെയ്യാതെ താഴെ പറയുംപ്രകാരം മുഴുവൻ തുകയും പ്ളാൻ ഫണ്ടിൽനിന്നും പിൻവലിക്കുകയായിരുന്നു.

ആകെ പ്രവൃത്തിമൂല്യം - Rs.1256840 ട്രഷറി ബിൽ നമ്പർ 4/31.03.17, Rs. 12,44,272/-

1% ടെണ്ടർ കുറവ് - Rs. 12568 = Rs.1244272/-

IT 1% - Rs.12443

Vat 4% -Rs.49771

KCF 1% - Rs.12443

Fine for delay - Rs.93056

To the contractor - Rs.1076559/-

ആകെ പ്രവൃത്തി മൂല്യത്തിന്റെ 10% തുകയായ 124427/- രൂപ കുറവ് ചെയ്ത തുക മാത്രമേ പ്ലാൻ ഫണ്ടിൽനിന്നും പിൻവലിക്കാവൂ. ആയതിനാൽ അധികം പിൻവലിച്ച തുകക്ക് തത്തുല്യമായ തുക ഗുണഭോക്തൃ വിഹിതത്തിൽ നിന്നും കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതും, ഗുണഭോക്താക്കളിൽനിന്നും അധികമായി പിരിച്ചെടുത്ത തുക ഗുണഭോക്താക്കൾക്കുതന്നെ തിരിച്ച് നല്കേണ്ടതുമാണ്.

ആദായനികുതി വകുപ്പ് സെക്ഷൻ 194 C പ്രകാരം സ്ഥാപനങ്ങളിൽനിന്നും 2% നിരക്കിലാണ് ആദായനികുതി ഈടാക്കേണ്ടത്. എന്നാൽ കരാറുകാരായ ഒല്ലക്കര ലേബർ സൊസൈറ്റിയിൽനിന്നും 1% നിരക്കിലേ ആദായനികുതി ഈടാക്കിയിട്ടുള്ളൂ. കുറവ് വന്ന തുക ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

c) പ്രോജക്റ്റ് നം. 5/17 – പഴയന്നൂർ വിത്തുല്പാദന കേന്ദ്രത്തിലെ കുളങ്ങളിലെ ചെളി നീക്കം ചെയ്യൽ അനുബന്ധ പ്രവൃത്തികൾ- അപാകതകൾ

അടങ്കൽ - 1800000/-, കരാറുകാരൻ - ജയറാം വി.ആർ, MB No.270/15-16,

ട്രഷറി ബിൽ നം. 2/31-3-17, Rs.491786/-

കുളങ്ങളിൽ നിന്നും നീക്കം ചെയ്ത 2648.42m$^3$ ചെളി കലർന്ന മണ്ണ് എപ്രകാരം വിനിയോഗിച്ചുവെന്ന് വ്യക്തമല്ല. ഇതിനെക്കുറിച്ച് എം ബുക്കിലോ എസ്റ്റിമേറ്റ് റിപ്പോർട്ടിലോ രേഖപ്പെടുത്തിയിട്ടില്ല. ഏകദേശം 530 ലോഡ് വരുന്ന ഈ മണ്ണ് വില്പന നടത്തിയിട്ടുണ്ടെങ്കിലോ, ഏതെങ്കിലും രീതിയിൽ വിനിയോഗിച്ചിട്ടുണ്ടെങ്കിലോ വിവരം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ മണ്ണിന്റെ വിലയ്ക്ക തുല്യമായ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് കമ്മിറ്റി തീരുമാനങ്ങളുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്.

ഈ പദ്ധതിയിൻകീഴിൽ വാങ്ങിയ 5HP മോട്ടോർ പ്രവർത്തിപ്പിക്കാൻ കറന്റ് കണക്ഷൻ ലഭ്യമാക്കിയതായി കാണുന്നില്ല. മോട്ടോർ നിലവിൽ പ്രവർത്തിപ്പിക്കുന്നുണ്ടോ എന്നും, ആയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടോ തുടങ്ങിയ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

d). പ്രോജക്റ്റ് നം. 7/17- ചേലക്കര ഫാമിൽ പോളി ഹൗസ് നിർമ്മാണം - അപാകതകൾ

ആകെ പ്രവൃത്തി മൂല്യം - 790882/-

അടങ്കൽ - 1000000/- (തനതുഫണ്ട്)

വൗച്ചർ നം. 51601328/30-3-17, Rs.790882/-

കരാറുകാരൻ - RAIDCO

കരാറുകാരായ RAIDCO യിൽനിന്നും 2% നിരക്കിൽ ആദായനികുതി ഈടാക്കേണ്ടതിനുപകരം 1% നിരക്കിലാണ് ഈടാക്കിയത്. കുറവ് വന്ന തുക ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

e) പ്രോജക്റ്റ്നം. 3/17- പഴയന്നൂർ വിത്തുല്പാദന കേന്ദ്രത്തിൽ പോളിഹൗസ് നിർമ്മാണം - മറ്റ് അനുബന്ധ പ്രവൃത്തികൾ -അപാകതകൾ

അടങ്കൽ - 1500000/-, കരാറുകാരൻ - സെൻട്രൽ എഞ്ചിനീയറിംഗ് കമ്പനി,
MB No.271, ആകെ പ്രവൃത്തി മൂല്യം - 1465974/-,
ട്രഷറി ബിൽ നം. 3/31-3-17, Rs.418303/-

കരാറുകാരായ സെൻട്രൽ എഞ്ചിനീയറിംഗ് കമ്പനിയിൽനിന്നും 2% നിരക്കിൽ ആദായനികുതി ഈടാക്കേണ്ടതിനുപകരം 1% നിരക്കിലാണ് ഈടാക്കിയത്. കുറവ് വന്ന തുക ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

f) പ്രോജക്ട് നം. 4/17-എടത്തിരുത്തി വിത്തുല്പാദന കേന്ദ്രത്തിൽ അധിക സൗകര്യം ഏർപ്പെടുത്തൽ - അപാകതകൾ

അടങ്കൽ - 700000/-

ട്രഷറി ബിൽ നം. 5/31-3-17 Rs.550655/-

കരാറുകാരൻ - ജോണി കെ.ടി., MBNo. 274

മേൽ പ്രവൃത്തിയുടെ ഭാഗമായി കുഴിച്ചെടുത്ത 189.50$m^3$ മണ്ണ് എന്തു ചെയ്തുവെന്ന് എവിടേയും രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ മണ്ണ് ഉപയോഗപ്പെടുത്തിയിട്ടില്ല എന്ന് കരുതാവുന്നതാണ്. ആയതിനാൽ മണ്ണിന്റെ വിലയ്ക്ക് തുല്യമായ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-24 സമഗ്ര നെൽകൃഷിവികസനം കൂലിചെലവ് സബ്സിഡി നൽകൽ - അപാകതകൾ

പ്രൊജക്ട് - 791/17
നിർവ്വഹണം - ഡെപ്യൂട്ടി ഡയറക്ടർ, കൃഷി (wm)
ചെലവ് - 1,05,56745/-
ട്രഷറി ബിൽ നമ്പർ -3/31.3.17 തുക - 3609952/-
ട്രഷറി ബിൽ നമ്പർ -4/31.3.17 തുക-6946793/-

സമഗ്ര നെൽകൃഷി വികസനം കൂലിചെലവ് സബ്സിഡി നൽകൽ പ്രൊജക്ടിനായി ജില്ലാപഞ്ചായത്ത് വിഹിതം വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്.

1. താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകളിൽ നിന്നും തുകയുടെ കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

| | ഗ്രാമപഞ്ചായത്ത് | ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ടി.എസ്.ബി. അക്കൗണ്ട് നമ്പർ | അനുവദിച്ച തുക |
|---|---|---|---|
| 1 | ചേർപ്പ് | 79901140001456 | 400000 |
| 2. | അവിണിശ്ശേരി | 799011400001356 | 180000 |
| 3 | കടവല്ലൂർ | 799011400000794 | 557436 |
| 4 | കണ്ടാണശ്ശേരി | 79901140000812 | 25000 |
| 5 | കടങ്ങോട് | 799011400001133 | 828000 |
| 6 | ചൊവ്വന്നൂർ | 799011400001131 | 350000 |
| 7 | അടാട്ട് | 79901140000936 | 1350000 |
| 8 | ദേശമംഗലം | 799011400001336 | 556150 |
| 9 | വരവൂർ | 799011400001293 | 555000 |
| 10 | വെള്ളാങ്കല്ലൂർ | 79901140000701 | 314770 |
| 11 | പുത്തൻചിറ | 799011400000865 | 60000 |
| 12 | മാള | 799011400001282 | 180000 |
| 13 | പാണഞ്ചേരി | 799011400001291 | 60000 |
| 14 | വരന്തരപ്പിള്ളി | 799011400001484 | 333000 |
| 15 | വള്ളത്തോൾ നഗർ | 79901140000004 | 510000 |

| | | | |
|---|---|---|---|
| 16 | മുള്ളൂർക്കര | 79901140000791 | 397662 |
| 17 | ചാഴൂർ | 799011400001065 | 76500 |
| 18 | കൊടകര | 799011400001483 | 303000 |
| 19 | മറ്റത്തൂർ | 799011400001485 | 840000 |
| 20 | പുതുക്കാട് | 799011400001349 | 273000 |
| 21 | തൃക്കൂർ | 799011400001348 | 25000 |
| 22 | പറപ്പൂക്കര | 799011400001006 | 510000 |
| 23 | പാഞ്ഞാൾ | 799011400001581 | 357469 |
| 24 | അളഗപ്പനഗർ | 799011400001007 | 177324 |
| 25 | കൊണ്ടാഴി | 79901140002367 | 500000 |
| | | | 97,19,311 |

2. ഗ്രാമപഞ്ചായത്തുകളുടെ റിക്വിസിഷനേക്കാൾ കൂടുതൽ തുക ട്രാൻസ്ഫർ ചെയ്തു നൽകി.

| ഗ്രാമ പഞ്ചായത്ത് | ആവശ്യപ്പെട്ടത് | അനുവദിച്ചത് |
|---|---|---|
| മറ്റത്തൂർ | 780000 | 840000 |
| പുതുക്കാട് | 257283 | 273000 |
| പാഞ്ഞാൾ | 180720 | 357469 |

ഓഡിറ്റ് എൻക്വയറി നം.36/27.11.17ന് മറുപടി ലഭ്യമാക്കിയില്ല. കൈപ്പറ്റ് രസീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കുന്നതു വരെ ചെലവു തുക 9719311/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-25 കാർഷിക വിളകളുടെ വിപണനം ശക്തിപ്പെടുത്തൽ -റിവോൾവിംഗ് ഫണ്ടിന്റെ വിനിയോഗം മോണിറ്റർ ചെയ്യേണ്ടതാണ്

പ്രൊജക്ട് നമ്പർ-791/17, കാർഷികവിളകളുടെ വിപണനം ശക്തിപ്പെടുത്തൽ

നിർവ്വഹണോദ്യോഗസ്ഥൻ - ഡെപ്യൂട്ടി ഡയറക്ടർ, കൃഷി (വൈ.പി.)

ട്രഷറി ബിൽ നമ്പർ-1/16-17 തീയതി.28.3.17 തുക-1500000/-

ഗ്രാമപഞ്ചായത്തുകളുടെ കൃഷിഭവനുകൾ വഴി കാർഷികവിളകളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതിയാണിത്. 20000/- രൂപ അടിസ്ഥാന സൗകര്യ വികസനത്തിനും, 80000/- രൂപ വിപണനകേന്ദ്രങ്ങൾക്ക് റിവോൾവിംഗ് ഫണ്ടിനത്തിലും അനുവദിക്കുന്നു. ആയതു പ്രകാരം തെരഞ്ഞെടുത്ത 15 കൃഷിഭവനകളിലെ കൃഷി ഓഫീസറുടെ അക്കൗണ്ടുകളിലേക്ക് 100000/- രൂപ ട്രാൻസ്ഫർ ചെയ്യുകയും വിപണനകേന്ദ്രം ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് റിവോൾവിംഗ് ഫണ്ടും അടിസ്ഥാന സൗകര്യത്തിനുള്ള ഫണ്ട് അനുവദിക്കുകയുമാണ് ചെയ്തിട്ടുള്ളത്. മേൽ തുക കൈപ്പറ്റിയ വിപണന കേന്ദ്രങ്ങളുടെ നിലവിലെ അവസ്ഥ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗ്രാമ പഞ്ചായത്ത് | വിപണന കേന്ദ്രം | രജിസ്ട്രേഷൻ നമ്പർ | അക്കൗണ്ട് നമ്പർ | നിലവിലെ ബാലൻസ് | കുറിപ്പുകൾ |
|---|---|---|---|---|---|---|
| 1 | പൂമംഗലം | ജില്ലാ പഞ്ചായത്ത് വിപണന കേന്ദ്രം | TSR/TC/ 211/2017/ 29.3.17 | 80010730165 | പാസ്ബുക്ക് ഹാജരാക്കിയില്ല | സ്ഥലം ലഭ്യമല്ലാത്തതിനാൽ നിലവിൽ പ്രവർത്തിക്കുന്നില്ല |
| 2 | മേലൂർ | മിത്രം ഹരിതസംഘം | TSR/TC/ 233/2017/ | 80010637735 | പാസ്ബുക്ക് അപ്ഡേറ്റ് | |

| | | | | | | |
|---|---|---|---|---|---|---|
| | | | 19.4.17 | | ചെയ്തിട്ടില്ല | |
| 3 | പൊയ്യ | ഹരിതശ്രീ പച്ചക്കറി ക്ലസ്റ്റർ | TSR/TC/ 161/2017/ 15.3.17 | 7670 | പാസ്ബുക്ക് അപ്ഡേറ്റ് ചെയ്തിട്ടില്ല | |
| 4 | ശ്രീനാരായണപുരം | ജൈവപച്ചക്കറി സംഭരണ വിപണന കേന്ദ്രം | ലഭ്യമല്ല | 80010818086 | 3/10/17 ൽ ബാലൻസ് 70550/- | നിലവിൽ പ്രവർത്തിക്കുന്നില്ല |
| 5 | തളിക്കുളം | കർഷകസംഘം വിപണനകേന്ദ്രം | TSR/CA/ 50/2017/ 29.3.17 | 01293832800 | 24/11/17 ബാലൻസ് 19975/- | |
| 6 | അരിമ്പൂർ | ജില്ലാപഞ്ചായത്ത് വിപണനകേന്ദ്രം | TSR/TC/ 246/2017/ 17.5.17 | 80011001802 | 1/12/17ൽ ബാലൻസ് 85536/- | |
| 7 | എറിയാട് | ജൈവകർഷക സംഘം | TSR/TC/ 543/2016/ 19.10.16 | 80010817053 | 1/12/17ൽ ബാലൻസ് 56671/- | |
| 8 | കാട്ടുകുറ്റി | ഹരിത കാർഷിക വിപണനകേന്ദ്രം | TSR/TC/ 189/2017/ 22.3.17 | 2353 | 28/9/17 ൽ ബാലൻസ് 70065/- | |
| 9 | പാറളം | പാറളം ഹരിത വിപണന സമിതി | TSR/TC/ 162/2017/ 15.3.17 | 67396482983 | 11/4/17 ൽ ബാലൻസ് 82000/-. പാസ്ബുക്ക് അപ്ഡേറ്റ് ചെയ്തിട്ടില്ല | |
| 10 | പാണഞ്ചേരി | കാരുണ്യ പച്ചക്കറി ക്ലസ്റ്റർ സമിതി | TSR/TC/ 178/2016/ 31.3.16 | 10290 | 1/12/17 ൽ ബാലൻസ് 60420/- | |
| 11 | വല്ലച്ചിറ | നല്ലകൃഷി കൂട്ടായ്മ | TSR/TC/ 181/2017/ 15.3.17 | 4048 | 9/6/17 ൽ ബാലൻസ് 75488/- | |
| 12 | എടത്തിരുത്തി | ജില്ലാ പഞ്ചായത്ത് വിപണനകേന്ദ്രം | TSR/TC/ 192/2017/ 22.3.17 | 9189 | 1/12/17 ലെ ബാലൻസ് 58102/- | |
| 13 | കടങ്ങോട് | ജില്ലാപഞ്ചായത്ത് വിപണനകേന്ദ്രം | TSR/TC/ 185/2017/ 22.3.17 | 10881 | 24/10/17 ലെ ബാലൻസ് 65465/- | |
| 14 | ചൂണ്ടൽ | ഹരിതം കാർഷിക സംഘം | TSR/TC/ 609/2017/ 25.10.17 | 80011281233 | 17/8/17 ലെ ബാലൻസ് 49965/- | രജിസ്ട്രേഷനു മുമ്പേ തുക കൈമാറി |
| 15 | വെള്ളാങ്ങല്ലൂർ | കൃഷിഭവനിൽ നിന്നും തുക കൈമാറിയതുമായി ബന്ധപ്പെട്ട യാതൊരു രേഖകളും ഹാജരാക്കിയില്ല | | | | |

റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് വിപണനകേന്ദ്രം സെക്രട്ടറിയും,കൃഷി ഓഫീസറും തമ്മിലുള്ള കരാർ ഉടമ്പടിയിലെ വ്യവസ്ഥ പ്രകാരം ഓരോ സാമ്പത്തികവർഷാവസാനവും മാർച്ച് 31 ന്

റിവോൾവിംഗ് ഫണ്ട് തുക തിരികെ സംഘത്തിന്റെ അക്കൗണ്ടിൽ എത്തേണ്ടതാണ്.കൂടാതെ സംഘം പ്രവർത്തനം അവസാനിപ്പിക്കുമ്പോൾ അനുവദിച്ച തുക തിരികെ പഞ്ചായത്തിൽ അടവാക്കേണ്ടതുമാണ്.മേൽ കാണിച്ചതിൽ ചില അക്കൗണ്ടുകളിൽ നിന്നും തുക പിൻവലിക്കൽ മാത്രമാണ് നടന്നിട്ടുള്ളത്.വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ സംഘം നാളിതുവരെ ആരംഭിച്ചിട്ടില്ലെങ്കിൽ കൃഷിഭവന കൈമാറിയ 1,00,000/- രൂപ തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്. പൂമംഗലം, ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തുകളിലെ വിപണന കേന്ദ്രങ്ങൾക്ക് പ്രവർത്തിപ്പിക്കുന്നതിന് സൗകര്യപ്രദമായ സ്ഥലം ലഭിച്ചിട്ടില്ലെങ്കിൽ അനുവദിച്ച റിവോൾവിങ്ങ് ഫണ്ട് തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടത്.

ഓരോ സാമ്പത്തികവർഷവും റിവോൾവിംഗ് ഫണ്ട് തുക സംഘങ്ങളുടെ അക്കൗണ്ടിൽ തിരികെ എത്തുന്നുണ്ടോ എന്നുറപ്പാക്കേണ്ടതും, സംഘം പ്രവർത്തിക്കുന്നില്ലായെങ്കിൽ തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-26 കാർഷിക യന്ത്രോപകരണങ്ങൾ - സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല

2009ൽ തയ്യാറാക്കിയ ജില്ലാപഞ്ചായത്ത് ആസ്തി രജിസ്റ്റർ പ്രകാരം ജില്ലാ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കൃഷിഫാമുകളിൽ താഴെ പറയുന്ന കാർഷിക യന്ത്രോപകരണങ്ങൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2009ന ശേഷം ആസ്തി രജിസ്റ്റർ കാലികമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

| ഓഫീസ് | യന്ത്രോപകരണങ്ങൾ | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | പവർ ടില്ലർ വിത്ത് ട്രെയിലർ | വിന്നോവിംഗ് മെഷീൻ | മിനി ട്രാക്ടർ വിത്ത് ട്രെയിലർ | റോക്കർ സ്പ്രേയർ | ട്രാക്ടർ | പവർ ടില്ലർ | ത്രെഷർ | പവർ സ്പ്രേയർ | ട്രാൻസ്പ്ലാന്റർ | പാഡി റീലർ |
| എ.ഇ.ഇ, കൃഷി | 131 | - | 9 | - | 2 | - | - | - | - | - |
| സീഡ് ഫാം, പാണഞ്ചേരി | - | - | - | - | - | 1 | - | - | - | - |
| സീഡ്ഫാം, പഴയന്നൂർ | - | 1 | | | 1 | | | 1 | | |
| സീഡ് ഫാം, എടത്തിരുത്തി | | | | | | | | 1 | | |
| സീഡ് ഫാം, നടവരമ്പ് | | | | | 1 | 1 | | 28 | | |
| സീഡ് ഫാം, കോടശ്ശേരി | | 1 | | | | 2 | 2 | | | |
| സീഡ് ഫാം, ചേലക്കര | 1 | 1 | | 1 | 1 | | | 1 | | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| സീഡ്ഫാം, മണ്ണുത്തി | | | | 2 | | 1 | 2 | 5 | 1 | 1 |
| ആകെ | 132 | 3 | 9 | 3 | 5 | 5 | 4 | 36 | 1 | 1 |

2016-17 സാമ്പത്തികവർഷം വരെ ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ, യന്ത്രോപകരണങ്ങൾ വാടകയ്ക്ക് നൽകുന്നതിന് തയ്യാറാക്കിയ അംഗീകരിച്ച ബൈലോ, വാടകയ്ക്ക് നൽകിയതിന്റെ രേഖകൾ, നിലവിൽ പ്രവർത്തനക്ഷമമായ യന്ത്രങ്ങൾ, പ്രവർത്തനക്ഷമമല്ലാത്തവ, യന്ത്രോപകരണങ്ങൾ കൈമാറുമ്പോൾ സ്ഥാപനവും ജില്ലാപഞ്ചായത്തും ഏർപ്പെട്ട കരാറുടമ്പടികൾ എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.76/4.12.17ന് മറുപടി ലഭ്യമാക്കിയില്ല. ഓരോ സ്ഥാപനത്തിനും ജില്ലാപഞ്ചായത്തിൽ നിന്നും അനുവദിച്ച യന്ത്രങ്ങളുടെ കൃത്യമായ വിവരം തയ്യാറാക്കി സ്റ്റോക്ക് രജിസ്റ്ററോടൊപ്പം മേൽപ്പറഞ്ഞ രേഖകളും ഹാജരാക്കേണ്ടതാണ്.

## 3-27 വിജ്ഞാൻ സാഗർ പദ്ധതി - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ചെലവു തുക തടസ്സപ്പെടുത്തുന്നു

പദ്ധതി നമ്പർ - 351/16-17, വിജ്ഞാൻ സാഗർ പദ്ധതിക്ക് വിഹിതം നൽകൽ

വികസന ഫണ്ട് അടങ്കൽ തുക - 2,75,00,000 രൂപ

ചെലവ് - 2,75,00,000 രൂപ

ട്രഷറി ബിൽ നം 26/9.3.2017 -2,00,00,000/-

ട്രഷറി ബിൽ നം 40/30.3.2017- 75,00,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ജില്ലാ പഞ്ചായത്തിന്റെ സ്വപ്ന പദ്ധതിയായി വിശേഷിപ്പിക്കപ്പെടുന്ന വിജ്ഞാൻ സാഗർ പദ്ധതിക്കു വേണ്ടി 2016-17 സാമ്പത്തികവർഷം വരെ ജില്ലാ പഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. ഇതു കൂടാതെ തൃശ്ശൂർ ജില്ലയിലെ മറ്റു തദ്ദേശ സ്വയം ഭരണ വകുപ്പ് സ്ഥാപനങ്ങളിൽ നിന്നും ഈ പദ്ധതിക്കു വേണ്ടി ധനസഹായം ലഭിച്ചിട്ടുണ്ട്.

| വർഷം | തുക |
|---|---|
| 2006-07 | 92,00,000 |
| 2007-08 | 5,00,000 |
| 2008-09 | - |
| 2009-10 | 10,00,000 |
| 2010-11 | 15,19,092 |
| 2011-12 | - |
| 2012-13 | - |
| 2013-14 | - |
| 2014-15 | 50,00,000 |
| 2015-16 | 50,00,000 |
| 2016-17 | 2,75,00,000 |
| ആകെ | 4,97,19,092 |

1. വിജ്ഞാൻ സാഗർ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ISROനിന്ന് 50 ലക്ഷം രൂപയും എം.പി.ഫണ്ട് 50 ലക്ഷം രൂപയും അടക്കം 1 കോടി രൂപ ഈ പദ്ധതിക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്നതായി

മനസ്സിലാകുന്നു. 11.07.2016 ലെ മിനിട്ട്സ് ബുക്ക് അജണ്ട VII ലും ഈ കാര്യം പരാമർശിക്കുന്നു.

മേൽപ്പറഞ്ഞ തുക കൂടി ഉൾപ്പെടുത്തി 2.50 കോടി രൂപയുടെ പദ്ധതി തയ്യാറാക്കാനാണ് ജില്ലാ പഞ്ചായത്ത് ലക്ഷ്യമിട്ടിരുന്നത്. ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 15.2.2017ലെ 13 -ാം നമ്പർ പ്രകാരം 2,00,00,000 രൂപയാണ് വിജ്ഞാൻ സാഗർ ഫണ്ട് ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറാൻ തീരുമാനിച്ചത്. എന്നാൽ തൻവർഷം 2,75,00,000 രൂപയാണ് പദ്ധതി ഡയറക്ടർ കൂടിയായ തൃശ്ശൂർ ജില്ലാ കളക്ടർ മുഖാന്തിരം പദ്ധതി അക്കൗണ്ടിലേക്ക് (നം.020801000014293 ഇന്ത്യൻ ഓവർസീസ് ബാങ്ക്) കൈമാറിയിരിക്കുന്നത്. ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിൽ നിന്നും വ്യത്യസ്തമായി അധിക വിഹിതമായി 75,00,000 രൂപ കൂടി വകയിരുത്താനുണ്ടായ സാഹചര്യവും എം.പി. ഫണ്ട്, ഐ.എസ്.ആർ.ഒ വിഹിതം ലഭ്യമായിട്ടുണ്ടോ എന്ന വിവരവും ഫയലിൽ നിന്നും വ്യക്തമല്ല. പ്രൊജക്ട്, റിവൈഡ്സ് പ്രൊജക്ട് എന്നിവയും പരിശോധനയ്ക്ക് ലഭ്യമായില്ല. 2016-17 വർഷം പദ്ധതി നിർവ്വഹണത്തിനായി കൈമാറിയ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം, ചെലവു സ്റ്റേറ്റ്മെന്റ് എന്നിവയും ലഭ്യമാക്കിയിട്ടില്ല.

2. 11.07.16ലെ മിനിറ്റ് ബുക്ക് അജണ്ടയിൽ പദ്ധതിയുടെ ഭാഗമായി നിർമ്മിതി കേന്ദ്ര പണിത കെട്ടിടം ചോർന്നൊലിക്കുന്നുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുന്നതിനാവശ്യമായ രേഖകൾ ഫയലിനോടൊപ്പം ലഭ്യമാക്കാത്തതിനാൽ ആയതിന്റെ നിജസ്ഥിതി വിലയിരുത്താൻ കഴിഞ്ഞിട്ടില്ല. പദ്ധതി നാളിതു വരെ കൈവരിച്ച ഭൗതിക പുരോഗതിയുടെ വിശദാംശം നിർമ്മാണ പ്രവർത്തി ഏജൻസിയായ നിർമ്മിതി കേന്ദ്ര യുമായുള്ള കരാർ, കരാർ പ്രകാരമുള്ള പ്രവൃത്തികളുടെ പാർട്ട് / ഫൈനൽ ബില്ലുകൾ എന്നിവയും പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല

മേൽപ്പറഞ്ഞ വിശദാംശം രേഖകൾ സഹിതം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 10/21.11.17) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ തൻവർഷത്തെ ചെലവു തുക 27500000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-28 അംഗപരിമിതർക്ക് മോട്ടോറൈസ്ഡ് വെഹിക്കിൾസ് ലഭ്യമാക്കൽ - അപാകതകൾ

പദ്ധതി നമ്പർ 25/16-17, അംഗപരിമിതർക്ക് മോട്ടോറൈസ്ഡ് വെഹിക്കിൾസ് ലഭ്യമാക്കൽ

അടങ്കൽ തുക - 15300000/- രൂപ

ചെലവ് - 15151884/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ –സെക്രട്ടറി

| ട്രഷറി ബിൽ നമ്പർ | തുക |
|---|---|
| 573/8.11.16 | 2749076 |
| 576/10.11.16 | 1598300 |
| 1117/27.3.17 | 3835920 |
| 1157/ 29.03.17 | 2493348 |
| 632/ 07.12.16 | 4475240 |
| ആകെ | 15151884 |

പദ്ധതി നം -790/16-17, അംഗപരിമിതരായ വനിതകൾക്ക് മോട്ടോറൈസ്ഡ് വെഹിക്കിൾസ് ലഭ്യമാക്കൽ

അടങ്കൽ തുക - 2500000 രൂപ

ചെലവ് – 1470436 രൂപ

| ട്രഷറി ബിൽ നമ്പർ | തുക |
|---|---|
| 574/8.11.16 | 63932 |
| 575/10.11.16 | 1214708 |
| 1156/29.3.17 | 191796 |
| ആകെ | 1470436 |

അംഗപരിമിതർക്ക് മോട്ടോറൈസ്ഡ് വെഹിക്കിൾസ് ലഭ്യമാക്കൽ പദ്ധതി പ്രകാരം തൻവർഷത്തിൽ മേൽപ്പറഞ്ഞ തുക ചെലവഴിച്ചിട്ടുണ്ട്. നിരീക്ഷിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

ഗുണഭോക്താക്കളുടെ അപേക്ഷകൾ സ്റ്റോക്ക് / വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ, വാഹനം കൈപ്പറ്റിയ ഭൂരിഭാഗം പേരും പെർമെനന്റ് രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ ലഭ്യമാക്കിയതിന്റെ വിശദാംശങ്ങളില്ല. ഗുണഭോക്താക്കളായ അംഗ പരിമിതർക്ക് ഉപയോഗപ്രദമാവുന്നതിനാണ് വെഹിക്കിളുകൾ വിതരണം ചെയ്യുന്നത്. ആയതിനാൽ ടി ഗുണഭോക്താക്കൾ മോട്ടോർവെഹിക്കിൾ ഡിപ്പാർട്ടുമെന്റിൽ നിന്നും നിർബന്ധമായും ലൈസൻസ് നേടിയിരിക്കണം. വാഹനത്തിന്റെ ഉടമസ്ഥത ഗുണഭോക്താക്കളിൽ തന്നെ നിക്ഷിപ്തമായിരിക്കുകയും വേണം. ഈ രണ്ടു കാര്യങ്ങൾ ഉറപ്പുവരുത്തിയാൽ മാത്രമേ പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിച്ചു എന്ന് വിലയിരുത്താനാകൂ. വാഹനം മറ്റൊരാൾക്ക് കൈമാറുകയില്ലെന്നും കൈപ്പറ്റി 3 മാസത്തിനുള്ളിൽ പെർമനന്റ് രജിസ്ട്രേഷനും ലൈസൻസും ഹാജരാക്കിക്കൊള്ളാമെന്നുള്ള സമ്മതപത്രം കരാർ എന്നിവ ഓരോ ഗുണഭോക്താവിൽ നിന്നും വാങ്ങിവെച്ചിട്ടുണ്ടെങ്കിലും ഭൂരിഭാഗം പേരും ടി നിബന്ധന പാലിച്ചിട്ടില്ല. ഗുണഭോക്താക്കൾ ലൈസൻസ് /രജിസ്ട്രേഷൻ നേടി വാഹനം ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നുറപ്പുവരുത്താൻ ജില്ലാ പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതി ഇക്കാര്യം വിലയിരുത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. 2014-15 മുതൽ 2016-17 വരെ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പദ്ധതി നമ്പർ | ചെലവഴിച്ച തുക |
|---|---|---|
| 2014-15 | 376 | 21984513 |
| 2014-15 | 703 | 1257700 |
| 2014-15 | 704 | 125770 |
| 2015-16 | 85 | 12945975 |
| 2015-16 | 663 | 4276115 |
| 2016-17 | 25 | 15151884 |
| 2016-17 | 790 | 1470436 |
| | ആകെ | 57212393 രൂപ |

5,72,12,393 രൂപയ്ക്ക് വിതരണം ചെയ്ത വാഹനങ്ങളുടെ വിശദാംശം, അവരിൽ എത്രപേർ ലൈസൻസ്/രജിസ്ട്രേഷൻ

നേടിയതിന്റെ വിവരവും ചുവടെ ചേർക്കുന്നു.

| വർഷം | വിതരണം ചെയ്ത വാഹനങ്ങൾ | പെർമനന്റ് രജിസ്ട്രേഷൻ എണ്ണം | ലൈസൻസ് ലഭ്യമാക്കിയവർ എണ്ണം |
|---|---|---|---|
| 2014-15 | 370 | 257 | 5 |
| 2015-16 | 272 | 25 | 7 |
| 2016-17 | 260 | 5 | - |

മേൽപ്പറഞ്ഞ വിശദാംശങ്ങളിൽ നിന്നും ധാരാളം വാഹനങ്ങൾ യഥാർത്ഥ ഗുണഭോക്താക്കളല്ല ഉപയോഗിക്കുന്നതെന്നും അല്ലെങ്കിൽ ഗുണഭോക്താക്കൾ വാഹനം ഉപയോഗപ്പെടുത്തുന്നില്ല എന്ന നിഗമനത്തിലാണ് എത്താൻ കഴിയുന്നത്. മാത്രമല്ല ഇത്തരം വാഹനങ്ങൾ ഉപയോഗിക്കുമ്പോൾ ഉടമയ്ക്കോ മറ്റുള്ളവർക്കോ അപകടമുണ്ടായാൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിന് അപകടസമയത്ത് വാഹനം ഓടിക്കുന്ന ആൾക്ക് ലൈസൻസ് ആവശ്യമാണ്. കുറഞ്ഞത് 40% എങ്കിലും വൈകല്യം ഉള്ളവർക്കാണ് വാഹനം നൽകിയിട്ടുള്ളത്. ഇവരിൽ ഭൂരിഭാഗം പേർക്കും വാഹനം ഓടിക്കുന്നതിനുള്ള ലൈസൻസില്ല എന്നതിനാൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുകയില്ല. മേൽ വിവരിച്ച സാഹചര്യത്തിൽ പദ്ധതി നടത്തിപ്പ് വിലയിരുത്തി എല്ലാ ഗുണഭോക്താക്കളും ലൈസൻസ് നേടി വാഹനം ഉപയോഗപ്പെടുത്തുന്നു എന്ന ഉറപ്പു വരുത്തേണ്ടത് ജില്ലാ പഞ്ചായത്തിന്റെ ചുമതലയാണ്. ഈ വിഷയത്തിൽ ഭരണവകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-29 എസ്.എസ്.എ. വിഹിതം നൽകൽ - അപാകതകൾ

പദ്ധതി നമ്പർ - 871/16-17, എസ്.എസ്.എ. വിഹിതം നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ തുക - 79487710 രൂപ

ചെലവ് - 79487710 രൂപ

| ട്രഷറി ബിൽ നമ്പർ | തുക |
|---|---|
| 870/16-17 തീ.04.03.17 | 36500000 |
| 939/16-17 | 4200000 |
| 1103/16-17/ 30.03.17 | 2767276 |
| 1122/16-17/ 30.03.17 | 36020434 |
| ആകെ | 79487710 |

എസ്.എസ്.എ. തൃശ്ശൂർ ജില്ലാ പ്രൊജക്ട് ഓഫീസറുടെ, 24.12.2016-ലെ ബിൽ 270/എസ്.എസ്.എ. തൃശ്ശൂർ/2016-17 നമ്പർ കത്ത് മുഖേന ആവശ്യപ്പെട്ടതനുസരിച്ച് 7,94,87,710 രൂപ തൻവർഷം എസ്.എസ്.എ.ക്ക് വിഹിതമായി നൽകിയിട്ടുണ്ട്. ആയതിന്റെ ധനവിനിയോഗ സർട്ടിഫിക്കറ്റ്, ചെലവു സ്റ്റേറ്റുമെന്റ് പദ്ധതി രേഖകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകത കാണുന്നു.

തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ. (എം.എസ്.) നം. 4 /2016/ത.സ്വ.ഭ.വ. തിരു. തിയ്യതി 11.01.16) ഭാഗം 3 ഖ. 9(ii), ഭാഗം 4 ഖ. 11.6(i) എന്നിവ പ്രകാരം എസ്.എസ്.എ. പ്രൊജക്ടിലേക്ക് സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള തുക വകയിരുത്തണം. എസ്.എസ്.എ.യും വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ തദ്ദേശഭരണ സ്ഥാപനവും ചേർന്നാണ് പ്രൊജക്ട് തയ്യാറാക്കേണ്ടത്. വിദ്യാലയങ്ങളിലെ പൊതു വിഭാഗം, എസ് സി., എസ്.റ്റി. കുട്ടികളുടെ എണ്ണത്തിന്റെ അനുപാതത്തിൽ വിഹിതം വകയിരുത്താവുന്നതാണ്. ഓരോ സ്കൂളിലേയും ഓരോ വിഭാഗം കുട്ടികളുടേയും എണ്ണവും ശതമാനവും സംബന്ധിച്ച സ്കൂൾ ഹെഡ്മാസ്റ്ററുടെ സാക്ഷ്യപത്രം നിർബന്ധമായും പ്രൊജക്ടിനൊപ്പം സമർപ്പിക്കണം. മേൽപ്പറഞ്ഞ രേഖകളോ, ചെലവിന്റെ എസ്റ്റിമേറ്റോ എസ്.എസ്.എ. ലഭ്യമാക്കിയിട്ടില്ല. 24.12.2016ലെ കത്തിൽ എസ്.എസ്.എ. 7 കോടിയിൽപ്പരം രൂപ ആവശ്യപ്പെട്ടത് സർക്കാർ നിശ്ചയിച്ച മാനദണ്ഡ പ്രകാരമുള്ള തുകയാണോ എന്ന് പരിശോധിക്കാതെയാണ് ജില്ലാ പഞ്ചായത്ത് വിഹിതം കൈമാറിയിരിക്കുന്നത്. ധന വിനിയോഗ സർട്ടിഫിക്കറ്റിനോടൊപ്പം ലഭ്യമാക്കിയ ചെലവ് സ്റ്റേറ്റ്മെന്റിൽ ആകെ തുക 11,43,13,435 രൂപയാണ്. ടി തുകയുടെ 40% തുക കൈമാറേണ്ടതിനു പകരം 70% വരുന്ന തുക 7,94,87,710 രൂപ എസ്.എസ്.എ.ക്ക് കൈമാറിയത് ക്രമവിരുദ്ധമാണ്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 7/18.11.2017)

## 3-30 അരിമ്പൂർ ഗ്രാമപഞ്ചായത്ത് സമഗ്ര കുടിവെള്ള പദ്ധതി - ഒരു കോടി ഒരു ലക്ഷം രൂപ വിഹിതം കൈമാറി - ധനവിനിയോഗ സാക്ഷ്യപത്രം, പദ്ധതി നിർവ്വഹണ വിശദാംശം എന്നിവയുടെ അഭാവത്തിൽ തൻ വർഷത്തെ ചെലവ് തുക തടസ്സപ്പെടുത്തുന്നു

പദ്ധതി നമ്പർ - 22/16-17, അരിമ്പൂർ ഗ്രാമപഞ്ചായത്ത് സമഗ്ര കുടിവെള്ള പദ്ധതി

അടങ്കൽ തുക - 5000000 രൂപ

ചെലവ് - 5000000 രൂപ

ട്രഷറി ബിൽ നമ്പർ – 936/16-17 dt.04.03.17

മേൽപ്പറഞ്ഞ ബഹു വർഷ സംയുക്ത പദ്ധതിയുടെ ഭാഗമായി ഒരു കോടി ഒരു ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് വിഹിതം അരിമ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് കൈമാറിയിട്ടുണ്ട്. 2012 -13ൽ തുടക്കമിട്ട പദ്ധതിക്ക് 2013-14ൽ ജില്ലാപഞ്ചായത്തിന്റെ തനതു ഫണ്ട് വിഹിതം 400000 രൂപ (ഡി.ഡി.നം.865539 തിയതി 09.04.13), 2014-15ൽ വികസന (ജനറൽ) ഫണ്ടിൽ നിന്ന് 4700000 രൂപയും (ഡിഡിനം.165357/19.03.15) അടക്കം 5100000 രൂപ മുൻ വർഷങ്ങളിൽ അരിമ്പൂർ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. തൻ വർഷത്തെ 5000000 രൂപയടക്കം ആകെ 1 കോടി 1 ലക്ഷം രൂപ നൽകി കഴിഞ്ഞു. 2016-17 വാർഷിക പദ്ധതിക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 6.15(vii)ൽ സംയുക്ത പ്രൊജക്ടിൽ പങ്കാളികളാകുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ ഒരു കരാറുടമ്പടിയിൽ ഏർപ്പെടേണ്ടതാണെന്ന് നിർദ്ദേശമുണ്ട്. അപ്രകാരം കരാറിൽ ഏർപ്പെട്ടിട്ടില്ല.

കൈമാറിയ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം, ചെലവിന്റെ വിശദാംശം തുടങ്ങിയവ നാളിതുവരെ ലഭ്യമായിട്ടില്ല. ആദ്യ ഘട്ടത്തിൽ നൽകിയ 5100000 രൂപ വാട്ടർഅതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തു എന്ന് അരിമ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. (16.02.17ലെ A2/16-17ലെ ഗ്രാമപഞ്ചായത്ത് സാക്ഷ്യപത്രം) എന്നാൽ മേൽപദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ വാട്ടർ അതോറിറ്റി എത്രത്തോളം നിർവ്വഹിച്ചു എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

2016-17ലെ വിഹിതമായി കൈമാറിയ 5000000 രൂപ ഉൾപ്പെടുത്തി ഗ്രാ.പ തയ്യാറാക്കിയ പദ്ധതി ഡെപ്പോസിറ്റ് വർക്ക് എന്ന നിലയിലാണ്. എന്നാൽ പദ്ധതിയുടെ ഭാഗമായി നടപ്പാക്കാനുദ്ദേശിക്കുന്ന ചാലുകളും സംരക്ഷണ ഭിത്തി നിർമ്മാണം എന്ന പ്രവൃത്തി വാട്ടർ അതോറിറ്റി ഏറ്റെടുക്കാൻ വിസമ്മതിച്ചതിനാൽ അക്രെഡിറ്റഡ് ഏജൻസിയായ SEUF നെ പ്രവൃത്തി ഏൽപ്പിക്കാനും നിർവ്വഹണ ചുമതല LSGD എഞ്ചിനിയറെ ഏൽപ്പിക്കാനും എടുത്ത പഞ്ചായത്ത് തീരുമാനത്തിന്റെ പകർപ്പ് ഫയലിനോടൊപ്പമുണ്ട് (30.03.17 ലെ 2(1) തീരുമാനം) ആയതു

പ്രകാരം പദ്ധതി റിവൈസ് ചെയ്തിട്ടില്ല. കുടിവെള്ള പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് ആയത് ലക്ഷ്യം കൈവരിച്ചുവെന്ന് ഉറപ്പുവരുത്തുന്നതിനു വേണ്ട നടപടികൾ ജില്ലാപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. നാളിതു വരെയുള്ള ഭൗതിക പുരോഗതി റിപ്പോർട്ട് ഗ്രാമപഞ്ചായത്തിൽ നിന്നും വാങ്ങി പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ തൻ വർഷത്തെ ചെലവു തുക 5000000 രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-31 സംയുക്ത പ്രൊജക്ടുകൾക്ക് വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറിയത് രേഖകൾ ലഭ്യമാക്കിയിട്ടില്ല-ചെലവു തുക തടസ്സപ്പെടുത്തുന്നു

2016-17 സാമ്പത്തിക വർഷം ജില്ലാപഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന സംയുക്ത പ്രൊജക്ടുകൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതികൾ നടപ്പാക്കിയതുമായി ബന്ധപ്പെട്ട് യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ടിന്റെ പേര്, നമ്പർ, അടങ്കൽ | 2016-17 ൽ കൈമാറിയ തുക, ട്രഷറി ബിൽ നമ്പർ, തിയ്യതി | കൈപ്പറ്റിയ സ്ഥാപനം | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | കൈപ്പമംഗലം ഗ്രാമപഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സ് 901/17 | 2500000 1123/16-17 30.03.17 | സെക്രട്ടറി, കൈപ്പമംഗലം ഗ്രാമപഞ്ചായത്ത് | കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട്, ഫൈനൽ ബില്ലിന്റെ പകർപ്പ് |
| 2 | നെറുവിൻകുന്ന്, മുല്ലക്കൽ പട്ടികജാതി കോളനി കുടിവെള്ള പദ്ധതി 287/17 | 252470 1612/16-17 15.03.17 | സെക്രട്ടറി, മുള്ളൂർക്കര ഗ്രാ.പ | ,, |
| 3 | കരുവന്നൂർ വാട്ടർ ഷെഡ്-മണലി സബ് ബെയിസിൻ പ്ലാൻ തയ്യാറാക്കൽ 685/17 | 200000 994/9.3.17 & 1020/13.03.17 | സെക്രട്ടറി, പുത്തൂർ, പാണഞ്ചേരി ഗ്രാമപഞ്ചായത്ത് | ,, |

| | | | | |
|---|---|---|---|---|
| 4 | ഐ.കെ.എം. വിഹിതം 629/17 | 1037485 633/15.12.16 & 1143/30.03.17 | എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം | ധനവിനിയോഗ സാക്ഷ്യപത്രം |
| | ആകെ | 39,89,955/- | | |

രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 39,89,955/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-32 സെക്രട്ടറി നടപ്പാക്കിയ പ്രൊജക്ടിന്റെ ഫയൽ ഹാജരാക്കിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു

പദ്ധതി നമ്പർ 15/17, പട്ടികജാതിക്കാർക്ക് ഭൂരഹിത ഭവന രഹിത പുനരധിവാസ പദ്ധതികളിൽ ബാക്കി വിഹിതം നൽകുന്നതിനുള്ള പ്രൊജക്ട് (സ്പിൽ ഓവർ).

എസ്.സി.പി. അടങ്കൽ തുക – 4083257 രൂപ, ചെലവ് - 70000 രൂപ,
ട്രഷറി ബിൽ നമ്പർ – 1107/16-17/ 30.03.17

സെക്രട്ടറിയുടെ ട്രഷറി ബിൽ ബുക്ക് പ്രകാരം മേൽ പറഞ്ഞ തുക ചെലവ് വന്നിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട പ്രൊജക്ട് ഫയലും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. 1997ലെ കേരള പഞ്ചായത്ത് രാജ്/മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ ചട്ടം 12(1), 12(2) എന്നിവ പ്രകാരം ഓഡിറ്റർ രേഖാമൂലം ആവശ്യപ്പെടുന്ന രേഖകളോ കണക്കോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ല എന്ന് കരുതപ്പെടുന്നതും അതനുസരിച്ച് നിഗമനത്തിൽ എത്താവുന്നതുമാണ്. ഓഡിറ്റ് അന്വേഷണം (നം.54/30.01.17) മുഖേന ആവശ്യപ്പെട്ടിട്ടും ഫയൽ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക 70000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-33 മെച്ചപ്പെട്ട വിദ്യാഭ്യാസ പദ്ധതി - സർക്കാർ മാർഗ്ഗ നിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിക്കുന്ന പ്രവണത ആവർത്തിക്കുന്നു

പദ്ധതി നമ്പർ - 457/17 – മെച്ചപ്പെട്ട വിദ്യാഭ്യാസ പദ്ധതി

എസ്.സി.പി. അടങ്കൽ തുക – 5,39,801 രൂപ, ചെലവ് – 5,39,801 രൂപ

ട്രഷറി ബിൽ നം. 1/16-17, തീ.21.12.16, തുക – 2,32,431

" " 2/16-17, തീ.28.12.16, തുക – 1,47,205

" " 3/16-17, തീ.24.03.17, തുക – 1,60,165

ജില്ലാ പട്ടിക ജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതി പ്രകാരം അൻസാർ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പെരുമ്പിലാവ്, സെന്റ് പോൾസ് സി.ഇ.എച്ച്.എസ്.എസ് കുരിയച്ചിറ എന്നീ സ്കൂളുകളിൽ താമസിച്ച് പഠിച്ച് വരുന്ന പട്ടിക ജാതി വിഭാഗത്തിൽ വരുന്ന വിദ്യാർത്ഥികളുടെ പഠന ചെലവുകൾക്കായി സ്കൂളിൽ നിന്നും ലഭ്യമാക്കിയ സ്റ്റേറ്റ് മെന്റ് പ്രകാരം സ്കൂൾ അക്കൗണ്ടിലേക്ക് തുക കൈമാറിയിട്ടുണ്ട്. മേൽ പ്രകാരമുള്ള പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിരുന്നു എങ്കിലും തൻവർഷത്തിലും ആവർത്തിച്ചിരിക്കുന്നു. വിശദാംശം താഴെ ചേർക്കുന്നു.

1) 2016-17 വാർഷിക പദ്ധതി നിർവ്വഹണത്തിന് ബാധകമായ മാർഗ്ഗരേഖ പ്രകാരം {സ.ഉ. (എം.എസ്) നം.

4/2016/ത.സ്വ.ഭ.വ തീ.11.01.2016} റസിഡൻഷ്യൽ സ്കൂളുകളിൽ താമസിച്ച് പഠിച്ച് വരുന്ന വിദ്യാർത്ഥികൾക്ക് ബോർഡിംഗ്, ഭക്ഷണ ചെലവുകൾക്കായി പദ്ധതി തയ്യാറാക്കാമെന്ന നിർദ്ദേശം ഉൾപ്പെടുത്തി കാണുന്നില്ല. മാത്രമല്ല ഓരോ വിദ്യാർത്ഥിക്കും നിശ്ചിത തുക അനുവദിച്ചതിന്റെ മാനദണ്ഡം പ്രൊജക്ടിൽ വ്യക്തമാക്കിയിട്ടില്ല. 11.01.2016ലെ സർക്കാർ ഉത്തരവിൽ ഇത്തരമൊരു പദ്ധതി നടപ്പാക്കാവുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം ഇല്ല എന്നുള്ളതു കൊണ്ടു തന്നെ അനുവദിക്കാവുന്ന തുകയെപ്പറ്റിയും പറയുന്നില്ല. മേൽ സൂചിപ്പിച്ച സ്കൂളുകളിൽ പഠിക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് 2016-17 വർഷത്തിലെ ബോർഡിംഗ്, ഭക്ഷണ, പഠന ചെലവുകൾക്കായി ഒരു വിദ്യാർത്ഥിക്ക് ശരാശരി 6,000 രൂപ വച്ച് ആദ്യ തവണ 7 വിദ്യാർത്ഥികൾക്കും തുടർന്നുള്ള 2 തവണ 8 പേർക്കുമായി താഴെ പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

| കാലയളവ് | സ്ഥാപനം | വിദ്യാർത്ഥികളുടെ എണ്ണം | തുക | ഡി.ഡി. നമ്പർ/ രശീതി നമ്പർ |
|---|---|---|---|---|
| 05/16 to 08/16 | സെന്റ് പോൾസ് സ്കൂൾ | 1 | 24191 | 947072/ 22.12.16 |
| " | അൻസാർ സ്കൂൾ | 6 | 208240 | 947073/ 22.12.16 |
| 09/16 to 12/16 | സെന്റ് പോൾസ് സ്കൂൾ | 1 | 17500 | A/c ട്രാൻസ്ഫർ |
| " | അൻസാർ സ്കൂൾ | 7 | 129705 | " |
| 01/17 to 03/17 | സെന്റ് പോൾസ് സ്കൂൾ | 1 | 17500 | " |
| | അൻസാർ സ്കൂൾ | 7 | 129705 | " |
| ആകെ | | | 526841 | |

പട്ടികജാതി വികസന വകുപ്പിന്റെ 14.05.14ലെ സ.ഉ.(സാധാ) നം. 728/2014/പ.ജ.പ.വ.വി.വ. പ്രകാരം സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീ ആനുകൂല്യമായി 3,500 രൂപ പ്രതിമാസം നൽകാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശ ഭരണ വകുപ്പിൽ മേൽ വിഷയവുമായി ബന്ധപ്പെട്ട് ഒരു ഉത്തരവ് ഇല്ലാത്ത സാഹചര്യത്തിൽ പട്ടികജാതി വികസന വകുപ്പിൽ അത്തരം ഒരു ഉത്തരവുണ്ടെങ്കിൽ വകുപ്പ് അനുവദിക്കുന്ന നിരക്കിൽ അധികരിച്ച് തുക നൽകാനും പാടില്ല. ആയതിന് വിരുദ്ധമായാണ് ഈ പദ്ധതിയിൽ ചെലവ് നടത്തിയിരിക്കുന്നത്.

ശരാശരി 8 വിദ്യാർത്ഥികൾക്ക് 11 മാസത്തേക്ക് ആകെ ചെലവ് 5,39,801 രൂപ

1 വിദ്യാർത്ഥിക്ക് പ്രതിമാസം വരുന്ന ചെലവ് 6,000 രൂപ

1 വിദ്യാർത്ഥിക്ക് പ്രതിമാസം അധികം നൽകിയ തുക 6000-3500=2500 രൂപ

1 വിദ്യാർത്ഥിക്ക് ഒരു വർഷത്തേക്ക് അധികം നൽകിയത് 2500*12=30000രൂപ

8 പേർക്ക് 1 വർഷത്തേക്ക് (8*30000) 2,40,000 രൂപ അധിക ചെലവാണ് നടത്തിയിരിക്കുന്നത്.

2) ഗുണഭോക്താക്കളായ കുട്ടികൾ പട്ടികജാതിക്കാരാണെന്ന് തെളിയിക്കുന്ന രേഖകൾ, വരുമാന സർട്ടിഫിക്കറ്റ്, കുട്ടികളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം, ഗ്രാമസഭയിൽ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് തുടങ്ങിയ രേഖകൾ ഒന്നും തന്നെ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.50/29.11.2017) നൽകിയ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. സ.ഉ (എം.എസ്.) നം.28/99/പ്ലാനിംഗ് തീ.15.06.99, സ.ഉ. നം.32/90/പ.ജാ.പ.വ.വി.വ തീ.25.05.90 എന്നീ ഉത്തരവുകൾ പ്രകാരമാണ് പദ്ധതി നടപ്പിലാക്കുന്നതെന്ന് മറുപടിയിൽ പറയുന്നു. 9-ാം പഞ്ചവൽസര പദ്ധതി കാലയളവിൽ മാത്രം ബാധകമായ കാലഹരണപ്പെട്ട മേൽ ഉത്തരവുകൾ പ്രകാരം പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി കാലയളവിലെ 2016-17 വർഷത്തിലും പദ്ധതി നിർവ്വഹണം നടത്തിയത് നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും മാർഗ്ഗരേഖയുടെയും

ഗുരുതരമായ ലംഘനമായി ഓഡിറ്റ് വിലയിരുത്തുന്നു. തൻവർഷത്തെ ചെലവ് തുക 539801 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-34 പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ - അപാകതകൾ

പദ്ധതി നം. 840/17, കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് നിർമ്മാണം.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മാനേജർ, ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ

അടങ്കൽ തുക – 55 ലക്ഷം രൂപ
ചെലവ് - 3760 രൂപ
ട്രഷറി ബിൽ നം. 3/16-17/22.03.17, തുക – 2010 രൂ
4/16-17/22.03.17, തുക – 1750 രൂപ

മേൽപ്പറഞ്ഞ പദ്ധതിയുടെ ഭാഗമായി പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുവാൻ കൈപ്പറമ്പ് പഞ്ചായത്തിലെ വേളക്കോട് എസ്റ്റേറ്റിൽ ഡയമണ്ട് ക്ലസ്റ്ററിന് വേണ്ടി നിർമ്മിച്ച കെട്ടിടം (1600 sq.feet) ഉപയോഗിക്കുവാൻ തീരുമാനമെടുത്തതായി ഫയൽ (B-5/289/17) പരിശോധനയിൽ കാണുന്നു. എന്നാൽ ജില്ലാ പഞ്ചായത്ത് ഭരണ സമിതി തീരുമാനം ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല. മാലിന്യ സംസ്കരണ പദ്ധതിയെ സംബന്ധിച്ച ഡീറ്റെയിൽഡ് പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. മെഷീനറി പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുകയാണ് പ്രാരംഭ നടപടിയായി ചെയ്തിരിക്കുന്നത്. എന്നാൽ പ്ലാസ്റ്റിക് മാലിന്യ ശേഖരണം, ആയത് സംസ്കരണ സ്ഥലത്ത് എപ്രകാരം എത്തിക്കും, ആരാണ് ചുമതലക്കാർ, പ്ലാന്റിന്റെ തുടർനടത്തിപ്പ്, പരിപാലനം, സംരക്ഷണ ചുമതല തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമല്ല. എസ്റ്റിമേറ്റ്, സൈറ്റ് പ്ലാൻ, ലൊക്കേഷൻ മാപ്പ് എന്നിവ ഫയലിനോടൊപ്പം ഇല്ല. പ്ലാന്റ് സ്ഥാപനവുമായി ബന്ധപ്പെട്ട് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭ്യമാക്കിയിട്ടില്ല.

08.03.2017ലെ ഡി.ജി.ടി/813/17 നമ്പർ കത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് 1750 രൂപ ജില്ലാ ഭൂജല വകുപ്പ് ഓഫീസിൽ അടവാക്കിയിട്ടുണ്ട്. വൈദ്യുതി കണക്ഷന് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയർ, മുണ്ടൂർ ഓഫീസിലേക്ക് 2010 രൂപയും തൻവർഷം കൈമാറി. ആയതിന്റെ ട്രഷറി ചലാൻ/കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 74/04.12.17) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കാത്ത സാഹചര്യത്തിൽ തൻവർഷത്തെ ചെലവു തുക 3760/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-35 ജില്ലാ ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന് -തുക നൽകി വളരെ നാളായിട്ടും മരുന്ന് ലഭ്യമായിട്ടില്ല- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രൊജക്ട് നമ്പർ -SO 842/17
അടങ്കൽ
ചെലവ് 400000
ബിൽ നമ്പർ 2/ തിയ്യതി 16.2.2017
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, ഹോമിയോ

2016-17 സാമ്പത്തിക വർഷത്തിൽ ജില്ലാ ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്നും ലാബ് റീഏജന്റും വാങ്ങൽ ഹോമിയോ എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക് 400000 രൂപ ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും 100000 രൂപയുടെമരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി 300000രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-36 വൈദ്യുത ബില്ലിലെ കുടിശ്ശിക ഒഴിവാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്

പ്രോജക്ട് നമ്പർ - വടക്കാഞ്ചേരി ജില്ലാ ആശുപത്രി - കണ്ടിജൻസി ചെലവുകൾ

പ്രോജക്ട് നമ്പർ - s694/17

അടങ്കൽ - 1300000/- (217015-തനതുഫണ്ട്

1082985-റോഡിതരം)

ചെലവ് വിവരം

ട്രഷറി ബിൽ നമ്പർ-1) 2/16-17/21.2.17/754447 രൂപ

2) 8/16-17/30.3.17/144533 രൂപ

3) തനതുഫണ്ട്-202714/-

വൗച്ചർ നമ്പർ-216013030/28.3.17

ചെക്ക് നമ്പർ-2212091/28.3.17

നിർവ്വഹണ ഉദ്യോഗസ്ഥൻ-സൂപ്രണ്ട്, ജില്ലാ ആശുപത്രി, വടക്കാഞ്ചേരി

2016-17 സാമ്പത്തികവർഷം ജില്ലാ ആശുപത്രി വടക്കാഞ്ചേരിയുടെ കണ്ടിജൻസി ചെലവുകൾക്കുള്ള തുക ഒടുക്കുന്നതിനായി നടപ്പാക്കിയ മേൽ പദ്ധതിയിൽ ചെലവ് തുക 1101694 രൂപ പൂർണ്ണമായും ആശുപത്രിയിലെ 9 കൺസ്യൂമർ നമ്പരുകളിലെ വൈദ്യുതബിൽ അടവാക്കാനാണ് ഉപയോഗിച്ചിരിക്കുന്നത്. ചെലവ് രേഖകൾ പരിശോധിച്ചതിൽ താഴെ പ്പറയുന്ന അപാകതകൾ കാണുന്നു.

1) വൈദ്യുതബിൽ തുക കെ.എസ്.ഇ.ബി. യിൽ അടവാക്കിയതിന്റെ ഔദ്യോഗിക കൈപ്പറ്റു രസീതി ഇല്ല.

2) മിക്കവാറും എല്ലാ വൈദ്യുതബില്ലിലും കുടിശ്ശിക എന്നു കാണിച്ചിരിക്കുന്നു. കുടിശ്ശിക ഒഴിവാക്കിയാണ് ബിൽ അടച്ചിരിക്കുന്നത്. ഏതു വർഷത്തെ കുടിശ്ശിക ആണെന്ന് വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നമ്പർ.71/4.12.17) മറുപടി ലഭ്യമാക്കിയില്ല. തൊട്ടു മുൻ ബില്ലിലെ തുകയും കുടിശ്ശികയും ചേർത്ത് അടുത്ത ബില്ലിലേക്ക് ചേർത്താണ് കുടിശ്ശിക കാണിച്ചിരിക്കുന്നത്. വൈദ്യുതിച്ചാർജ്ജ് അടവാക്കുന്നതിനുള്ള തുക ഡി.ഡി.യായി കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയർ വടക്കാഞ്ചേരിക്ക് കൈമാറിയിട്ടുണ്ട്. ആശുപത്രിയിലെ 9 കൺസ്യൂമർ നമ്പരുകളിലെ വൈദ്യുതബില്ലിലും ഇപ്രകാരം കുടിശ്ശിക കാണിക്കുന്നുണ്ട്.

ആശുപത്രി അടവാക്കിയ വൈദ്യുതിച്ചാർജ്ജിന് കെ.എസ്.ബി.യിൽ നിന്നും കൈപ്പറ്റുരസീതി ലഭിക്കാത്തതിനാൽ ബില്ലിൽ കുടിശ്ശിക കാണിക്കുന്ന തുക വീണ്ടും ഡിമാന്റ് ചെയ്യാനുള്ള സാധ്യത ഉള്ളതിനാൽ ഒടുക്കുന്നതുകകളുടെ കൈപ്പറ്റു രസീതിയും കുടിശ്ശിക സംബന്ധിച്ച കെ.എസ്.ഇ.ബി അധികൃതരുടെ വിശദീകരണവും രേഖാമൂലം വാങ്ങിസൂക്ഷിക്കേണ്ടതാണ്. കണ്ടിജന്റ് ഇനങ്ങളുടെ കൺസ്യൂമർ നമ്പർ, പ്രതിമാസ ഡിമാന്റ് തുക, അടവാക്കിയ വിവരം, ഡി.ഡി നമ്പർ തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 3-37 മലിന ജല ശുദ്ധീകരണ പ്ലാന്റ് നടത്തിപ്പ് - അപാകതകൾ - 420000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – സൂപ്രണ്ട്, ജില്ലാ ആശുപത്രി, വടക്കാഞ്ചേരി

2016-17 സാമ്പത്തികവർഷം മലിനീകരണ ശുദ്ധീകരണ പ്ലാന്റ് നടത്തിപ്പ് എന്ന പ്രോജക്ടിനായി സ്പിൽ ഓവറായും തൻ വർഷവും ചെലവ് വന്നിട്ടുണ്ട്. എന്നാൽ ചെലവുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമായില്ല. വിശദാംശങ്ങൾ

ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നമ്പർ | ട്രഷറി ബിൽ നമ്പർ/ തുക | നൽകിയ വിവരം | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | SO44/17 | 5/16-17 /20.2.17 തുക-150000 രൂപ | മലിന ജല ശുദ്ധീകരണ പ്ലാന്റ് നടത്തിപ്പിനും മെയിന്റനൻസിനുമായി ഗ്രീൻ മെത്തേഡ് എന്ന സ്ഥാപനത്തിനു നൽകി (അക്കൗണ്ട് ട്രാൻസ്ഫർ) | സ്ഥാപനത്തെ തെരെഞ്ഞെടുത്ത വിവരം, സ്ഥാപനവുമായുള്ള കരാർ, തുക കൈപ്പറ്റിയ വിവരം |
| 2 | SO900/ 17 | 9/16-17/ 30.3.17 തുക – 270000 രൂപ | മലിന ജല ശുദ്ധീകരണ പ്ലാന്റ് നടത്തിപ്പിനും മെയിന്റനൻസിനുമായി ഗ്രീൻ മെത്തേഡ് എന്ന സ്ഥാപനത്തിനു നൽകി (അക്കൗണ്ട് ട്രാൻസ്ഫർ) | സ്ഥാപനത്തെ തെരെഞ്ഞെടുത്ത വിവരം, സ്ഥാപനവുമായുള്ള കരാർ,തുക കൈപ്പറ്റിയ വിവരം |

രേഖകൾ ഹാജരാക്കുന്നതു വരെ ഈയിനത്തിൽ ചെലവഴിച്ച 420000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-38 ജൈവ മാലിന്യ സംസ്കരണം-ഇമേജ് -രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രോജക്റ്റ് നമ്പർ - so695/17

അടങ്കൽ - 200000

ചെലവ് - 135072

1) ട്രഷറി ബിൽ നമ്പർ - 2/16-17/21.2.17/86605 രൂപ
2) ട്രഷറി ബിൽ നമ്പർ - 10/16-17/30.3.17/48467 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സൂപ്രണ്ട്, ജില്ലാ ആശുപത്രി, വടക്കാഞ്ചേരി

2016-17 സാമ്പത്തിക വർഷത്തിൽ ആശുപത്രിയിലെ ജൈവമാലിന്യ സംസ്കരണത്തിനായി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) ട്രഷറി ബിൽ നമ്പർ 2/16-17/21.02.17 പ്രകാരം പിൻവലിച്ച 80605 രൂപ ഇമേജ് എന്ന സംഘടനയ്ക്ക് നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ കൈപ്പറ്റു രസീതി ഹാജരാക്കിയിട്ടില്ല.

2) ട്രഷറി ബിൽ നമ്പർ 10/16-17/30.3.17/48467 രൂപ കൂടി മേൽ പ്രോജക്ടിനായി ചെലവ് വന്നിട്ടുണ്ട്. ആയതിന്റെ ചെലവ് രേഖകൾ, പ്രോജക്റ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്ത 129072 രൂപയുടെ ചെലവ് (80605+48467 രൂപ) തടസ്സപ്പെടുത്തുന്നു.

## 3-39 ട്രാൻസ്ഫോർമർ സ്ഥാപിക്കൽ - തുക നൽകിയെങ്കിലും തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമല്ല

s697/17

അടങ്കൽ - 340000 രൂപ

ചെലവ് - 332000രൂപ

1/16-17/23.11.16/ 332000/-

നിർവഹണ ഉദ്യോഗസ്ഥൻ - സൂപ്രണ്ട്, ജില്ലാ ആശുപത്രി, വടക്കാഞ്ചേരി

ജില്ലാ ആശുപത്രി വടക്കാഞ്ചേരി ജെറിയാട്രിക് കെട്ടിടത്തിന്റെ ഡയാലിസിസ് യൂണിറ്റിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനു വേണ്ടി 100 KVA ട്രാൻസ് ഫോർമർ സ്ഥാപിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് സൂപ്രണ്ട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.എസ്.ഇ.ബി. വടക്കാഞ്ചേരിക്ക് സി-944/4.8.16 നമ്പർ കത്തു നല്കുകയും അതിൻ പ്രകാരം കെ.എസ്.ഇ.ബി.യുടെ 332000 രൂപയുടെ എസ്റ്റിമേറ്റ് നൽകുകയും എ.ഇ. ഇലക്ട്രിക്കൽ സെക്ഷൻ ഡി.ബി./72/16-17/20.8.16 കത്ത് പ്രകാരം മേൽ തുക അടവാക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ട്രഷറി ബിൽ ബുക്ക് നമ്പർ 1/16-17/23.11.16 പ്രകാരം തുക ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുമുണ്ട്. എന്നാൽ തുക നൽകിയതിന്റെ വിവരം, കൈപ്പറ്റ രസീതി, ട്രാൻസ് ഫോർമർ സ്ഥാപിച്ചതിന്റെ വിവരം, തുക വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതു വരെ ചെലവ് തുക 332000 രൂപയുടെ ചെലവ് ഓഡിററിൽ തടസ്സപ്പെടുത്തുന്നു.

## 3-40 പെയിൻ ആന്റ് പാലിയേറ്റീവ് - രേഖകൾ ഹാജരാക്കിയിട്ടില്ല

s696/17

അടങ്കൽ-150000 രൂപ (പൊതു വിഭാഗം സാധാരണ വിഹിതം)

ചെലവ് -71671രൂപ (ചെലവുപത്രിക പ്രകാരം)

ട്രഷറി ബിൽ നമ്പർ - 6/16-17/20.2.17/33885/-

ട്രഷറി ബിൽ നമ്പർ - 11/16-17/30.3.17/33786/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - സൂപ്രണ്ട്, ജില്ലാ ആശുപത്രി, വടക്കാഞ്ചേരി

ചെലവ് പത്രിക പ്രകാരം മേൽ പ്രോജക്റ്റിന്റെ ചെലവ് 71671 രൂപയാണ്. എന്നാൽ 67671 രൂപയുടെ രേഖകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. 4000 രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ട്രഷറി ബിൽ ബുക്ക് പ്രകാരം മേൽ പ്രോജക്റ്റിന് 67671/- രൂപയാണ് ചെലവ് വന്നിരിക്കുന്നത്. വിവിധ പഞ്ചായത്തുകളിൽ ഗൃഹസന്ദർശനം നടത്തിയതിന്റെ ചെലവുകളാണ് മേൽ പ്രോജക്റ്റ് പ്രകാരം വന്നിരിക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട് ഗൃഹസന്ദർശനം നടത്തിയതിന്റെ രജിസ്റ്റർ, പി.എം.സി. രജിസ്റ്റർ, നോമിനൽ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രജിസ്റ്ററുകൾ ഹാജരാക്കാത്തതിനാൽ ചെലവിന്റെ ആധികാരികത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. രജിസ്റ്ററുകൾ, രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. ചെലവു പത്രിക പ്രകാരം ചെലവു തുകയിൽ വ്യത്യാസം വന്നതിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്. രേഖകൾ ഹാജരാക്കാത്ത 67,671/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-41 പാണഞ്ചേരി വിത്തുല്പാദന കേന്ദ്രം - പുതിയ കെട്ടിടത്തിന്റെ വൈദ്യുതീകരണം-ഡെപ്പോസിറ്റ് വർക്ക്- ഫയൽ സൂക്ഷിപ്പ് /അക്കൗണ്ടിങ് ന്യൂനതകൾ

പ്രോജക്റ്റ് - എസ്.-875/17

നിർവ്വഹണം - കൃഷി അസിസ്റ്റന്റ് ഡയറക്ടർ, സംസ്ഥാന വിത്തുല്പാദന കേന്ദ്രം, പാണഞ്ചേരി

നിർവ്വഹണോദ്യോഗസ്ഥയുടെ ട്രഷറി ബിൽ നമ്പർ - 1 തീ- 20/3/2017 തുക-2,25,000

ജില്ലാ പഞ്ചായത്ത് വൗച്ചർ നമ്പർ -21600990 തീ.22/2/2017

മേൽ പ്രോജക്റ്റ് പ്രകാരം പാണഞ്ചേരി വിത്തുല്പാദന കേന്ദ്രത്തിലെ പുതിയ കെട്ടിടം വൈദ്യുതീകരിക്കുന്നതിനുള്ള ഡെപ്പോസിറ്റ് പ്രവൃത്തി ചെയ്യുന്നതിന് 2,25,000 രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ പി.ഡബ്ലിയു.ഡി.യ്ക്ക് നിർവ്വഹണോദ്യഗസ്ഥ കൈമാറിയതായി കാണുന്നുണ്ട്. ഈ തുക "8443-00-108 PW DEPOSIT" എന്ന ശീർഷകത്തിലാണ് ട്രഷറിയിലേയ്ക്ക് അടച്ചിരിക്കുന്നത്.

എ) എന്നാൽ തുക അടച്ചതിന് ട്രഷറി സീലോടു കൂടിയതും നിർവ്വഹണോദ്യഗസ്ഥ സാക്ഷ്യപ്പെടുത്തിയതുമായ പകർപ്പ് ചലാന്റെ ഫയലിൽ ലഭ്യമല്ല.

ബി) പ്രവൃത്തി നടപ്പാക്കുന്നതിന് കൃഷി അസിസ്റ്റന്റ് ഡയറക്ടർ, കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ പി.ഡബ്ലിയു.ഡി.യുമായി കരാറിലേർപ്പെട്ടില്ല.

മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ നിർവ്വഹണോദ്യോഗസ്ഥ നടപടി സ്വീകരിക്കേണ്ടതാണ്.

സി) <u>തുക ജില്ലാ പഞ്ചായത്ത് കണക്കിൽ ഉൾപ്പെടുത്തിയതിന്റെ ന്യൂനതകൾ (നിർവ്വഹണോദ്യഗസ്ഥയും ജില്ലാ പഞ്ചായത്തിലെ അക്കൗണ്ട്സ് വിഭാഗവും സംയുക്തമായി പരിഹരിക്കേണ്ടത്).</u>

ഡെപ്പോസിറ്റ് പ്രവൃത്തിക്ക് വേണ്ടിയാണ് തുക നൽകിയതെന്നതിനാൽ തുക നൽകിയപ്പോൾ '4........Advance to implementing agencies' എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നതിന് പകരം '410200199-Building-others' എന്ന ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തി. ഫൈനൽ ബിൽ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിന് മുമ്പ് അതായത് തുക ഡെപ്പോസിറ്റ് ചെയ്യപ്പോൾ ഉടൻ തന്നെ, ബന്ധപ്പെട്ട ആസ്തി ശീർഷകത്തിലേയ്ക്ക് ഡെബിറ്റ് ചെയ്തത് ശരിയായ നടപടിയല്ല. 31/3/2017ൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതാകുന്നു. മേൽ പ്രകാരം തെറ്റായി രേഖപ്പെടുത്തലുകൾ വരുത്തിയതിനാൽ ;

*i)* "ബാലൻസ്ഷീറ്റ് ഷെഡ്യൂൾ -18 (Loans,advances,deposits)" പ്രകാരം "Advance to implementing agencies" എന്ന ശീർഷകത്തിൽ 31/3/2017ൽ ബാലൻസ് തുക കാണുന്നില്ല. മാത്രമല്ല ഡെപ്പോസിറ്റ് രജിസ്റ്ററും എഴുതി സൂക്ഷിച്ചിട്ടില്ലാത്തതാകുന്നു. ഇപ്രകാരം ചെയ്യുന്നതിനാൽ ഡെപ്പോസിറ്റ് പ്രവൃത്തി പൂർത്തീകരിക്കുന്നത് നിരീക്ഷിക്കാൻ സാധിക്കുന്നതല്ല.

*ii)* പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മുമ്പ് ആസ്തി ശീർഷകത്തിൽ തുക വരവ് വച്ചതിനാൽ 31/3/2017ലെ "ബാലൻസ്ഷീറ്റ് ഷെഡ്യൂൾ -11 (Fixed assets)"ൽ "410200199-Building -others" എന്ന ശീർഷകത്തിൽ പൂർത്തീയാകാത്ത പ്രവൃത്തിയുടെ തുകയും ഉൾപ്പെടുന്നു.

ബാലൻസ്ഷീറ്റ് മേൽ പ്രകാരം വ്യതിയാനപ്പെട്ടിരിക്കുന്നു.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 16(3) പ്രകാരം നിർവ്വഹണോദ്യോഗസ്ഥൻ തൊട്ടടുത്ത മാസം 5-ാം തീയ്യതിക്കു മുമ്പായി തനിക്ക് കിട്ടിയ അലോട്ട്മെന്റിൽ നിന്നും ചെലവായ തുകയുടെ സ്റ്റേറ്റ്മെൻറ് സെക്രട്ടറിയ്ക്കു നൽകേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന സ്റ്റേറ്റ്മെന്റിലെ കണക്കുകളുടെ അടിസ്ഥാനത്തിൽ മാത്രം അക്കൗണ്ടിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിന് പകരം അലോട്ട്മെന്റ് നൽകുമ്പോൾ തന്നെ പഞ്ചായത്തിലെ കണക്കുകളിൽ ചെലവ് രേഖപ്പെടുത്തിവരുന്നതിനാലാണ് ഉപഖണ്ഡിക 'സി' പ്രകാരം വ്യത്യാസങ്ങൾ വരുന്നത്. ഇപ്രകാരമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനും നിർവ്വഹണോദ്യഗസ്ഥയും ജില്ലാ പഞ്ചായത്തിലെ അക്കൗണ്ട്സ് വിഭാഗവും നടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി-18 തീ.17/11/2017 - മറുപടി ലഭ്യമാക്കിയിട്ടില്ല)

## 3-42 <u>പഴയന്നൂർ വിത്തുല്പാദന കേന്ദ്രം - കുഴൽ കിണർ സ്ഥാപിക്കൽ -</u>

## ഡെപ്പോസിറ്റ് വർക്ക്-1,77,908/- രൂപ ജില്ലാ പഞ്ചായത്തിലേയ്ക്ക് തിരിച്ചടക്കണം- ചെലവ് രേഖപ്പെടുത്തുന്ന ശീർഷകങ്ങൾ കൃത്യമല്ല

പ്രോജക്ട്: എസ്.O-792/17,

നിർവ്വഹണം - കൃഷി അസിസ്റ്റന്റ് ഡയറക്ടർ, സംസ്ഥാന വിത്തുല്പാദന കേന്ദ്രം, പഴയന്നൂർ

ജില്ലാ പഞ്ചായത്ത് വൗച്ചർ നമ്പർ - 21601327 തീ.31/3/2017 തുക - 3,50,000

ജില്ലാ പഞ്ചായത്ത് ചെക്ക് നമ്പർ - 2212090

മേൽ പ്രോജക്ട് പ്രകാരം പഴയന്നൂർ വിത്തുല്പാദന കേന്ദ്രത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തിയായി കുഴൽ കിണർ സ്ഥാപിക്കുന്നതിന് മേൽ വൗച്ചർ/ചെക്ക് പ്രകാരം ജില്ലാ പഞ്ചായത്ത് നിർവ്വഹണോദ്യഗസ്ഥയ്ക്കും തുടർന്ന് നിർവ്വഹണോദ്യഗസ്ഥ ഭൂഗർഭ വകുപ്പ് ജില്ലാ ഓഫീസർക്കും 3,50,000 രൂപ നൽകിയിട്ടുണ്ട്.

എ) എന്നാൽ ഈ പ്രവൃത്തി നടപ്പാക്കുന്നതിന് 1,72,902 രൂപയാണ് ചെലവ് വന്നത്. ഈ തുകക്കുള്ള വിനിയോഗ സാക്ഷ്യപത്രം, അന്തിമ ബിൽ എന്നിവ ഭൂഗർഭ വകുപ്പ് ജില്ലാ ഓഫീസർ ലഭ്യമാക്കിയിട്ടുണ്ട്. (ഡി.ജി.ടി/2410/2016 തീ.3/10/2017). ചെലവ് കഴിഞ്ഞ് ബാക്കി തുകയായ 1,77,908 രൂപ (ചെക്ക് നമ്പർ 1918579 തീ.27/9/2017) കൃഷി അസിസ്റ്റന്റ് ഡയറക്ടർ, (സംസ്ഥാന വിത്തുല്പാദന കേന്ദ്രം, പഴയന്നൂർ) ഭൂഗർഭ വകുപ്പ് ജില്ലാ ഓഫീസറിൽ നിന്നും കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഈ തുക തിരികെ ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടില്ല.

നിർവ്വഹണോദ്യഗസ്ഥ ഈ തുക ഉടൻ ജില്ലാ പഞ്ചായത്തിലേയ്ക്ക് തിരികെ നൽകേണ്ടതാണ്. നിർവ്വഹണോദ്യഗസ്ഥയ്ക്ക് ചെക്ക് ആയി ലഭിച്ച തുക നാളിതുവരെയായി ജില്ലാ പഞ്ചായത്തിന് കൈമാറാതെ സൂക്ഷിച്ചതിന് കാരണം അറിയിക്കേണ്ടതാണ്. [കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 16(2)]. ഈ ചെക്ക് തുക നാളിതുവരെ നിക്ഷേപിച്ച ബാങ്ക് അക്കൗണ്ടിന്റെ വിവരങ്ങൾ, ഈ തുക പിൻവലിച്ച് കയ്യിൽ സൂക്ഷിച്ചിരുന്നോ തുടങ്ങിയ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

ബി) തുക കണക്കിൽ ഉൾപ്പെടുത്തിയതിന്റെ ന്യൂനതകൾ(നിർവ്വഹണോദ്യോഗസ്ഥയും ജില്ലാ പഞ്ചായത്തിലെ അക്കൗണ്ട്സ് വിഭാഗവും സംയുക്തമായി പരിഹരിക്കേണ്ടത്)

ഡെപ്പോസിറ്റ് പ്രവൃത്തിക്ക് വേണ്ടിയാണ് തുക നൽകിയതെന്നതിനാൽ തുക നൽകിയപ്പോൾ '4........Advance to implementing agencies' എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നതിന് പകരം '250102501-Agriculture and related sector -Infrastructure' എന്ന ചെലവ് ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തി. മേൽ പ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനാൽ ;

*i)* ഫൈനൽ ബിൽ, വിനിയോഗ സാക്ഷ്യപത്രം തുക എന്നിവ ലഭ്യമാക്കുന്നതിന് മുമ്പ് അതായത്, തുക ഡെപ്പോസിറ്റ് ചെയ്യുപ്പോൾ ഉടൻ തന്നെ, ചെലവ് രേഖപ്പെടുത്തിയത് ശരിയായ നടപടിയല്ല. 31/3/2017ൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതാകുന്നു. മേൽ പ്രകാരം തെറ്റായി രേഖപ്പെടുത്തലുകൾ വരുത്തിയതിനാൽ "ബാലൻസ്ഷീറ്റ് ഷെഡ്യൂൾ -18 loans, advances, deposits "ൽ "Advance to implementing agencies" എന്ന ശീർഷകത്തിൽ 31/3/2017ൽ ബാലൻസ് തുക കാണുന്നില്ല. മാത്രമല്ല ഡെപ്പോസിറ്റ് രജിസ്റ്ററും എഴുതി സൂക്ഷിച്ചിട്ടില്ലാത്തതാകുന്നു. ഇപ്രകാരം ചെയ്യതിനാൽ ഡെപ്പോസിറ്റ് പ്രവൃത്തി പൂർത്തീകരിക്കുന്നത് നിരീക്ഷിക്കാൻ സാധിക്കുന്നതല്ല.

*ii)* കുഴൽകിണർ സ്ഥാപിക്കുന്നത് മൂലധന ചെലവാണ്. വിത്തുല്പാദന കേന്ദ്രത്തിലേയ്ക്ക് ജലസേചനം ലക്ഷ്യമാക്കി നിർമിച്ചതിനാൽ പണി പൂർത്തീകരിച്ച്, മേൽ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്ന മുറക്ക് പ്രവൃത്തിക്ക് വേണ്ടി ചെലവായ തുക '410500101-Irrigation-Sources (wells,check dams, lift irrigation etc.)' എന്ന ആസ്തി ശീർഷകത്തിൽ ബാലൻസ്ഷീറ്റിൽ ആസ്തിയായി ഉൾപ്പെടുത്താവുന്നതായിരുന്നു. എന്നാൽ തുക ഡെപ്പോസിറ്റ് ചെയ്യ ഉടനെ ഡെപ്പോസിറ്റ് തുകയായ 3,50,000 രൂപയും '2..'ൽ തുടങ്ങുന്ന 'ചെലവ്' ശീർഷകത്തിൽ രേഖപ്പെടുത്തി. ഇത് മൂലം ജില്ലാ പഞ്ചായത്തിന്റെ ആസ്തികളുടെ കൃത്യമായ മൂല്യം ബാലൻസ്ഷീറ്റിൽ രേഖപ്പെടുത്താതെ വരുന്നു. മാത്രമല്ല മൂലധന ചെലവിനെ റവന്യൂ ചെലവായി തെറ്റായി പരിഗണിച്ചതിനാൽ 'ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ യഥാർത്ഥ പ്രവർത്തന ഫലം പ്രതിഫലിപ്പിക്കാതെയും വരുന്നു.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് )ചട്ടങ്ങൾ 2011, ചട്ടം 16(3) പ്രകാരം നിർവ്വഹണോദ്യഗസ്ഥൻ തൊട്ടടുത്ത മാസം 5-ാം തീയ്യതിക്ക മുമ്പായി തനിക്ക് കിട്ടിയ അലോട്ട്മെന്റിൽ നിന്നും ചെലവായ തുകയുടെ സ്റ്റേറ്റ്മെൻറ് സെക്രട്ടറിയ്ക്ക നൽകേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന സ്റ്റേറ്റ്മെന്റിലെ കണക്കുകളുടെ അടിസ്ഥാനത്തിൽ മാത്രം അക്കൗണ്ടിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിന് പകരം അലോട്ട്മെന്റ് നൽകുമ്പോൾ തന്നെ പഞ്ചായത്തിലെ കണക്കുകളിൽ ചെലവ് രേഖപ്പെടുത്തിവരുന്നതിനാലാണ് ഉപഖണ്ഡിക 'ബി' പ്രകാരം വ്യത്യാസങ്ങൾ വരുന്നത്.മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കേണ്ടതും ഇപ്രകാരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥയും ജില്ലാ പഞ്ചായത്തിലെ അക്കൗണ്ട്സ് വിഭാഗവും നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി-19 തീ.17/11/2017 -മറുപടി ലഭ്യമാക്കിയിട്ടില്ല)

## 3-43 ജില്ലാ വനിതാ വികസന ഓഫീസർ നടപ്പാക്കിയ പദ്ധതികൾ - "ഷീ പാഡ് " - നടത്തിപ്പിലെ ന്യൂനതകൾ - 2 കോടി അടങ്കലുള്ള പദ്ധതി - 1.99 കോടി ചെലവഴിച്ചിട്ടും നാളിതുവരെ പൂർണ്ണമായും നടപ്പാക്കിയിട്ടില്ല

പ്രോജക്റ്റ്-എസ്. - 591/17
നിർവ്വഹണം - ജില്ലാ വനിതാ വികസന ഓഫീസർ

എ) പ്രോജക്റ്റ് വിശദാംശങ്ങൾ

ജില്ലാ പഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിലും ഏതാനും സർക്കാർ സ്ഥാപനങ്ങളിലും സാനിറ്ററി നാപ്കിൻ വെൻഡിങ്ങ് മെഷീനുകളും ഇൻസിനേറ്ററുകളും സ്ഥാപിക്കൽ, വെൻഡിങ്ങ് മെഷീനുകളിലേയ്ക്ക് തുടർച്ചയായി സാനിറ്ററി നാപ്കിൻ വിതരണം ചെയ്യുന്നതിന്, ഇവയുടെ നിർമാണത്തിനും വിതരണത്തിനും 3 യൂണീറ്റുകൾ സ്ഥാപിക്കൽ എന്നിവയാണ് പദ്ധതി കൊണ്ട് വിഭാവനം ചെയ്തിരിക്കുന്നത്. 2,00,000,00 രൂപയാണ് പദ്ധതി വിഹിതമായി അടങ്കൽ നിശ്ചയിച്ചിട്ടുള്ളത്.

ബി) പ്രോജക്റ്റ് നടപ്പാക്കിയതിന്റെ വിവരങ്ങൾ

മേൽ പ്രകാരം പ്രോജക്റ്റ് നടപ്പാക്കുന്നതിന് താഴെ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങൾ നാളിതുവരെ പൂർത്തീകരിക്കുകയുണ്ടായി.

i)കേന്ദ്ര പൊതുമേഖല സ്ഥാപനമായ 'HLL life care ltd'ൽ നിന്നും സാനിറ്ററി നാപ്കിൻ, വെൻഡിങ്ങ് മെഷീൻ, ബാറ്ററി, ഇൻസിനേറ്റർ എന്നിവ നേരിട്ട് അതാത് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കി.

ii) നാപ്കിൻ നിർമാണ യൂണീറ്റിൽ പ്രവർത്തിക്കാൻ സന്നദ്ധരായ 10 വീതം അംഗങ്ങളുടെ 3 സംഘങ്ങൾ രൂപീകരിച്ച് അവർക്ക് C-sted എന്ന സ്ഥാപനത്തിൽ നാപ്കിൻ നിർമ്മാണത്തിൽ പരിശീലനം നൽകി.
iii) 3 നാപ്കിൻ നിർമാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് C-sted-ന് തുക നൽകി.
iv) 3 സംഘങ്ങൾക്കും യൂണിറ്റ് സ്ഥാപിച്ച ശേഷം ഉണ്ടായേക്കാവുന്ന ആവർത്തന ചെലവുകൾ നടത്തുന്നതിന് തുക കൈമാറി.
v) 2കോടി അടങ്കലുള്ള പദ്ധതിയ്ക്ക് 31/3/2017 വരെ 19,966,094 രൂപ ചെലവാക്കി. എന്നാൽ നാപ്കിൻ നിർമ്മാണ യൂണിറ്റുകൾ നാളിതു വരെ സ്ഥാപിച്ചിട്ടില്ല.

സി) ചെലവ് വിശദാംശങ്ങൾ

| 1 | 2 | | | 3 | 4 | 5 | | |
|---|---|---|---|---|---|---|---|---|
| ക്രമ നം. | നിർവ്വഹണോദ്യഗസ്ഥയുടെ ട്രഷറി ബിൽ വിവരങ്ങൾ | | | തുക നൽകിയത് ആർക്കാണ് എന്നത് | ഉദ്ദേശ്യം | ജില്ലാ പഞ്ചായത്ത് വൗച്ചർ വിവരങ്ങൾ | | |
| | ബിൽ നമ്പർ | തീയ്യതി | തുക | | | വൗച്ചർ നമ്പർ | തീയ്യതി | ഡെബിറ്റ് ചെയ്ത ശീർഷകം |
| 1 | 4 | 29/3/2017 | 49,14,230 | HLL life care ltd | സാനിറ്ററി നാപ്കിൻ, | 21601189 | 25/3/2017 | 251200901-Sanitation |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | വെൻഡിങ്ങ് മെഷീൻ, ബാറ്ററി, ഇൻസിനേറ്റർ എന്നിവ സപ്ലൈ ചെയ്തതിന് | | | -General |
| 2 | 6 | 31/3/2017 | 81,17,633 | “” | “” | 21601208 | 28/2/2017 | “” |
| 3 | 2 | 06/3/2017 | 61,34,231 (49,14,231 + 12,20,000) | HLL life care ltd- 49,14,231 | “” | 21601050 | 3/3/2017 | “” |
| | | | | Csted-12,20,000 | പരിശീലനം, പ്രൊഡക്ഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിന് | | | |
| 4 | 3 | 23/3/2017 | 8,00,000 | Haritha care napkin production unit, olari – 2,66,660 രൂപ | പ്രൊഡക്ഷൻ യൂണിറ്റ് നടത്തുന്നതിനുള്ള ചെലവിലേയ്ക്ക് 3 സംഘങ്ങൾക്ക് നൽകിയത് | 21601153 | 20/3/2017 | “” |
| | | | | Welcare Napkin production unit, Mundur- 2,66,660 രൂപ | | | | |
| | | | | Goodcare Napkin production unit,Chowannur- 2,66,680 രൂപ | | | | |
| 5. | | ആകെ ചെലവ് | 19,966,094 | | | | | |

ഡി) HLL Life care നൽകിയ സാധനങ്ങളുടെ ഇൻവോയ്സിന്റെ വിശദാംശങ്ങൾ

| 1 | 2 | 3 | 4 | 5 | | | |
|---|---|---|---|---|---|---|---|
| ക്രമ നം. | ബിൽ നമ്പർ | തീയ്യതി | തുക | സപ്ലൈ ചെയ്ത സാധനങ്ങളുടെ വിവരങ്ങൾ | | | |
| | | | | i | ii | iii | iv |
| | | | | സാനിറ്ററി നാപ്കിൻ | ബാറ്ററി | വെൻഡിങ്ങ് മെഷീൻ | ഇൻസിനേറ്റർ |
| 1 | 9412008035 | 29/3/2017 | 21,724,58.88 | 17500 | | 128 | |
| 2 | 9412008031 | 29/3/2017 | 36,419,48.15 | 71280 | | | 129 |
| 3 | 9412008026 | 28/3/2017 | 1,74,406.40 | | 128 | | |
| 4 | 9412008010 | 27/3/2017 | 38,97,281.62 | 71280 | | 15 | 129 |
| 5 | 9417000113 (Service) | 6/3/2017 | 25,83,360.00 | - | - | - | - |
| 6 | 9417000957 | 3/3/2017 | 28,60,242.06 | | 156 | 156 | |
| 7 | 9417000958 | 4/3/2017 | 8,42,947.56 | 84240 | | | |
| 8 | 9417000956 | 3/3/2017 | 35,425,70.46 | | | | 156 |
| 9 | 9417000128 (Service) | 29/3/2017 | 2,128,535.15 | - | - | - | - |
| 10 | ആകെ | | 21,843,750.28 | 244300 | 284 | 299 | 414 |

ഇ) മേൽ പ്രകാരം പദ്ധതി നടപ്പാക്കിയതിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ കാണുന്നു

i) 'HLL life care ltd'ൽ നിന്നും 244300 സാനിറ്ററി നാപ്കിൻ, 299 എണ്ണം വെൻഡിങ്ങ് മെഷീൻ, 284 എണ്ണം ബാറ്ററി, 414 എണ്ണം ഇൻസിനേറ്റർ എന്നിവ വിതരണം ചെയ്തതിന്റെ ഇൻവോയ്സ് ആണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ രണ്ട് ഘട്ടങ്ങളിലായി 285 എണ്ണം വെൻഡിങ്ങ് മെഷീൻ, 285 എണ്ണം ഇൻസിനേറ്റർ, എന്നിവ സ്കൂളുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ലഭ്യമാക്കിയതിന്റെ സ്റ്റോക്ക് രജിസ്റ്ററാണ് ഓഡിറ്റിന് ലഭ്യമാക്കിയത്. വാങ്ങിയ എണ്ണവും വിതരണം ചെയ്ത എണ്ണവും തമ്മിലുള്ള വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്. (ഉപഖണ്ഡിക 'ഡി'പ്രകാരമുള്ള പട്ടിക കോളം 5 കാണുക)

ii) 'HLL life care ltd 'ൽ നിന്നും മേൽ പ്രകാരം സാധനങ്ങൾ വാങ്ങിയതിന് 21,843,750.28 രൂപയുടെ ഇൻവോയ്സുകൾ ആണ് സ്ഥാപനം നൽകിയിരിക്കുന്നത്. എന്നാൽ സ്ഥാപനത്തിന് നൽകിയ തുക 1,79,46,094 രൂപയാണ്. 38,97,656.28 രൂപ സ്ഥാപനത്തിന് കുറവ് നൽകിയതായി കാണുന്നു. വ്യത്യാസത്തിന് കാരണം പരിശോധിക്കേണ്ടതുണ്ട്. (ഉപഖണ്ഡികയിലെ പട്ടിക 'സി' കോളം 3 (ക്രമ നം. 3 വരെ), പട്ടിക 'ഡി' കോളം 10)

iii) നാപ്കിൻ നിർമ്മാണ യൂണിറ്റിൽ പ്രവർത്തിക്കാൻ സന്നദ്ധരായ 30 പേർക്ക് നാപ്കിൻ നിർമ്മാണത്തിൽ പരിശീലനം നൽകുന്നതിന് 1,50,000 രൂപയും 3 നാപ്കിൻ നിർമാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് 9,00,000 (3X3,00,000) രൂപയും സർവ്വീസ് ചാർജ്ജ് ഇനത്തിൽ 1,70,000 രൂപയും ഇപ്രകാരം ആകെ 12,20,000 രൂപയും 'C-sted' എന്ന സ്ഥാപനത്തിന് നൽകി. എന്നാൽ;

* നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, 'C-sted'മായുള്ള കരാറിൽ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കേണ്ട സ്ഥലം, കെട്ടിടം, മെഷിനറികളുടെ സ്പെസിഫിക്കേഷൻ, ഇലക്ട്രിഫിക്കേഷൻ, കരാർ നടപ്പാക്കേണ്ടുന്ന കാലാവധി, എന്നിവ സംബന്ധിച്ച് നിബന്ധനകൾ പരാമർശിക്കുകയോ ചെയ്തിട്ടില്ല. മാത്രമല്ല യൂണിറ്റ് സ്ഥാപിക്കുന്നതിന് തുക കൈമാറിയ ശേഷം മെഷിനറികൾ, ഫർണിച്ചറുകൾ എന്നിവ ലഭ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്ത് നേരിട്ട് നടപടികൾ സ്വീകരിച്ചതായി കാണുന്നു. ഇത്തരം സാഹചര്യത്തിൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 'C-sted' ന്റെ പ്രസക്തി എന്താണെന്ന് വ്യക്തമല്ല.

* 'C-sted' ഇപ്രകാരം യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം ഉള്ള ഏജൻസിയാണോയെന്ന് വ്യക്തമല്ല. യൂണിറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ ചെലവ് തുക കണക്കാക്കിയതും സർവ്വീസ് ചാർജ്ജ് ഇനത്തിൽ 1,70,000 രൂപ വ്യവസ്ഥ ചെയ്തതും വ്യക്തമായ സാങ്കേതിക പഠനം നടത്താതെയാണ്.

*നാളിതുവരെ 3 യൂണിറ്റുകളും സ്ഥാപിച്ചിട്ടില്ലാത്തതാകുന്നു. യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 'C-sted' ന് 10,70,000 (സർവ്വീസ് ചാർജ്ജ് ഉൾപ്പെടെ) രൂപ നൽകിയിട്ടുള്ളതാകുന്നു. യൂണിറ്റ് സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് സാങ്കേതിക പഠനം നടത്താത്തതും, ആവശ്യമായ നിബന്ധനകൾ ഉൾപ്പെടുത്തി കരാറിലേർപ്പെടാത്തതും യൂണിറ്റ് സ്ഥാപിക്കുന്നത് വൈകുന്നതിന് കാരണമായി.

iv) നാപ്കിൻ നിർമ്മാണ യൂണിറ്റിൽ പ്രവർത്തിക്കാൻ സന്നദ്ധരായ 10 വീതം അംഗങ്ങളുടെ 3 യൂണിറ്റ് രൂപീകരിക്കുകയും അവർക്ക് 'C-sted ' എന്ന സ്ഥാപനത്തിൽ നാപ്കിൻ നിർമ്മാണത്തിൽ പരിശീലനം നൽകുകയും ചെയ്തു. ഈ ചെലവ് ജില്ലാ പഞ്ചായത്ത് വഹിച്ചു. മാത്രമല്ല 3 യൂണിറ്റുകൾക്കും ആവർത്തന ചെലവുകൾ നടത്തുന്നതിന് 8,00,000 രൂപ സംഘങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറി. (ഉപ ഖണ്ഡിക 'സി' ക്രമ നമ്പർ 4 കാണുക). എന്നാൽ;

* സംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് ബൈ-ലോ തയ്യാറാക്കിയിട്ടില്ല.

* ജില്ലാ പഞ്ചായത്ത് നൽകിയ തുക വിനിയോഗിക്കുന്നത് സംബന്ധിച്ചും, ജില്ലാ പഞ്ചായത്ത് കൈമാറുന്ന യൂണിറ്റ് പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ചും, വെൻഡിങ്ങ് മെഷീൻ സ്ഥാപിച്ച സ്ഥാപനങ്ങളിലേയ്ക്ക് സാനിറ്ററി നാപ്കിൻ തടസ്സരഹിതമായി വിതരണം ചെയ്യുന്നതിനും, വെൻഡിങ്ങ് മെഷീനിൽ നിക്ഷേപിക്കപ്പെടുന്ന പണത്തിന്റെ വിനിയോഗം, സംഘങ്ങൾ പ്രവർത്തനം നിർത്തുന്ന സംഗതികളിൽ സ്വീകരിക്കേണ്ട നടപടികൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടും സംഘങ്ങളുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

v) തുക കണക്കിൽ ഉൾപ്പെടുത്തിയതിന്റെ ന്യൂനതകൾ (നിർവ്വഹണോദ്യഗസ്ഥയും ജില്ലാ പഞ്ചായത്തിലെ അക്കൗണ്ട്സ് വിഭാഗവും സംയുക്തമായി പരിഹരിക്കേണ്ടത്) ഈപദ്ധതിയ്ക്ക് 31/3/2017 വരെ 19,966,094 രൂപ

ചെലവാക്കി. ഈ തുക മുഴുവൻ '251200901-Sanitation -General' എന്ന ചെലവ് ശീർഷകത്തിലേയ്ക്കാണ് ഡെബിറ്റ് ചെയ്തിട്ടുള്ളത്. ഇതിൽ സാനിറ്ററി നാപ്കിൻ നിർമാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് C-sted-ന് നൽകിയ 10,70,000 രൂപ (സർവ്വീസ് ചാർജ്ജ് ഉൾപ്പെടെ) ഉൾപ്പെടുന്നു. നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് മുൻകൂർ നൽകിയ തുകയായതിനാൽ ഈ തുക ചെലവ് ശീർഷകത്തിൽ ഡെബിറ്റ് ചെയ്തത് ശരിയല്ല. നിർമ്മാണ യൂണിറ്റ് ജില്ലാ പഞ്ചായത്തിന്റെ ആസ്തിയായി ഉൾപ്പെടുത്താവുന്നതിനാൽ മുൻകൂർ നൽകിയപ്പോൾ ബാലൻസ്ഷീറ്റ് 'ഷെഡ്യൂൾ B-18 loans, advance, deposit' എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടിയിരുന്നതും പദ്ധതി പൂർത്തിയാകുന്ന മുറക്ക് അതാത് ആസ്തി ശീർഷകത്തിലേയ്ക്ക് ഡെബിറ്റ് നൽകേണ്ടതുമായിരുന്നു.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് )ചട്ടങ്ങൾ 2011, ചട്ടം 16(3) പ്രകാരം നിർവ്വഹണോദ്യോഗസ്ഥൻ തൊട്ടടുത്ത മാസം 5-ാം തീയ്യതിക്കു മുമ്പായി തനിക്ക് കിട്ടിയ അലോട്ട്മെന്റിൽ നിന്നും ചെലവായ തുകയുടെ സ്റ്റേറ്റ്മെൻറ് സെക്രട്ടറിയ്ക്കു നൽകേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന സ്റ്റേറ്റ്മെന്റിലെ കണക്കുകളുടെ അടിസ്ഥാനത്തിൽ മാത്രം അക്കൗണ്ടിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിന് പകരം അലോട്ട്മെന്റ് നൽകുമ്പോൾ തന്നെ പഞ്ചായത്തിലെ കണക്കുകളിൽ ചെലവ് രേഖപ്പെടുത്തിവരുന്നതിനാലാണ് മേൽ സൂചിപ്പിച്ച വ്യത്യാസം ഉണ്ടായത്. മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കേണ്ടതും ആവർത്തിക്കാതിരിക്കുന്നതിന് നിർവ്വഹണോദ്യഗസ്ഥയും ജില്ലാ പഞ്ചായത്തിലെ അക്കൗണ്ട്സ് വിഭാഗവും നടപടി സ്വീകരിക്കേണ്ടതുമാണ്.

ഖണ്ഡിക 'ഇ(i), (ii), (iii), (v)' പ്രകാരമുള്ള പരാമർശങ്ങൾക്ക് മറുപടി നൽകേണ്ടതാണ്.

ഖണ്ഡിക 'ഇ(iv)' പ്രകാരം സൂചിപ്പിച്ചിട്ടുള്ള ന്യൂനതകൾ പരിഹരിച്ച് പദ്ധതി നടപ്പാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 52 തീ.29/11/2017 - മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 3-44 തൊഴിലുറപ്പ് പദ്ധതി- അംഗൻവാടി നിർമാണം- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- 1,74,00,000 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ്- എസ്. 829/17, ജില്ലാ പഞ്ചായത്ത് അംഗൻവാടി നിർമ്മാണം

നിർവ്വഹണം - വനിത വികസന ഓഫീസർ

ചെലവ് വിശദാംശങ്ങൾ;

| ക്രമ നം. | നിർവ്വഹണോദ്യഗസ്ഥയുടെ ബിൽ ബുക്ക് പ്രകാരമുള്ള വിവരങ്ങൾ | | | | | |
|---|---|---|---|---|---|---|
| | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക | ജില്ലാ പഞ്ചായത്ത് വൗച്ചർ നമ്പർ | തീയ്യതി | ശീർഷകം |
| 1. | 1 | 25/2/2017 | 1,50,00,000 | 21600923 | 16/2/2017 | |
| 2. | 5 | 31/3/2017 | 24,00,000 | 21601202 | 28/3/2017 | |
| 3. | | ആകെ | 1,74,00,000 | | | |

തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി അംഗൻവാടികൾ നിർമിക്കുന്നതിന് മറ്റ് ഫണ്ടുകളിൽ നിന്ന് വകയിരുത്തിയ തുകയ്ക്കു ശേഷം ബാക്കി തുക ജില്ലാ പഞ്ചായത്ത് വിഹിതം ആയി നൽകുന്നതാണ് പ്രോജക്റ്റ്. ഒരു അംഗൻവാടി നിർമ്മിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തുകയിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഫണ്ടിൽ നിന്ന് 5 ലക്ഷം, ICDS വിഹിതം 2 ലക്ഷം, വീതം അതാത് ഏജൻസികൾ ലഭ്യമാക്കുന്നു. ബാക്കി തുകയിൽ ഒരു അംഗൻവാടിക്ക് 3,00,000 രൂപ എന്ന നിരക്കിൽ 58 അംഗൻവാടികൾ നിർമ്മിക്കുന്നതിനുള്ള ജില്ലാ പഞ്ചായത്ത് വിഹിതം 1,74,00,000 രൂപ, ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. അംഗൻവാടികളുടെ നിർമാണം

പൂർത്തീകരിച്ചിട്ടില്ല. ജില്ലാ പഞ്ചായത്ത് നൽകിയ വിഹിതം ചെലവഴിക്കുകയോ, ഇതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുകയോ ചെയ്തിട്ടില്ല. ജില്ലാ പഞ്ചായത്ത് നൽകിയ വിഹിതം ചെലവഴിച്ച് ഇതിന്റെ വിനിയോഗ സാക്ഷ്യപത്രം മിഷൻ ഡയറക്ടർ ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 1,74,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-45 ദാരിദ്ര്യ നിർമാർജ്ജന യൂണിറ്റ് ഡയറക്ടർ നടപ്പാക്കിയ പദ്ധതികൾ - സംയുക്ത പ്രോജക്ടുകൾക്കുള്ള വിഹിതം - കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. 10,72,01,500 രൂപ തടസ്സപ്പെടുത്തുന്നു

ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ് ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള താഴെ ചേർത്തിരിക്കുന്ന സംയുക്ത പ്രോജക്ടുകൾക്ക് വേണ്ടി ജില്ലാ പഞ്ചായത്ത് വിഹിതം അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടെങ്കിലും ആ സ്ഥാപനങ്ങളിൽ നിന്ന് ഔദ്യോഗിക കൈപ്പറ്റ് രസീത്, തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റ് | ചെലവ് തുക | ജില്ലാ പഞ്ചായത്ത് വൗച്ചർ നമ്പർ | തീയ്യതി | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1. | എസ്. 872/17 | PMAY(G)- ജില്ലാ പഞ്ചായത്ത് വിഹിതം | 1,76,12,000 | 21600925 | 16/2/2017 | 251300101- Housing -General | വിവിധ ബ്ലോക്ക് പഞ്ചായത്തുകളിലേയ്ക്ക് സംയുക്ത പ്രോജക്റ്റ് നടപ്പാക്കുന്നതിന് നൽകി |
| 2. | എസ്. 692/17 | PMAY(SCP)- ജില്ലാ പഞ്ചായത്ത് വിഹിതം | 1,42,52,000 | 21600924 | 16/2/2017 | 251300102- Housing -SCP | “” |
| 3. | എസ്. 874/17 | IAY ഭവന പദ്ധതി-അധിക വിഹിതം (SCP) | 1,16,19,387 | 21601199 | 28/3/2017 | “” | “” |
| | | | 46,20,199 | 21601183 | 25/3/2017 | | |
| | | | 3,00,00,000 | 21601018 | 25/2/2017 | | |
| | | | 2,86,60,414 | 21601017 | 25/2/2017 | | |
| | | ആകെ | 7,49,00,000 | | | | |
| 4. | എസ്. 873/17 | IAY ഭവന പദ്ധതി - അധിക വിഹിതം (TSP) | 4,37,500 | 21600926 | 16/2/2017 | 251300103- Housing-TSP | “” |
| | | ആകെ | 10,72,01,500 | | | | |

ഇതിൽ പ്രോജക്റ്റ് എസ്. 872/17 പ്രകാരം ചെലവഴിച്ച തുകയിൽ കൊടകര ബ്ലോക്ക് പഞ്ചായത്തിന് നൽകിയ 13,16,000 രൂപക്കും, തളിക്കുളം ബ്ലോക്ക് പഞ്ചായത്തിന് നല്കിയ 13,16,000 രൂപയ്ക്കും പ്രോജക്റ്റ് എസ്.692/17ൽ കൊടകര ബ്ലോക്ക് പഞ്ചായത്തിന് നൽകിയ 10,08,000 രൂപക്കും, തളിക്കുളം ബ്ലോക്ക് പഞ്ചായത്തിന് നല്കിയ 23,24,000 രൂപയ്ക്കും ഔദ്യോഗിക കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടുണ്ട്.

എ) ബാക്കി തുകകളുടെ ഔദ്യോഗിക കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കുന്നതു വരെ ചെലവ് തുകയായ 10,72,01,500 രൂപ തടസ്സപ്പെടുത്തുന്നു.

ബി) <u>തുക കണക്കിൽ ഉൾപ്പെടുത്തിയതിന്റെ ന്യൂനതകൾ (നിർവ്വഹണോദ്യഗസ്ഥനം ജില്ലാ പഞ്ചായത്തിലെ</u>

അക്കൗണ്ട്സ് വിഭാഗവും സംയുക്തമായി പരിഹരിക്കേണ്ടത്) സംയുക്ത പ്രോജക്ടുകൾക്ക് നൽകിയ വിഹിതം അതാത് ബ്ലോക്ക് പഞ്ചായത്തുകൾ ചെലവഴിച്ചിട്ടില്ലെങ്കിലും ഈ തുക മുഴുവൻ ജില്ലാ പഞ്ചായത്തിന്റെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ Housing(general),(scp), (tsp) എന്നീ ശീർഷകങ്ങളിൽ ചെലവായി രേഖപ്പെടുത്തിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് മുമ്പ് ചെലവ് രേഖപ്പെടുത്തിയതിനാൽ വാർഷിക കണക്കുകളിൽ ഈയിനത്തിലുള്ള കൃത്യമായ ചെലവ് പ്രതിഫലിക്കുന്നു എന്ന് ഓഡിറ്റിൽ അഭിപ്രായപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി-51 തീ.27/11/2017, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 3-46 തനതു ഫണ്ട് വൗച്ചർ പരിശോധന - രേഖകൾ ഹാജരാക്കിയിട്ടില്ല - 1888660/-രൂപ തടസ്സപ്പെടുത്തുന്നു

തനതു ഫണ്ട് വൗച്ചർ പരിശോധിച്ചതിൽ താഴെപ്പറയുന്ന വൗച്ചറുകളോടൊപ്പം അനുബന്ധ രേഖകൾ ഹാജരാക്കാത്തതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ബിൽനമ്പർ/ തീയതി | വിഷയം | തുക | അപാകത |
|---|---|---|---|
| 51600696/ 29.11.16 | തൊഴിൽ നൈപുണി പരിശീലനകേന്ദ്രങ്ങളിലെ പരിശീലനത്തിനുള്ള തുക അഞ്ചു കേന്ദ്രങ്ങൾക്ക് 7000 രൂപ വീതം നല്കിയത് | 35000 രൂപ | പ്രോജക്ട് കോ-ഓർഡിനേറ്റർമാർ തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റു രസീതി ഇല്ല |
| 51600731/ 15.12.16 | പത്താംതരം തുല്യതാ ചോദ്യപേപ്പർ അച്ചടിച്ചതിന് ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർക്കു നൽകിയത് | 14380 | കൈപ്പറ്റു രസീതി ഇല്ല |
| 51600914/ 8.2.17 | തൃശ്ശൂർ ജില്ലാ സാക്ഷരതാ പ്രേരക് മാരുടെ ദ്വിദിന ക്യാമ്പ് പീച്ചിയിൽ വച്ചു നടത്തിയത് | 200000 രൂപ | ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല |
| 51600856/ 19.1.17 | ജങ്കാർ റിപ്പയറിംഗ് എസ്റ്റിമേറ്റ് എടുക്കുന്നതിനായി പോർട്ട് കൺസർവേറ്റർക്ക് തുക നല്കിയത് | 5000 | എസ്റ്റിമേറ്റ്, കൈപ്പറ്റു രസീതി എന്നിവയില്ല |
| 51600157/ 19.5.16 | എസ്.എസ്.എ. ഫണ്ടുപയോഗിച്ച് വെറ്റിലപ്പാറ ജി.എച്ച്.എസ്.എസി.ൽ 5 ക്ലാസ്സുകളുടെ നിർമ്മാണം | 716423 രൂപ | ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല |
| 51600192/ 27.5.16 | ജി.എച്ച്.എച്ച്.എസ്. ചായ്പൻകുഴിയിൽ ഇക്കോ ഫ്രണ്ട് ലി ടോയ് ലെറ്റ് നിർമ്മാണം | 379998 | ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| 51600238/ 9.6.16 | അളഗപ്പനഗർ ജി.എച്ച്.എസ്.എസി.ൽ ടോയ് ലെറ്റ് നിർമ്മാണം | 348932 രൂപ | ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല |
| 21600477/ 1.9.16 | ഐ.ആർ.ഡി.പി. വിപണന മേളയുടെ നടത്തിപ്പിനായി ജില്ലാ പ്രോജക്ട് ഓഫീസർ ദാരിദ്രലഘൂകരണ ഫണ്ടിനു നൽകിയത് | 150000 | തുക വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 51600622/ 27.10.16 | ജങ്കാറിന്റെ ഇൻഷ്വറൻസ് പുതുക്കുന്നതിനായി നൽകിയ തുക | 38927 രൂപ | കൈപ്പറ്റു രസീതി ഇല്ല |
| ആകെ | | 1888660 രൂപ | |

# 3-47 കേരളോത്സവം 2016 - അപാകതകൾ

ഫയൽ നമ്പർ - B2/6821/16

ആകെ ചെലവ് - 362716/-

കേരളോത്സവം 2016 ഡിസംബർ 16 മുതൽ 19 വരെ ഇരിങ്ങാലക്കുടയിൽ വെച്ച് നടത്തുകയുണ്ടായി. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 1.12.16ലെ 20/16 നമ്പർ തീരുമാനം അനുസരിച്ച് ജില്ലാപഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും 200000/- രൂപയും 14.12.16ലെ സംസ്ഥാന യുവജനക്ഷേമ ബോർഡ് സെക്രട്ടറിയുടെ പി1/1981 /16/ywb ഉത്തരവനുസരിച്ച് ചെക്ക് നം.0873199/14.12.16 പ്രകാരം ലഭിച്ച 200000/- രൂപയും ഉൾപ്പെടെ ആകെ 4 ലക്ഷം രൂപ ചെലവഴിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിൽ 362716/- രൂപ ജില്ലാ കേരളോത്സവത്തിനായി ചെലവഴിച്ചിട്ടുണ്ട്.

2016 നവംബർ 8 മുതൽ ആരംഭിച്ച നോട്ട് നിയന്ത്രണം മൂലം കേരളോത്സവത്തിന്റെ നടത്തിപ്പിനായി താഴെ പറയും പ്രകാരം തുക തനതു ഫണ്ട് ടി.എസ്.ബി. അക്കൗണ്ടിൽ നിന്നും പിൻവലിച്ച് അഡ്വാൻസിനത്തിൽ അനുവദിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ | തുക | കൈപ്പറ്റിയത് |
|---|---|---|
| 51600672/ 18.11.16 | 5000 | ബി2 സെക്ഷൻ- ബാബുരാജൻ.സി.കെ. |
| 51600717/ 8.12.16 | 24000 | ബാബുരാജൻ.സി.കെ |
| 51600744/ 16.12.16 | 24000 | ബാബുരാജൻ.സി.കെ |
| 51600837/ 16.1.17 | 24000 | ബാബുരാജൻ.സി.കെ |
| 51600852/ 19.1.17 | 24000 | ബാബുരാജൻ.സി.കെ |
| ആകെ | 101000 | |

മറ്റ് അക്കൗണ്ടുകളിൽ നിന്നും പിൻവലിച്ച് അഡ്വാൻസായി അനുവദിച്ചത്

| വൗച്ചർ നമ്പർ | തുക | അക്കൗണ്ട് | അക്കൗണ്ട് നമ്പർ | കൈപ്പറ്റിയത് |
|---|---|---|---|---|
| 51600755/19.12.16 | 24000 | എസ്.എസ്.എ. | 8385 | ബാബുരാജൻ.സി.കെ. |
| 51600756/19.12.16 | 24000 | സ്വാഭിമാൻ | 8125 | ബാബുരാജൻ.സി.കെ. |
| 51600757/19.12.16 | 24000 | ടോട്ടൽ സാനിറ്റേഷൻ | 9710 | ബാബുരാജൻ.സി.കെ. |
| | 72000 | | | |

ഇപ്രകാരം ആകെ 173000/- രൂപ അഡ്വാൻസിനത്തിൽ അനുവദിച്ചിട്ടുണ്ട്. മേൽ തുകയുടെ അഡ്ജസ്റ്റ്മെന്റ് ബില്ലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സംസ്ഥാന കേരളോത്സവത്തിൽ പങ്കെടുക്കുന്നതിന് ഒഫീഷ്യൽസിന് 5000/- രൂപ നൽകിയത് അഡ്ജസ്റ്റ്മെന്റ് ബില്ലുകളുടെ വൗച്ചറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രത്യേകം വൗച്ചർ നമ്പർ ചേർത്തിട്ടില്ല. എന്നാൽ സംസ്ഥാന കേരളോത്സവത്തിൽ പങ്കെടുക്കുന്നതിന് വൗച്ചർ നം.51600786/28.12.16 പ്രകാരം 20000/- രൂപ സി.കെ.ബാബുരാജന് അഡ്വാൻസിനത്തിൽ അനുവദിച്ചിട്ടുള്ളതാണ്. ആയതിനാൽ തന്നെ ജില്ലാ കേരളോത്സവത്തിന്റെ നടത്തിപ്പ് ചെലവുകളിൽ സംസ്ഥാന കേരളോത്സവത്തിന്റെ 5000/- രൂപ ഉൾപ്പെടുത്തേണ്ടതില്ല. നാളിതു വരെ അഡ്ജസ്റ്റ് ചെയ്യാത്ത 5000/- രൂപ 18% പിഴ പലിശ സഹിതം ജീവനക്കാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

2. കൈപ്പറ്റ് രസീതി ഹാജരാക്കിയിട്ടില്ല.

| സ്ഥാപനം | ഇൻവോയ്സ് നമ്പർ | തുക |
|---|---|---|
| ഗെയിംവേൾഡ്, ഇരിങ്ങാലക്കുട | 670/ 17.12.16 | 840 |
| ഗെയിംവേൾഡ്, ഇരിങ്ങാലക്കുട | 671/ 16.12.16 | 810 |
| ഗെയിംവേൾഡ്, ഇരിങ്ങാലക്കുട | 672/ 17.12.16 | 1350 |
| ഗെയിംവേൾഡ്, ഇരിങ്ങാലക്കുട | 705/ 17.12.16 | 3000 |
| വിമല സ്റ്റോർസ്, ഇരിങ്ങാലക്കുട | 477/ 15.12.16 | 1721 |
| വിമല സ്റ്റോർസ്, ഇരിങ്ങാലക്കുട | 478/ 15.12.16 | 5964 |
| | ആകെ | 13685 |

3. ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട ഡിപ്പാർട്ട്മെന്റ് ഓഫ് ബി.പി.ഇ.യ്ക്ക് conducting charges of games & sports competetions എന്ന വൗച്ചർ (വൗച്ചർ നമ്പർ, സബ് വൗച്ചർ നമ്പർ ഇല്ല) തിയതി.15.3.17 പ്രകാരം 45000/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഏതു സേവനങ്ങൾക്കാണ് തുക അനുവദിച്ചതെന്ന് വ്യക്തമല്ല. അതേ തിയതിയിൽ തന്നെ ഗ്രൗണ്ട് വാടക, മെയിന്റനൻസ് ഇനത്തിൽ 16000/- രൂപ ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട ഡിപ്പാർട്ട്മെന്റ് ഓഫ് ബി.പി.ഇ.യ്ക്ക് അനുവദിച്ചിട്ടുള്ളതാണ്. (വൗച്ചർ നമ്പർ, സബ് വൗച്ചർ നമ്പർ എന്നിവ ഇല്ല). മേൽ സ്ഥാപനവുമായി കേരളോത്സവം നടത്തിപ്പ് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള കരാറുകളിൽ

ഏർപ്പെട്ടിട്ടുണ്ടോ എന്നതിനും വ്യക്തമായ രേഖകളില്ല.

നേരിട്ട് ചെലവഴിച്ചത്

| ക്രമ നം. | വൗച്ചർ നമ്പർ | ആവശ്യകത | തുക |
|---|---|---|---|
| 1 | 51600863/ 23.1.17 | ഭക്ഷണം നൽകിയതിലേക്ക് ശ്രീ.അപ്പുക്കുട്ടൻ എമ്പ്രാന്തിരിക്ക് നൽകിയത് | 90000 |
| 2 | 51600864/ 23.1.17 | ട്രോഫി വാങ്ങിയതിന് ശ്രീ.എ.ജെ.സ്റ്റീഫൻ, ഫൈനൽ പ്ലസ് ഗുരുവായൂരിന് നൽകിയത് | 65000 |
| 3 | 51600865/ 23.1.17 | ഫ്ലക്സ്- കെ.കെ.ആഡ്സിനു നൽകിയത് | 15000/- |
| 4 | 51600866/ 23.1.17 | ജില്ലാപഞ്ചായത്ത് അംഗങ്ങൾക്ക് ഭക്ഷണം നൽകിയതിന് കൊളംബോ ഹോട്ടലിനു നൽകിയത് | 10000 |
| 5 | 51600862/ 23.1.17 | ഇൻഫോ പ്രിന്റ്സ്, എറണാകുളത്തിന് നൽകിയത് | 2500 |
| 6 | 51681338/ 9.3.17 | സന്തോഷ്, ആർച്ചറി കോച്ച് | 9716 |
| | | | 192216 |

1. ക്രമ നമ്പർ 2-ലെ ട്രോഫി വാങ്ങിയതുമായി ബന്ധപ്പെട്ട് ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല.

രേഖകൾ ഹാജരാക്കുന്നതു വരെ മേൽ അപാകതകളുമായി ബന്ധപ്പെട്ട ആകെ തുക 128685 (5000+13685+45000+65000) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-48 ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളുകളിൽ ടോയ് ലറ്റ്, യൂറിനൽ നിർമ്മാണം, കുടിവെള്ള സൗകര്യമൊരുക്കൽ - വിവരങ്ങൾ ലഭ്യമല്ല

ഹയർസെക്കണ്ടറി ഡയറക്ടറുടെ 30.5.13 ലെ ഉത്തരവ് നമ്പർ finc2/11199/13/HSE പ്രകാരം തൃശ്ശൂർ ജില്ലാപഞ്ചായത്തിനു കീഴിലുള്ള 35 ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളുകൾക്ക് ടോയ് ലറ്റ്, യൂറിനൽ എന്നിവ നിർമ്മിക്കുന്നതിനും, കുടിവെള്ള സൗകര്യമൊരുക്കുന്നതിനും ഹയർസെക്കണ്ടറി ഡയറക്ടറേറ്റിൽ നിന്നും 7080000/- രൂപ അനുവദിച്ചത് തനതു ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ പ്രവൃത്തികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പി.ടി.എ. കമ്മറ്റികളെ ഏൽപ്പിക്കുന്നതിനും പി.ടി.എ.യുമായി കരാർ വെയ്ക്കുന്നതിനും തദ്ദേശ

സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി 24/7/13-ൽ തീരുമാനിച്ചിരുന്നു.

ഓഡിറ്റ് എൻക്വയറി നം.25/27.11.17 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾക്ക് മറുപടി അറിയിക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1. ഹയർസെക്കണ്ടറി ഡയറക്ടറേറ്റിൽ നിന്നും7080000/- രൂപ ലഭിച്ചിരുന്നതിൽ നാളിതുവരെ എത്ര സ്കൂളുകൾക്ക് മൊബിലൈസേഷൻ ഇനത്തിൽ തുക അനുവദിച്ചിട്ടുണ്ട്.

2. ഫൈനൽ ബിൽ അനുവദിച്ച പ്രവൃത്തികളുടെ വിവരം

3. മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റി നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്ത സ്കൂളുകളുടെ വിവരം

2016-17 സാമ്പത്തികവർഷത്തെ വൗച്ചറുകൾ പരിശോധിച്ചതിൽ മേൽപ്പറഞ്ഞ പ്രവൃത്തികൾക്കു വേണ്ടി താഴെ പറയുന്ന സ്കൂളുകൾക്ക് തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | സ്കൂൾ | വൗച്ചർ നമ്പർ/ തിയതി | തുക | കുറിപ്പ് |
|---|---|---|---|---|
| 1 | ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ, വെറ്റിലപ്പാറ | 51601194/ 27.3.17 | 117265/- | മൊബിലൈസേഷൻ അഡ്വാൻസിനത്തിൽ 78690/- രൂപ പ്രിൻസിപ്പൽ, ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ, വെറ്റിലപ്പാറയ്ക്കും, 38575/- രൂപ ഇ.ഇ., എൽ.എസ്.ജി.ഡി. തൃശ്ശൂരിനും അനുവദിച്ചിട്ടുണ്ട് |
| 2 | ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ചായ്പൻകുഴി | 51600192/ 27.5.16 | 379998 | - |
| 3 | ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, അളഗപ്പ നഗർ | 51600238/ 09.06.16 | 348932 | ഫൈനൽ ബിൽ തുക |

മൊബിലൈസേഷൻ അഡ്വാൻസിനത്തിൽ അനുവദിച്ച തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല. 2013ൽ ലഭിച്ച ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ പ്രവൃത്തികളുടെ വിനിയോഗ വിവരം ഫയലുകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 25/ 27.11.17).

## 3-49 ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തത് -തനതു ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

2016-17 സാമ്പത്തിക വർഷത്തെ വിവിധ പ്രൊജക്ടുകൾക്കായി പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും, കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറും താഴെ പറയും പ്രകാരം ജില്ലാ പഞ്ചായത്ത് തനതു ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റ് പേര് | രസീതി നമ്പർ | തുക |
|---|---|---|---|---|
| 1 | 832/17 | കരിയംപാടം പാടശേഖരസമിതി | 116065000048/ 23.3.17 | 20000 |
| 2 | 806/17 | പഴഞ്ഞി ജോയിന്റ് ഫാമിംഗ് കോപ്പറേറ്റീവ് സൊസൈറ്റി | 116065000048/ 23.3.17 | 40000 |
| 3 | 813/17 | മുളഞ്ചേരി താഴംഗ്രൂപ്പ് ഫാമിംഗ് സമിതി | 116065000048/ 23.3.17 | 70000 |
| 4 | 814/17 | പറപ്പാടം കിഴക്കേത്തല പാടശേഖരസമിതി | 116065000048/ 23.3.17 | 50000 |
| 5 | 832/17 | പാരക്കുഴി പുഞ്ച കോൾപടവ് സംഘം | 116065000048/ 23.3.17 | 20000 |
| 6 | 717/17 | കാരാഞ്ചിറ മിനി എസ്റ്റേറ്റ് ലിഫ്റ്റ് ഇറിഗേഷൻ- കാട്ടൂർ ഗ്രാമപഞ്ചായത്ത് | 11606100173/ 22.3.17 | 30000 |
| 7 | 717/17 | കാരാഞ്ചിറ മിനി എസ്റ്റേറ്റ് ലിഫ്റ്റ് ഇറിഗേഷൻ - കാട്ടൂർ ഗ്രാമപഞ്ചായത്ത് | 11606100169/ 18.3.17 | 300000 |
| 8 | 496/17 | പാഴായി ലിഫ്റ്റ് ഇറിഗേഷൻ സ്കീം പുനരുദ്ധാരണം- നെൻമണിക്കര ഗ്രാമപഞ്ചായത്ത് | 11606100170/ 20.3.17 | 100000 |
| 9 | 562/17 | പാലത്തുപറമ്പ് ലിഫ്റ്റ് ഇറിഗേഷൻ - തൃക്കൂർ ഗ്രാമപഞ്ചായത്ത് | 11606100162/ 10.3.17 | 200000 |
| 10 | 568/17 | പാറക്കുട്ടം വെട്ടിക്കടവ് ലിഫ്റ്റ് ഇറിഗേഷൻ - മാള ഗ്രാമപഞ്ചായത്ത് | 11606100161/ 10.3.17 | 167000 |
| 11 | 509/17 | പെരുമ്പിത്തോട് പാടശേഖരം തടയണ കെട്ടൽ- കൊരട്ടി | 11606100140/ 10.3.17 | 100000 |
| 12 | 506/17 | എരവിമംഗലം പടിഞ്ഞേറേപാട ശേഖരം ചാൽ നിർമ്മാണം – | 11606500035/ 17.2.17 | 100000 |

| | | | | |
|---|---|---|---|---|
| | | നടത്തറ ഗ്രാമപഞ്ചായത്ത് | | |
| 13 | 520/17 | കടമ്പോട് ലിഫ്റ്റ് ഇറിഗേഷൻ- മറ്റത്തൂർ ഗ്രാമപഞ്ചായത്ത് | 11606100133/ 14.2.17 | 100000 |
| 14 | 474/17 | പാലിശ്ശേരി അവിണിശ്ശേരി സമാജംപടവ് പാടശേഖര വികസനം | 11606400015/ 9.2.17 | 100000 |
| 15 | 539/17 | മണപറമ്പൻ കോൾപടവ് സ്ലൂയിസ് നിർമ്മാണം - മുരിയാട് ഗ്രാമപഞ്ചായത്ത് | 11606400013/ 23.1.17 | 100000 |
| 16 | 818/17 | ജൂബിലിതേവർ പാടശേഖരം | 11606500025/ 12.1.17 | 150000 |
| 17 | 815/17 | വടക്കേകോഞ്ചിറ പാടശേഖരം | 11606500025/ 12.1.17 | 50000 |
| 18 | 812/17 | കടങ്ങോട് പാടശേഖരം | 11606500025/ 12.1.17 | 30000 |
| 19 | 780/17 | പേനകംകിഴക്ക് പുഞ്ചകോൾ പാടം | 11606500025/ 12.1.17 | 30000 |
| 20 | 779/17 | ഏലമുത പാടശേഖരം | 11606500025/ 12.1.17 | 50000 |
| 21 | 526/17 | കുന്നത്തറ ലിഫ്റ്റ് ഇറിഗേഷൻ പൂർത്തീകരണം- മുരിയാട് ഗ്രാമപഞ്ചായത്ത് | 11606400012/ 11.1.17 | 300000 |
| 22 | 731/17 | മുരിക്കോൾ പടവ് പാടശേഖരം- മുരിയാട് ഗ്രാമപഞ്ചായത്ത് | 11606400009/ 10.1.17 | 100000 |
| 23 | 707/17 | കോന്തിപുലം പാടശേഖരം- പറപ്പൂക്കര ഗ്രാമപഞ്ചായത്ത് | 11606400010/ 10.1.17 | 100000 |
| 24 | 441/17 | പറവം പാടം ജലസേചന സൗകര്യം വർദ്ധിപ്പിക്കൽ-കാറളം ഗ്രാമപഞ്ചായത്ത് | 11606400011/ 10.1.17 | 100000 |
| 25 | 555/17 | നരിക്കുണ്ട് തടയണ അറ്റകുറ്റ പണി-എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് | 11606100113/ 9.1.17 | 102100 |
| 26 | 494/17 | കൊട്ടാപ്പ് ചിറ | 11606500023/ | 150000 |

| | | | | |
|---|---|---|---|---|
| | | സംരക്ഷണം- ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് | 3.1.17 | |
| 27 | 89/16(2014-15) | ശ്രീരാമൻചിറ പാടശേഖരം | 11606500021/ 30.12.16 | 155000 |
| 28 | 833/17 | പോർക്കുളം മങ്ങാട് കൊട്ടിയാട്ട് പാടശേഖരം | 11606500021/ 30.12.16 | 50000 |
| 29 | 835/17 | തെക്കോർത്ത് കോൾ ദേവസ്വം കോൾപടവ് – പടിയൂർ ഗ്രാമപഞ്ചായത്ത് | 11606500021/ 30.12.16 | 57000 |
| 30 | 835/17 | തെക്കോർത്ത് കോൾ ദേവസ്വം കോൾപടവ് – പടിയൂർ ഗ്രാമപഞ്ചായത്ത് | 11606500021/ 30.12.16 | 63000 |
| 31 | 838/17 | തോളൂർ മേഞ്ചിറ കോൾപടവ് പാടശേഖരം | 11606500021/ 30.12.16 | 50000 |
| | | | ആകെ | 30,34,100/- |

2017-18 സാമ്പത്തികവർഷം മേൽ പ്രൊജക്ടുകൾ സ്പിൽ ഓവർ പ്രവൃത്തികളായി ഏറ്റെടുത്ത് നാളിതുവരെ തുകയൊന്നും തന്നെ ചെലവഴിക്കാത്തതായി കാണുന്നു. പ്രൊജക്ടുകൾ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം ഗുണഭോക്തൃവിഹിതം തിരികെ നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.80/5.12.17)

## 3-50 വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകകൾ നാളിതു വരെ വിനിയോഗിച്ചിട്ടില്ല

2016-17 സാമ്പത്തിക വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും വിവിധ പ്രവൃത്തികൾക്കായി ജില്ലാ പഞ്ചായത്തിന് തുക ലഭിച്ചിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ അറിയിക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം.79/5.12.17 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

| ആവശ്യകത | രസീതി നമ്പർ/ തീയതി | തുക |
|---|---|---|
| ഹയർ സെക്കണ്ടറി വിദ്യാഭ്യാസം- മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ് - എസ്.സി., എസ്.ടി. വിദ്യാർത്ഥികൾക്കുള്ള വിതരണം സംബന്ധിച്ച് (160 വിദ്യാർത്ഥികൾക്ക് 5000/- രൂപ വീതം ) | 11606400004/ 12.5.16 | 800000/- |
| സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടറുടെ ഉത്തരവ് നം. 123/പ1/RMSA | 11606500051/ 25.3.17 | 23,80,816/- |

| | | |
|---|---|---|
| തിയതി.15.3.17 - ഹൈസ്കൂളുകളുടെ മേജർ റിപ്പയറിന് അനുവദിച്ച തുക | | |
| സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടറുടെ ഉത്തരവ് നം.92/പ1/RMSA തിയതി.25.2.17 - ഹൈസ്കൂളുകളുടെ ടോയ് ലറ്റ് നിർമ്മാണത്തിന് അനുവദിച്ച തുക | 11606500052/ 25.3.17 | 3600000/- |
| സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടറുടെ ഉത്തരവ് നം.92/പ1/RMSA തിയതി.25.2.17 - ഹൈസ്കൂളുകളുടെ കുടിവെള്ള സൗകര്യത്തിന് അനുവദിച്ച തുക | 11606500053/ 25.3.17 | 550000/- |

മേൽ തുകകൾ വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-51 ഫെസ്റ്റിവൽ അഡ്വാൻസ് 2016- നാളിതുവരെ തിരികെ അടവാക്കിയില്ല

2016-17 സാമ്പത്തിക വർഷത്തെ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ വൗച്ചർ നം.51600492/7.9.16 പ്രകാരം 2,40000/- രൂപയും, വൗച്ചർ നം.51600493/7.9.16 പ്രകാരം 5000/- രൂപയും ഉൾപ്പെടെ 2,45000/- രൂപ ജീവനക്കാർക്ക് അനുവദിച്ചിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്ററിൽ അഡ്വാൻസ് അനുവദിച്ച ജീവനക്കാരുടെ പേരു വിവരം രേഖപ്പെടുത്തിയിട്ടില്ല. 2016-17 വാർഷികകണക്ക്, 2016-17 അഡ്വാൻസ് രജിസ്റ്റർ എന്നിവ പ്രകാരം 6000/- രൂപ അഡ്വാൻസ് ബാക്കിയുള്ളതായി കാണിച്ചിട്ടുണ്ട്. എന്നാൽ ഏതു ജീവനക്കാരാണ് അഡ്വാൻസ് തിരികെ അടവാക്കാത്തത് എന്നതിന് മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നം.59/30.11.17). അഡ്വാൻസ് തുക കൈപ്പറ്റിയ ജൂനിയർ സൂപ്രണ്ട് ശ്രീമതി.പദ്മാവതി.ഒ.പി. 29/12/16ലും, സീനിയർ ക്ലർക്കുമാരായ വിമലാദേവി.ടി, റീന.പി.ജി, എന്നിവർ 24/11/16ലും ജ്യോതി.ടി.ജോർജ്, സുദർശകുമാർ എന്നിവർ 2/12/16-ലും ജില്ലാപഞ്ചായത്തിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളതാണ്. മേൽ പറഞ്ഞ സാഹചര്യത്തിൽ മുഴുവൻ അഡ്വാൻസ് തുകയും തിരികെ അടവാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

## 3-52 ഗുണഭോക്താക്കൾ തിരിച്ചടച്ച തുക - ട്രഷറിയിൽ തിരികെ അടവാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല

2016-17 സാമ്പത്തിക വർഷം താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിനായി അനുവദിച്ച തുകകൾ തിരികെ അടവാക്കിയിട്ടുണ്ട്. ആയത് ജില്ലാപഞ്ചായത്ത് തനതു ഫണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. മേൽ പ്രൊജക്ടുകൾക്ക് ചെലവഴിച്ച തുക പ്ലാൻ ഫണ്ടിൽ നിന്നാണ ചെലവഴിച്ചതെങ്കിൽ ആയത് ട്രഷറിയിൽ തിരിച്ചടച്ചതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (നമ്പർ78/5.12.17). വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്, മേൽവിലാസം | രസീത് നമ്പർ | തുക | വിഷയം |
|---|---|---|---|
| സുനിൽ, പാണൻ ഹൗസ്, പഴഞ്ഞി | 11606100049/ 11.8.16 | 19950 | ഭവന നിർമ്മാണത്തിനായി 2007-08ൽ അനുവദിച്ച തുക |
| ബിന്ദു w/o രതീഷ്, കൈപ്പള്ളി | 11606100060/ 29.8.16 | 194300 | 2008ലെ ഭൂരഹിത ഭവനരഹിത പദ്ധതിയ്ക്ക് അനുവദിച്ച തുക |

| ഹൗസ് | | | തിരിച്ചടവ് |
|---|---|---|---|
| പ്രസാദ്, തറയിൽ ഹൗസ്, പുന്നയൂർ | 11606100155/ 6.3.17 | 18400 | 2010ൽ ഭൂരഹിത ഭവനരഹിത പുനരധിവാസത്തിന് അനുവദിച്ച തുക തിരിച്ചടവ് |
| | | 232650 | |

തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-53 പരിയാരം GIFD യുടെ വാടക - ഫയൽ ഹാജരാക്കിയില്ല

2016-17 സാമ്പത്തിക വർഷം വൗച്ചർ നം.51600261/16.6.16 പ്രകാരം മാള ഗവൺമെന്റ് കമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പരിയാരം ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിങ്ങ് എന്ന സ്ഥാപനത്തിന്റെ 1.10.15 മുതൽ 31.5.16 വരെയുള്ള വാടകയിനത്തിൽ പ്രതിമാസം 12037/- രൂപ നിരക്കിൽ 96296/- രൂപ സൂപ്രണ്ട്, ജി.സി.ഐ. മാളയ്ക്ക് തനതു ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. (ചെക്ക് നം.2024816/16.6.16). എന്നാൽ കെട്ടിട ഉടമയുടെ കൈപ്പറ്റ് രസീതി, കെട്ടിടം വാടകയ്ക്ക് നൽകിയത് സംബന്ധിച്ച ഫയൽ എന്നിവ ഹാജരാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നം.44/29.11.17) കൈപ്പറ്റ് രസീതി ഹാജരാക്കുന്നതു വരെ ചെലവുതുക 96296/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-54 വികസന സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനങ്ങൾ - തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല

2016-17 സാമ്പത്തിക വർഷത്തെ വികസന സ്റ്റാൻഡിങ്ങ് കമ്മറ്റി ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ വിവിധ തീയതികളിലെ യോഗങ്ങളിൽ എടുത്തിട്ടുണ്ട്. എന്നാൽ തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 66/1.12.17ന് മറുപടി ലഭ്യമാക്കിയില്ല.

| തീരുമാനം/ തീയതി | വിഷയം | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|
| 3(13)/3.3.17 | 2016-17ൽ എടത്തിരുത്തി സീഡ് ഫാമിൽ വിത്തിനായി കൃഷിയിറക്കിയ ജ്യോതിയിനം നെൽകൃഷിയിലൂടെ ലഭ്യമായ നെല്ല് വിത്തിനായി ഉപയോഗിക്കാനുള്ള ഗുണമേൻമയില്ലെന്നും ലഭിച്ച നെല്ല് ലേലം നടത്തി വിൽക്കുന്നതിന് അനുമതി നൽകണമെന്നുമുള്ള സീനിയർ കൃഷി ഓഫീസറുടെ 27/2/17ലെ ES18/2016-17 കത്തിന് അനുമതി നൽകി തീരുമാനിച്ചു | നെൽവിത്ത് ലേലം ചെയ്ത് വിൽപന നടത്തിയതിന്റെ വിശദാംശം, തുക ജില്ലാ പഞ്ചായത്തിൽ അടവാക്കിയതിന്റെ വിശദാംശങ്ങൾ |

| | | |
|---|---|---|
| 3(14)/ 3.3.17 | കോടശ്ശേരി സീഡ് ഫാമിലെ 28/2/17ലെ SFK18/16-17 നം.കത്ത്- 1350 കി.ഗ്രാം നെൽവിത്ത് ലേലം ചെയ്ത് വിൽപന നടത്തുന്നതിന് അനുമതി നൽകി തീരുമാനിച്ച | നെൽവിത്ത് ലേലം ചെയ്ത് വിൽപ്പന നടത്തിയതിന്റെ വിശദാംശം, തുക ജില്ലാ പഞ്ചായത്തിൽ അടവാക്കിയതിന്റെ വിശദാംശങ്ങൾ |

ജില്ലാ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച മേൽപ്പറഞ്ഞ സ്റ്റാൻഡിങ്ങ് കമ്മറ്റി തീരുമാനങ്ങളിൽ തുടർ നടപടികൾ സ്വീകരിച്ച് ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-55 ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി തീരുമാനങ്ങൾ - തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല

2016-17 സാമ്പത്തിക വർഷത്തെ ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റി ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ വിവിധ തീയതികളിലെ യോഗങ്ങളിൽ എടുത്തിട്ടുണ്ട്. എന്നാൽ തുടർനടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം.64/1.12.17-ന് മറുപടി ലഭ്യമാക്കിയില്ല.

| തീരുമാനം/ തിയതി | വിഷയം | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|
| 10/4.10.16 | 2009ൽ ജില്ലാപഞ്ചായത്തിൽ നിന്നും ഭവന നിർമ്മാണത്തിനായി ലഭിച്ച 40000/- രൂപയും പലിശയും തിരിച്ചടച്ച് ബാധ്യതാരഹിത സാക്ഷ്യപത്രം ലഭിക്കുന്നത് സംബന്ധിച്ച് പുളിക്കൽ വീട്ടിൽ പ്രിയരാജൻ സമർപ്പിച്ച അപേക്ഷ (വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്) | തുക തിരിച്ചടവാക്കിയതിന്റെ വിശദാംശം |
| 14/4.10.16 | ജില്ലാ പഞ്ചായത്തിന്റെ 2014-15 പദ്ധതിയായ അംഗപരിമിതർക്ക് മുച്ചക്രവാഹനം എന്ന പദ്ധതിയിൽ താന്ന്യം ഗ്രാമപഞ്ചായത്തിലെ ശ്രീ.കൊല്ലയിൽ കുഞ്ഞയ്യപ്പൻ മകൻ വേലായുധൻ എന്നയാൾക്ക് നൽകിയവാഹനം 29/9/16-ന് ജില്ലാ പഞ്ചായത്തിന് തിരികെ ഏൽപ്പിച്ചു. തുടർ നടപടികൾക്കായി സർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭിക്കുന്നതിന് ജില്ലാ പഞ്ചായത്ത് ജനറൽ കമ്മറ്റിയിലേക്ക് ശുപാർശ ചെയ്തു | സർക്കാറിൽ നിന്നും സ്പഷ്ടീകരണം ലഭ്യമായതിന്റെ വിവരം, നിലവിൽ ഈ വാഹനം സൂക്ഷിച്ചിരിക്കുന്നത് എവിടെയാണ് |

| | | |
|---|---|---|
| 1/2.11.16 | ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് തിരിയാടത്ത് സജിതക്ക് 2008 വർഷത്തിൽ ഭൂമി വാങ്ങുന്നതിന് ധനസഹായമായി അനുവദിച്ച 45000/- രൂപ പലിശയില്ലാതെ തിരിച്ചടക്കുന്നതിനുള്ള അനുമതി നൽകുന്നതിന് സർക്കാറിനോട് അപേക്ഷിക്കുന്നതിന് ജില്ലാപഞ്ചായത്ത് കമ്മറ്റിയോട് ശുപാർശ ചെയ്യു തീരുമാനിച്ചു | പലിശയില്ലാതെ തുക തിരിച്ചടക്കുന്നതിന് സർക്കാറിൽ നിന്നും ലഭിച്ച അനുമതി, തുക തിരിച്ചടവാക്കിയതിന്റെ വിശദാംശം |
| 13/ 6.3.17 | അമ്മിണി അരിച്ചാമി, കുന്നപ്പിള്ളി വീട് തൃക്കൂർ-2005 സാമ്പത്തിക വർഷം ഭവന പദ്ധതിയിൽ അനുവദിച്ച 100000/- രൂപയിൽ കൈപ്പറ്റിയ 60000/- രൂപ പലിശ സഹിതം തിരിച്ചടവാക്കുന്നതിനുള്ള അനുമതി നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു | തുക തിരികെ അടവാക്കിയതിന്റെ വിശദാംശങ്ങൾ |

ജില്ലാ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച മേൽപ്പറഞ്ഞ സ്റ്റാൻഡിങ്ങ് കമ്മറ്റി തീരുമാനങ്ങളിൽ തുടർ നടപടികൾ സ്വീകരിച്ച് ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## **3-56** ആരോഗ്യ വിദ്യാഭ്യാസ കമ്മറ്റി തീരുമാനങ്ങൾ - തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല

2016-17 സാമ്പത്തിക വർഷത്തെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ്ങ് കമ്മറ്റി ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ വിവിധ തീയതികളിലെ യോഗങ്ങളിൽ എടുത്തിട്ടുണ്ട്. എന്നാൽ തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം.67/1.12.17-ന് മറുപടി ലഭ്യമാക്കിയില്ല.

| തീരുമാനം/ തിയതി | വിഷയം | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|

| | | |
|---|---|---|
| 6/ 6.3.17 | ഫൈനൽപ്ലസ് മില്ലുംപടി, ഗുരുവായൂർ എന്ന സ്ഥാപനത്തിന്റെ മാനേജിങ്ങ് ഡയറക്ടറുടെ 2/3/17-ലെ കത്തുകൾ – വിദ്യാഭ്യാസ ആദരം 2016 എന്ന പരിപാടിക്ക് ട്രോഫി നൽകിയ വകയിൽ 398065/- രൂപയും, 2014-ൽ ആമ്പല്ലൂരിൽവെച്ച് നടന്ന ജില്ലാ കേരളോത്സവത്തിന് ട്രോഫി നൽകിയ വകയിൽ 105105/- രൂപയും 2013-ൽ വടക്കാഞ്ചേരിയിൽ വെച്ച് നടന്ന കേരളോത്സവത്തിന് ട്രോഫി നൽകിയ വകയിൽ 28300/- രൂപയും ഇതുവരെ ലഭിച്ചിട്ടില്ലെന്നും, അടിയന്തിരമായി അനുവദിക്കണമെന്നും ആവശ്യം- നിയമാനുസൃതം പരിശോധിച്ച് തുകകൾ നൽകാൻ തീരുമാനിച്ചു. | പരിപാടികളുമായി ബന്ധപ്പെട്ട ചെലവുരേഖകൾ പരിശോധിച്ച് തുക അനുവദിച്ചതിന്റെ വിവരം. |
| 27/ 7.5.16 | ജില്ലാ പഞ്ചായത്തിനു കീഴിലുള്ള സ്കൂളുകൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്യുപ്പോൾ നെഗോസിയേഷൻ പ്രകാരം ലഭിച്ച 25 ലാപ് ടോപ്പുകൾ നിർവ്വഹണ ഉദ്യോഗസ്ഥനായ വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽ സൂക്ഷിച്ചു വെച്ചിരിക്കുന്നത് സംബന്ധിച്ച്. ആർക്കൊക്കെ, എന്തടിസ്ഥാനത്തിലാണ് വിതരണം ചെയ്യുന്നത് എന്നറിയിക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടറോട് നിർദേശിച്ച് തീരുമാനിച്ചു | ലാപ് ടോപ്പുകൾ ആർക്കൊക്കെ, എന്തടിസ്ഥാനത്തിൽ വിതരണം ചെയ്തു എന്നതിന്റെ വിവരം |
| 11/ 8.7.16 | വാടാനപ്പള്ളി ജി.എച്ച്.എസ് ലെ അപകടാവസ്ഥയിലുള്ള സ്കൂൾ കെട്ടിടം ലേലം ചെയത് വിൽക്കുന്നതിന് അനുമതി. വാല്വേഷൻ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഇ.ഇ.യെ ചുമതലപ്പെടുത്തി | വാല്വേഷൻ റിപ്പോർട്ട്, ലേല നടപടികൾ, ഫയൽ |
| 13/ 8.7.16 | ജില്ലാ പഞ്ചായത്ത് സ്കൂളുകളുടെ കെട്ടിടം പൊളിച്ചുമാറ്റുന്നതിനായുള്ള | ലേല നടപടികളുടെ ഫയൽ |

| | | |
|---|---|---|
| | വാല്യേഷൻ റിപ്പോർട്ട് ഇ.ഇ. സമർപ്പിച്ചത് അംഗീകരിച്ചു.<br>കട്ടിലപൂവം ജി.എച്ച്.എസ്.എസ്.-101610<br>ചാമക്കാല ജി.എം.എസ്.എസ്-4567<br>ഐരാണിക്കുളം ജി.എച്ച്.എസ്.എസ്-151602<br>കൊടകര ജി.എൻ.ബി.എച്ച്.എസ്-104134/-<br>ചേർപ്പ് ജി.എച്ച്.എസ്.എസ്-36355<br>ശാന്തി പുരം MARMGVHSS-84925<br>പുത്തൂർ ജി.എച്ച്.എസ്-237185/- | |

ജില്ലാ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച മേൽപ്പറഞ്ഞ സ്റ്റാൻഡിങ്ങ് കമ്മറ്റി തീരുമാനങ്ങളിൽ തുടർ നടപടികൾ സ്വീകരിച്ച് ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-57 ജനറൽ കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കിയതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

1. കോടശ്ശേരി ഫാമിലെ വിരിപ്പ് നെൽകൃഷിക്ക് നാശം സംഭവിച്ചത്

മരുന്ന് തളിയിൽ വന്ന അപാകതകൾ മൂലമാണെന്ന് 7/10/16-ലെ 4ാം നമ്പർ അജണ്ടയിന്മേൽ നടന്ന ചർച്ചയിൽ കാണുന്നു. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനക്കായി ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നം.30/27-11-17)

2. ഒല്ലൂർ ഹാച്ചറിയുടെ വാടകക്കരാറിന്റെ കാലാവധി 1/11/12-ൽ അവസാനിച്ചതായും, തുടർന്ന് വാടകയൊന്നും അടവാക്കുന്നില്ലെന്നും, ഇതുമായി ബന്ധപ്പെട്ട് വാടകക്കാരായ കാട വളർത്തൽ സൊസൈറ്റി നല്കിയ കേസിൽ നിയമോപദേശം തേടാനും തീരുമാനിച്ചിരുന്നു.(26/10/16 ലെ തീരുമാനം നം.2). ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനക്കായി ലഭ്യമാക്കിയില്ല.

3. ജില്ലാ പഞ്ചായത്ത് ജില്ലാ മണ്ണ് സംരക്ഷണ ഓഫീസിലേക്ക് വാങ്ങി നല്കിയ GIS ഉപകരണം പ്രസ്തുത ഓഫീസിൽനിന്ന് തിരികെ ആവശ്യപ്പെടുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. (11/1/17 ലെ തീരുമാനം നം.10). ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനക്കായി ലഭ്യമാക്കിയില്ല.

മേൽ വിഷയങ്ങളിൽ സ്വീകരിച്ച തുടർനടപടികൾ ബന്ധപ്പെട്ട ഫയൽ സഹിതം അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിൻെറ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 2016-17 | 7536000 | എ.ബി.സി. പ്രോഗ്രാം | 7536000/- രൂപ ജില്ലാ പഞ്ചായത്ത് നിർവ്വഹണോദ്യോഗസ്ഥന് കൈമാറി – 30.03.17-ന് 69,61,000/- 31.03.17- 5,75,000/- | ഡെപ്യൂട്ടി ഡയറക്ടർ (മൃഗ സംരക്ഷണം)-ടെ പേരിലുള്ള ടി.എസ്.ബി. അക്കൗണ്ടിൽ 18.09.17-ന് 5483593/- രൂപ ചെലവഴിക്കാൻ ബാക്കിയുണ്ട്. |

## 4-2 ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. ആയതിന്റ വിനിയോഗവിവരം ലഭിച്ചിട്ടില്ല. എന്നാൽ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18ൽ ഈ തുകകൾ നീക്കിയിരിപ്പായി കാണിച്ചിട്ടില്ല.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA PH Division, ഇരിങ്ങാലക്കട | പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് വിവിധ വാർഡുകളിലെ എസ്.സി. കുടുംബങ്ങളിലേക്കുള്ള പൈപ്പ് ലൈൻ നീട്ടൽ | ട്രഷറി ബിൽ നം.51/16-17/ 22.2.17 | 16,00,000 | വിനിയോഗ വിവരം ലഭ്യമല്ല | 16,00,000 |
| PWD EE (electrical) | പാണഞ്ചേരി വിത്തുല്പാദന കേന്ദ്രം പുതിയ കെട്ടിടത്തിന്റെ വൈദ്യുതീകരണം | 21600990/ 22.2.17 | 2,25,000 | വിനിയോഗ വിവരം ലഭ്യമല്ല | 2,25,000 |
| KSEB, കാട്ടൂർ സെക്ഷൻ | കാട്ടൂർ പഞ്ചായത്തിലെ കാരാഞ്ചിറ മിനി എസ്റ്റേറ്റ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി | ട്രഷറി ബിൽ നം. 83/ 31-3-17 | Rs.500000/- | വിനിയോഗ വിവരം ലഭ്യമല്ല | Rs.500000/- |
| ഭൂഗർഭ ജല വകുപ്പ്, ജില്ലാ ഓഫീസർ, തൃശ്ശൂർ | പഴയന്നൂർ വിത്തുല്പാദന കേന്ദ്രം കുഴൽകിണർ സ്ഥാപിക്കൽ | 21601327/ 31.3.17 | 3,50,000 | വിനിയോഗ വിവരം ലഭ്യമല്ല | 3,50,000 |

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി., വടക്കാഞ്ചേരി | ജില്ലാ ആശുപത്രി, വടക്കാഞ്ചേരി ജെറിയാട്രിക് കെട്ടിടത്തിന്റെ ഡയാലിസിസ് യൂണിറ്റിന് വൈദ്യുതി കണക്ഷൻ | ട്രഷറി ബിൽ നമ്പർ 1/16-17/ 23.11.16 | 3,32,000 | വിനിയോഗ വിവരം ലഭ്യമല്ല | 3,32,000 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത്

ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ടോയ് ലറ്റ്, യൂറിനൽ നിർമ്മാണം, കുടിവെള്ള സൗകര്യമൊരുക്കൽ എന്നിവക്കായി ഗവൺമെന്റ് ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ നിന്നും ലഭിച്ച തുകയിൽ നിന്നും വൗച്ചർ നമ്പർ 51601194/ 27.03.17 പ്രകാരം 117265/- രൂപ സ്കൂളുകൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്തിൽ നിന്നും മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ലെന്നാണ് അറിയിച്ചിട്ടുള്ളത്. ടി ഇനത്തിലുള്ള യഥാർത്ഥ ചെലവിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

# 4-4 വായ്പ/വായ്പ തിരിച്ചടവ്

2016-17 വർഷത്തെ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-5 പ്രകാരം HUDCO ലോൺ ഇനത്തിൽ 1,91,530/- രൂപ കുടിശ്ശിക കാണുന്നുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്ത് ലഭ്യമാക്കിയ വിവരമനുസരിച്ച് ലോണിനത്തിൽ സ്ഥാപനത്തിന് കുടിശ്ശിക ഇല്ല. വാർഷിക കണക്ക് പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

# 4-5 സ്ഥിര നിക്ഷേപം

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം, ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രശീതി നമ്പർ, തിയതി |
|---|---|---|---|---|
| C&AG Audit report | | 1320/- | K.R.Mohanan(Late) | 1160640005/ 11.8.16 |

# 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 55,26,41,391 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 52,26,71,731 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 7,77,945 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 18,42,14,782 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

നഷ്ടമായ തുക

| ഖണ്ഡിക നമ്പർ | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|---|
| 3-6 | | 3,90,687 | ശ്രീമതി.സതി.ടി.ഐ., എക്സിക്യൂട്ടീവ് എഞ്ചിനീയർ, ശ്രീ.പി.ടി.ബാബു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മാള ബ്ലോക്ക്, ശ്രീ.ഫ്രാൻസിസ് വർഗ്ഗീസ്, അസിസ്റ്റന്റ് എഞ്ചിനീയർ, ആളൂർ ഗ്രാമപഞ്ചായത്ത് |
| 3-7 | | 3,87,258 | ശ്രീമതി.ഐഡ ഫ്രാൻസിസ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | | 7,77,945 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 11,42,630 | ശ്രീമതി.ഐഡ ഫ്രാൻസിസ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-10 | 3,99,690 | ,, |
| 3-14 | 16,00,000 | ,, |
| 3-19 | 33,90,000 | ശ്രീ.സുബൈദ.കെ.എം. അസിസ്റ്റന്റ് പ്രൊജക്റ്റ് ഓഫീസർ, ജില്ലാ കോ-ഓർഡിനേറ്റർ, ശുചിത്വ മിഷൻ |
| 3-21(a) | 7,60,000 | ശ്രീമതി.സുമതി.കെ, ഡെപ്യൂട്ടിഡയറക്ടർ, വിദ്യാഭ്യാസം |
| 3-21(b) | 36,999 | ,, |
| 3-21(c) | 4,31,550 | ,, |
| 3-21(d) | 1,20,000 | ,, |
| 3-22 | 16,50,000 | ശ്രീമതി.സുമതി.കെ., ഡി.ഡി., വിദ്യാഭ്യാസം |
| 3-23 (2 a) | 1,97,202 | ശ്രീ.എം.എസ്.സാബു, ശ്രീ.ശ്യാം കൃഷ്ണൻ.ആർ, (ഇൻ ചാർജ്) ശ്രീ.സുമേഷ് കുമാർ.ടി., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് |

| | | |
|---|---|---|
| | | എഞ്ചിനീയർ, കൃഷി |
| 3-24 | 97,19,311 | ശ്രീ.വിജയൻ.പി.എൻ., ഡെപ്യൂട്ടി ഡയറക്ടർ, കൃഷി((wm) |
| 3-27 | 2,75,00,000 | ശ്രീ.അച്യുതൻ നായർ.സി.എൻ, സെക്രട്ടറി |
| 3-30 | 50,00,000 | ,, |
| 3-31 | 39,89,955 | ,, |
| 3-32 | 70,000 | ,, |
| 3-33 | 5,39,801 | ശ്രീ.ടോമി ചാക്കോ, ജില്ലാ പട്ടികജാതി വികസന ഓഫീസർ |
| 3-34 | 3760 | ശ്രീ.ലോഹിതാക്ഷൻ.ടി.ടി., മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം |
| 3-37 | 4,20,000 | ഡോ.ആഷ.പി.കെ., സൂപ്രണ്ട്, ജില്ലാ ആശുപത്രി, വടക്കാഞ്ചേരി |
| 3-38 | 1,29,072 | ,, |
| 3-39 | 3,32,000 | ,, |
| 3-40 | 67,671 | ,, |
| 3-44 | 1,74,00,000 | ശ്രീമതി. മിനി. എം., വനിത വികസന ഓഫീസർ |
| 3-45 | 10,72,01,500 | ശ്രീ.തിലകൻ.കെ.ജി, ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ് ഡയറക്ടർ |
| 3-46 | 18,88,660 | 16,34,280/- ശ്രീ.സുധരൂപൻ,എൻ.എസ്, സെക്രട്ടറി 254380/- ശ്രീ.അച്യുതൻ നായർ.സി.എൻ., സെക്രട്ടറി |
| 3-47 | 1,28,685 | 5000/- ശ്രീ.സുധരൂപൻ,എൻ.എസ്., സെക്രട്ടറി 123685/- ശ്രീ.അച്യുതൻ നായർ.സി.എൻ., സെക്രട്ടറി |
| 3-53 | 96,296 | ശ്രീ.സുധരൂപൻ.എൻ.എസ്., സെക്രട്ടറി |
| ആകെ | 18,42,14,782 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-23 (2)b, d, e | IT | ശ്രീ.സുമേഷ് കുമാർ.ടി.,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി.ഐഡ ഫ്രാൻസിസ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ | PIU, പാലക്കാട്, എക്സിക്യൂട്ടീവ് എഞ്ചിനീയർ | ഹരിത, സൂര്യ ഗാർഡൻ, വെട്ടിക്കൽ, മണ്ണുത്തി |
| 2 | ശ്രീ.പി.ടി.ബാബു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മാള ബ്ലോക്ക് പഞ്ചായത്ത് | റിട്ടയേർഡ് | മേൽവിലാസം ലഭ്യമല്ല |
| 3 | ശ്രീ.ഫ്രാൻസിസ് വർഗ്ഗീസ്, അസിസ്റ്റന്റ് എഞ്ചിനീയർ, ആളൂർ ഗ്രാമപഞ്ചായത്ത് | എ.ഇ., മേലൂർ ഗ്രാമപഞ്ചായത്ത് | ചാമവളപ്പിൽ ഹൗസ്, ചാലംപാടം, ഇരിങ്ങാലക്കുട – 680121 |
| 4 | ശ്രീമതി.സതി.ടി.ഐ., എക്സിക്യൂട്ടീവ് എഞ്ചിനീയർ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ആലുവ മുനിസിപ്പാലിറ്റി | ശിവശക്തി, കണിയാൻകുന്ന്, യു.സി.കോളേജ്(പി.ഒ.), ആലുവ |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-1996<br>1996-1997 | എൽ.എഫ്.ടി.5-349/1999<br>തിയ്യതി. 09.04.1999 |
| 1997-1998<br>ചെലവ് | എൽ.എഫ്.ടി.5- 1489/2002<br>തിയ്യതി. 04.12.2002 |
| 1998-1999<br>ചെലവ് | എൽ.എഫ്.ടി.5-1087/2003<br>തിയ്യതി. 10.03.2004 |
| 1998-1999<br>വരവ് | എൽ.എഫ്.ടി.21-46/2009<br>തിയ്യതി. 15.09.2010 |

| | |
|---|---|
| 1999-2000<br>ചെലവ് | എൽ.എഫ്.ടി.21-2226/2006<br>തിയ്യതി. 05.05.2007/ 02.08.2007 |
| 1999-2000<br>വരവ് | എൽ.എഫ്.ടി.21-47/2009<br>തിയ്യതി. 15.09.2010/05.10.2010 |
| 2000-2001<br>ചെലവ് | എൽ.എഫ്.ടി.21-733/2007<br>തിയ്യതി.11.01.2008/ 14.03.2008 |
| 2001-2002<br>ചെലവ് | എൽ.എഫ്.ടി.21-1839/2007<br>തിയ്യതി.26.12.2009/ 06.02.2010 |
| 2002-2003<br>ചെലവ് | എൽ.എഫ്.ടി.21-2575/2007<br>തിയ്യതി.26.12.2009/ 06.02.2010 |
| 2003-2004<br>ചെലവ് | എൽ.എഫ്.ടി.21-864/2008<br>തിയ്യതി. 31.08.2009/ 06.02.2010 |
| 2004-2005<br>ചെലവ് | എൽ.എഫ്.ടി.21-779/2008<br>തിയ്യതി. 11.08.2010/ 12.10.2010 |
| 2005-2006<br>ചെലവ് | എൽ.എഫ്.ടി.21-817/2008<br>തിയ്യതി.07.08.2010/ 12.10.2010 |
| 2006-2007<br>ചെലവ് | എൽ.എഫ്.ടി.21-2560/2008<br>തിയ്യതി.02.09.2010/ 24.11.2010 |
| 2000-2001<br>വരവ് | എൽ.എഫ്.ടി.(ഡി.പി.)112/2011<br>തിയ്യതി.08.02.2011 |
| 2001-2002<br>വരവ് | എൽ.എഫ്.ടി.(ഡി.പി)111/2011<br>തിയ്യതി.08.02.2011 |
| 2002-2003<br>വരവ് | എൽ.എഫ്.ടി.(ഡി.പി)359/2011<br>തിയ്യതി.17.06.2011 |
| 2003-2004<br>വരവ് | എൽ.എഫ്.ടി.(ഡി.പി)360/2011<br>തിയ്യതി.17.06.2011 |
| 2004-2005<br>വരവ് | എൽ.എഫ്.ടി(ഡി.പി)1908/2011<br>തിയ്യതി.09.07.2011 |
| 2005-2006<br>വരവ് | എൽ.എഫ്.ടി(ഡി.പി.)1109/2012<br>തിയ്യതി.25.07.2012 |
| 2006-2007<br>വരവ് | എൽ.എഫ്.ടി.(ഡി.പി) 1164/2012<br>തിയ്യതി. 25.07.2012 |
| 2007-2008<br>വരവ് | എൽ.എഫ്.ടി(ഡി.പി)1165/2012<br>തിയ്യതി.25.07.2012 |

| | |
|---|---|
| 2008-2009<br>വരവ് | എൽ.എഫ്.ടി.(ഡി.പി)6/2011<br>തിയ്യതി.23.11.2012 |
| 2009-2010<br>വരവ് ചെലവ് | എൽ.എഫ്.ടി.(ഡി.പി)780/12<br>തിയ്യതി.04.05.13/02.08.13 |
| 2010-2011<br>വരവു ചെലവ് | എൽ.എഫ്.ടി.(ഡി.പി)1894/2012<br>തിയ്യതി.04.01.2014 |
| 2011-2012 | എൽ.എഫ്.ടി.(ഡി.പി) 984/13<br>തിയ്യതി.2.4.14/17.5.14 |
| 2012-13 | എൽ.എഫ്.ടി.(ഡി.പി)1118/14<br>തിയ്യതി.02/05/15/ |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.(ഡി.പി)1281/15<br>തിയ്യതി 16.11.15/4.01.2016 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(ഡി.പി) 235/16,<br>തിയ്യതി 18.5.2016/17.8.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(ഡി.പി) 755/17,<br>തിയ്യതി 17.07.2017/17.08.17 |

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,
തൃശ്ശൂർ.